Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ജൂൺ 13—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ഇടവം 31 | ലക്കം 42

## "ആധുനികലോകത്തിനു അവസാനമുഹൂർത്തത്തിൽ കൈവന്ന അമൂല്യനിധി"

### തിരുഹൃദയഭക്തിയെപ്പററിയുള്ള 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ചാക്രികലേഖനം

(പരിഭാഷകൻ:- ഫാദർ സീലാസ് സി. ഡി., തേവര)

"വർദ്ധിച്ച സന്തോഷത്തോടെ രക്ഷകന്റെ നീർച്ചാലിൽനിന്നു് നിങ്ങൾ ജലം പകർന്നെടുക്കുവിൻ" (ഏശ. 12-3) സ്മരണാർഹനായ നമ്മുടെ മുൻഗാമി 9-ാം പീയൂസ് കത്തോലിക്കാലോകത്തിന്റെ താല്പര്യത്തെ സമാദരിച്ചുകൊണ്ടു് ഈശോയുടെ ദിവ്യഹൃദയത്തിരുനാൾ അഖിലസഭാടിസ്ഥാനത്തിൽ സമാഘോഷിക്കുവാൻ കല്പിച്ചനുവദിച്ചതിന്റെ ശതവർഷം അത്യാസന്നമായിരിക്കുന്ന ഈ ഘട്ടത്തിൽ നമ്മുടെ മനോമുകുരത്തിൽ സ്വയമേവ ഉദിച്ചുയരുകയാണു് ഏശായാപ്രവാചകന്റെ ഈ വാക്യങ്ങൾ. ക്രിസ്തുവിനുശേഷമുള്ള കാലസന്ധിയിൽ ദൈവത്തിന്റെ മഹത്തായ ദാനങ്ങൾ എത്ര സമൃദ്ധമായി വർഷിക്കപ്പെടുവാനിരുന്നുവെന്നാണു് പ്രവാചകവാക്യങ്ങൾ അത്യന്തം ശ്രദ്ധേയമായ അലങ്കാരപദങ്ങളിലൂടെ നമ്മെ ഗ്രഹിപ്പിക്കുന്നതു്.

ഈശോയുടെ ദിവ്യഹൃദയത്തോടുള്ള ഭക്തിമൂലം ക്രൈസ്തവഹൃദയങ്ങളിലേക്കു് എത്രയെത്ര സ്വർഗ്ഗീയദാനങ്ങളാണു പ്രവഹിക്കുകയുണ്ടായതെന്നു അളന്നുതിട്ടപ്പെടുത്തുക അസാദ്ധ്യമാണു്. ആത്മാക്കളെ വിശുദ്ധീകരിക്കുന്നതിനും, സ്വർഗ്ഗീയമായ സംതൃപ്തി പ്രദാനം ചെയ്യുന്നതിനും, സകല സുകൃതങ്ങളും സമാർജ്ജിക്കുന്നതിനും ഏറ്റവും പര്യാപ്തമായ ഒന്നത്രെ തിരുഹൃദയഭക്തി. സ്വർഗ്ഗീയപിതാവിന്റെ സമക്ഷം മനുഷ്യവർഗ്ഗത്തിനുവേണ്ടി സത്യപ്രകാശവും വരപ്രസാദജീവനും പരികർമ്മംചെയ്യുന്ന നമ്മുടെ മദ്ധ്യസ്ഥനായ ദിവ്യനാഥൻ—അവതാരമെടുത്ത പരമവചനം—തന്റെ ആദ്ധ്യാത്മികവധുവായ തിരുസഭയ്ക്കു പ്രദാനംചെയ്ത അതിവിശിഷ്ടമായ ഒന്നാണീ ഭക്തി. നിരവധി വൈഷമ്യങ്ങൾക്കും ദുരിതങ്ങൾക്കും വിധേയമായിരിക്കുന്ന ആധുനികലോകത്തിനു് അവസാനമുഹൂർത്തത്തിൽ കൈവന്ന അമൂല്യമായ ഒരു നിധിയെയാണു് നാം ഈ ഭക്തിയിൽ ദർശിക്കുക. തന്നിമിത്തം "അമൂല്യമായ ഏതൊരനുഗ്രഹവും, പൂർണ്ണമായ ഏതൊരു ദാനവും സ്വർഗ്ഗത്തിൽനിന്നു ജന്മമെടുത്തതാണു്. അവ പ്രകാശം പ്രദാനം ചെയ്യുന്ന പിതാവിൽനിന്നത്രെ നമുക്കു ലഭിക്കുക" എന്ന വി. യാക്കോബ്ശ്ലീഹായുടെ ഏറ്റവും ചിന്താമൃതമായ വാക്യങ്ങളെ നാം അനുസ്മരിച്ചുപോകുന്നു. അതിമാത്രം അമൂല്യമായ ഈ ഭക്തി വഴിയായി സ്രഷ്ടാവായ ദൈവത്തിനു പൂർവ്വാധികം ഉജ്ജ്വലിതമായ സ്നേഹം സമർപ്പിക്കുവാൻ തിരുസഭയ്ക്കു സാധിക്കുന്നുവെന്നു മാത്രമല്ല, "തിരുനാളിന്റെ അവസാനത്തെ ഏറ്റവും ആഘോഷകരമായ ദിവസത്തിൽ ഈശോ അവിടെ നിന്നുകൊണ്ടു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ, അവൻ എന്നെ സമീപിച്ചു് പാനം ചെയ്യട്ടെ. വി. ഗ്രന്ഥം പ്രസ്താവിക്കുന്നതുപോലെ, എന്നിൽ വിശ്വസിക്കുന്നവനാരോ അവന്റെ ഉദരത്തിൽനിന്നു് സജീവജലത്തിന്റെ നീരുറവ പൊട്ടിപ്പുറപ്പെടും. തന്നിൽ വിശ്വാസമർപ്പിക്കുന്നവർ പ്രാപിക്കുവാനിരുന്ന പരിശുദ്ധാത്മാവെപ്പററിയാണു് അവിടുന്നു ഇതരുളിച്ചെയ്തതു്" (യോഹ. 7: 37-39) സുവിശേഷകനായ യോഹന്നാൻ ഈശോയുടേതായി പ്രസ്താവിച്ച ഈ വാക്യങ്ങളെ ഏറ്റവും ഫലപ്രദമായ വിധത്തിൽ അനുഷ്ഠാനപരമാക്കുകയാണു് തിരുസഭ ഈ ഭക്തിവഴിയായി. തന്റെ ഹൃദയത്തിൽനിന്നു പ്രവഹിക്കുവാനിരുന്ന "സജീവജല"ത്തിന്റെ ഉറവയെയാണു് ഈശോയുടെ വാക്കുകൾ കുറിക്കുന്നതെന്നു് അവിടുത്തെ ശ്രോതാക്കൾക്കു ഗ്രഹിക്കുവാൻ യാതൊരു പ്രയാസവുമില്ലായിരുന്നു. മാത്രമല്ല ഭാവിരക്ഷകന്റെ ഭരണത്തെപ്പററി ഏശായാ, എസക്കിയേൽ, സക്കറിയാസ് എന്നിവർ ചെയ്ത പ്രവചനങ്ങളേയും മോശ അത്ഭുതകരമായി വടികൊണ്ടടിച്ചുപിളർത്ത പാറയേയുംപററി അപ്പോൾ അവർ സ്മരിച്ചിരിക്കണം (cf ഏശ. 12, 13; എസ. 47: 1-12; സഖ. 13: 1; പുറ. 17: 1-7; സംഖ്യ 20; 7-13, കൊറ. 10: 4; വെളി. 7: 17; 22: 1)

ആരാധ്യമായ പരി. ത്രിത്വത്തിന്റെ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന, പിതാവിന്റേയും പുത്രന്റേയും വ്യക്തിപ്രഭാവംനിറഞ്ഞ പരമസ്നേഹമാണല്ലോ പരിശുദ്ധാത്മാവു്. ഈ പരിശുദ്ധാത്മാവിൽനിന്നാണു് ദൈവസ്നേഹം ഉയിരെടുക്കുന്നതു്. ഇതിനാലാണല്ലോ വിജാതിയരുടെ അപ്പസ്തോലനായ പൗലോസ്, ഈശോയുടെ വാക്കുകളുടെ ഒരു പ്രതിധ്വനിയെന്നോണം വിശ്വാസികളുടെ ആത്മാവുകളിലേക്കുള്ള ദൈവസ്നേഹപ്രവാഹത്തിന്റെ നിദാനം പരിശുദ്ധാത്മാവാണെന്നു പറയുന്നതു്. അദ്ദേഹം പറയുകയാണു്: "നമുക്കു ലഭിച്ചിരിക്കുന്ന പരിശുദ്ധാത്മാവു വഴിയായി ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ വർഷിക്കപ്പെട്ടിരിക്കുന്നു" (റോമ 5: 5) വി. ഗ്രന്ഥം, ക്രിസ്തീയാത്മാക്കളിലുണ്ടാകേണ്ട ദിവ്യസ്നേഹവും, പരമസ്നേഹംതന്നെയായ പരിശുദ്ധാത്മാവും തമ്മിൽ ഉണ്ടെന്നു പ്രസ്താവിക്കുന്ന ഈ ദൃഢമായ ബന്ധവിശേഷം തിരുഹൃദയഭക്തിയുടെ യഥാർത്ഥസ്വഭാവത്തെ വാസ്തവത്തിൽ വിശദതരമാക്കുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ഈ ഭക്തിയുടെ ഗുണവിശേഷങ്ങൾ പരിശോധിച്ചുനോക്കിയാൽ കാണുവാൻസാധിക്കും, നമ്മുടെ മതാനുഷ്ഠാനത്തിലെ അതിമഹത്തായ പ്രവൃത്തിയാണതെന്നു്. ഈശോയുടെ പ്രണീതമായ സജീവഹൃദയം എന്തൊന്നിനുവേണ്ടി നിലകൊള്ളുന്നുവോ ആ ദിവ്യരക്ഷകന്റെ സ്നേഹം സംപൂർണ്ണമായ ആത്മാർപ്പണത്തിനു നമ്മെ നിർബന്ധിക്കയാണു ചെയ്യുന്നതു്. മാത്രമല്ല പരമസ്നേഹമായ ദൈവത്തോടു് പ്രതിസ്നേഹം പ്രദർശിപ്പിക്കുവാൻ തിരുഹൃദയഭക്തി നമുക്കുത്തേജനംനൽകുന്നുമുണ്ടു്. കാരണം, മനുഷ്യമനസ്സു ദൈവതിരുമനസ്സിനോടു് ഏററവും ഗാഢമായി യോജിച്ചിരിക്കണമെങ്കിൽ അതു സ്നേഹത്തിന്റെ ആകർഷണത്തിനു വിധേയമാകണം. എങ്കിൽമാത്രമേ, ഏതാണ്ടു ഒന്നായിത്തീർന്നെന്നു പറയത്തക്കവിധം നമ്മുടെ മനസ്സു് ദൈവചിത്തത്തോടു യോജിച്ചിരിക്കൂ. "കർത്താവിനോടു ചേർന്നുനില്ക്കുന്നവൻ ഒരേ അരൂപിയായിത്തീരുന്നു" എന്നുണ്ടല്ലോ. (1 കോറ. 6: 17)

#### ചില ആക്ഷേപങ്ങൾ

തിരുസഭ ദിവ്യഹൃദയത്തോടുള്ള ഭക്തിയെ എന്നും വിലമതിച്ചിട്ടു

(ശേഷം 3-ാംപേജിൽ)



പാദുവായിലെ വിശുദ്ധ അന്തോനീസ്

(തിരുനാൾ—ജൂൺ 13)

---

1956 മേയ് 19-ാം തിയതിയിലെ ഒസ്സെർവത്തോരെ റൊമാനോയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലത്തീൻ മൂലത്തിൽനിന്നു്.

വേദശാസ്ത്രപംക്തി

# വിശുദ്ധ കൂദാശകൾ

(ഫാദർ മാഞ്ഞൂരാസ് ടി. ഒ. സി. ഡി.)

(തുടർച്ച)

## കൂദാശകളിൽ ചിലതു് മുദ്രപതിക്കുന്നവയാണു് എന്താണീ മുദ്ര?

സൈനികോദ്യോഗസ്ഥന്മാർക്കു മാത്രമല്ല എല്ലാം പട്ടാളക്കാർക്കുമുണ്ടു് അവരുടേതായ പ്രത്യേകമുദ്രകൾ. അതിൻെറ സൂചനയും മഹത്വവും ആവശ്യവും നമുക്കറിയാവുന്നതാണല്ലോ. ഇതുപോലെതന്നെ ആദ്ധ്യാത്മികമണ്ഡലത്തിലും ക്രിസ്തുവിനോടുള്ള പ്രത്യേകബന്ധം, അവിടുത്തെ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വം, സ്ഥിരമായി അവിടുത്തേക്കു പ്രതിഷ്ഠിക്കപ്പെട്ടതിൻെറ ചിഹ്നം എന്നിത്യാദികളെ സൂചിപ്പിക്കുന്നതിനും വ്യഞ്ജിപ്പിക്കുന്നതിനുമായി ആത്മാവിൽ ചില മുദ്രകൾ പതിക്കപ്പെടുന്നുണ്ടു്.

ത്രെന്തോസു് സൂനഹദോസു് മൂന്നു കൂദാശകൾ ആത്മാവിൽ മുദ്രപതിക്കുന്നുണ്ടെന്നു സ്പഷ്ടമായി പ്രസ്താവിക്കുന്നു. അവ ജ്ഞാനസ്നാനവും, മെസ്ഥർപ്പലേപനവും, തിരുപ്പട്ടവുമാകുന്നു. വേദപുസ്തകത്തിൽ ഈ വസ്തുത വ്യക്തമായി പ്രസ്താവിക്കപ്പെട്ടുകാണുന്നില്ല. പാരമ്പര്യത്തിൻെറ പശ്ചാത്തലത്തിൽ വി. അഗസ്തീനോസാണു് ആദ്യമായി ഇതിനു വിശദമായ ഒരു വിവരണം നൽകിയതു്. വി. പ്ലൗലോ എഫേസൂസുകാർക്കെഴുതിയ ലേഖനം ഒന്നാമദ്ധ്യായം പതിമൂന്നാംവാക്യത്തിൽ "പരിശുദ്ധാത്മാവിനാൽ രക്ഷയുടെ ദിവസത്തിലേക്കു് നിങ്ങൾ അടയാളപ്പെടുത്തപ്പെട്ടിരുകൊണ്ടു്" എന്നും നാലാമദ്ധ്യായം മുപ്പതാംവാക്യത്തിൽ "പരിശുദ്ധാത്മാവിനാൽ മുദ്രണംചെയ്യപ്പെട്ട"വെന്നും പ്രസ്താവിക്കുന്ന ഭാഗങ്ങളാണു് ഈ തത്വത്തെ പരാമർശിക്കുന്നതായി വേദപുസ്തകത്തിൽ പ്രത്യക്ഷമായി കാണുന്നവ.

ചില പ്രത്യേക ഉദ്യോഗം നിർവ്വഹിക്കുന്നവർ മാത്രമല്ല ചില സംഘടനാംഗങ്ങൾപോലും പ്രത്യേകമുദ്രയാൽ ഇതരരിൽനിന്നും വേർതിരിക്കപ്പെടുന്നതുപോലെ ദൈവശുശ്രൂഷയ്ക്കും മിശിഹായുടെ പൗരോഹിത്യത്തിനും പ്രത്യേകം സമർപ്പിക്കപ്പെട്ടവർ ആത്മീയമുദ്രയാൽ മുദ്രണംചെയ്യപ്പെടുന്നതു് ഏററം സമിചീനമായ ഒന്നാണല്ലോ. നിർമ്മാർജ്ജനം ചെയ്യപ്പെടാതെ ആത്മാവിൽ നിത്യമായി അതു സ്ഥിതിചെയ്യുന്നു, സ്വർഗ്ഗസ്ഥർക്കു് അവരുടെ മഹത്വത്തിനും നരകവാസികൾക്കു നിത്യലജ്ജയ്ക്കുമായി.

### ആർക്കു പരികർമ്മം ചെയ്യാം?

ഇന്ദ്രിയഗോചരമായ ചിഹ്നങ്ങളിൽ സൂചനാത്മകമായ വിധത്തിലാണല്ലോ കൂദാശകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. ഈ ചിഹ്നങ്ങളാകട്ടെ കർമ്മസാധനവും കർമ്മസ്വരൂപവും എന്ന രണ്ടു ഘടകങ്ങളിലാണടങ്ങിയിരിക്കുന്നതു്. യഥാവിധി ഈ ഘടകങ്ങൾ സംയോജിപ്പിക്കുന്ന കൃത്യം നിർവ്വഹിക്കുന്ന ആളാണു് കാർമ്മികൻ. കേവലം യാന്ത്രികമായതോ മനുഷ്യോചിതമല്ലാത്തതോ ആയ യാതൊരു സംയോജനവും വരപ്രസാദപ്രദാനാത്മകമായിരിക്കുകയില്ല. ക്രിസ്തുവിനാൽ നിർദ്ദിഷ്ടമായ ഉദ്ദേശത്തോടുകൂടി, ക്രിസ്തുവിൻെറ നിയോഗത്താലം (അഥവാ ക്രിസ്തുവിനാൽ സ്ഥാപിതമായ സഭയുടെ നിയോഗാനുസരണം) കൂദാശകൾ പരികർമ്മംചെയ്യപ്പെടുന്നെങ്കിൽ മാത്രമേ അവ ഫലദായകങ്ങളായിരിക്കുകയുള്ളു. കൂദാശകളുടെ ഘടനയിലും പ്രകൃതിയിലുമുള്ള വൈവിധ്യാനുസരണം വ്യത്യസ്തമായ രീതിയിൽ ആവശ്യമായ യോഗ്യതാധികാരവും അവകാശവും ലഭിച്ചിട്ടുള്ളവർക്കേ സാധുവായി അവ അനുഷ്ഠിക്കാവൂ. ഉദാഹരണമായി, ദിവ്യബലി അർപ്പിക്കുന്നതിനു് പൗരോഹിത്യത്തിലേക്കുയർത്തപ്പെട്ടവർക്കേ സാധിക്കുകയുള്ളു. നിഷ്കൃഷ്ടമായി പറയുകയാണെങ്കിൽ ജ്ഞാനസ്നാനം പരികർമ്മംചെയ്യേണ്ടതു് വൈദികനാണു്. എന്നാൽ അത്യാവശ്യസമയങ്ങളിൽ സാധാരണ വിശ്വാസികൾക്കും എന്നല്ല അക്രൈസ്തവർക്കുപോലും സാധുവായി ഇതു പരികർമ്മം ചെയ്യാവുന്നതാണു്.

ക്രിസ്തുവിൻെറ നിയോഗാർത്ഥം പ്രവർത്തിക്കുന്ന മനസ്ഥിതി ഉണ്ടാകുന്നതിനു് അവിടുത്തോടു മാനസികൈക്യം പുലർത്തുക കാർമ്മികനു് അപരിത്യാജ്യമായ ഒരു കടമയാണു്. വരപ്രസാദാവസ്ഥയും വിശ്വാസവും നിർബന്ധനിബന്ധനകളല്ല കൂദാശകൾ സാധുവായി പരികർമ്മംചെയ്യുന്നതിനു്. മൂന്നാമത്തെ പ്രധാനസംഗതി ഇതരണത്തിൽ സ്മരിക്കുവാനുള്ളതു്, നിരുപാധികമായിട്ടായിരിക്കണം സാമാന്യേന അവ പരികർമ്മംചെയ്യപ്പെടുന്നതെന്നതാണു്. വർത്തമാനഭൂതകാലങ്ങളെ സംബന്ധിച്ചു് ചില അവസരങ്ങളിൽ സോപാധികം പരികർമ്മംചെയ്യാമെങ്കിലും ഭാവികാലത്തെ സംബന്ധിച്ചു് ഒരിക്കലും പാടുള്ളതല്ല. ഒരുദാഹരണംകൊണ്ടിതു കൂടുതൽ വിശദമാക്കാം. ജോസു്, ബാബ്ബ്യവിനു് ജ്ഞാനസ്നാനം നൽകിയെന്നു സങ്കല്പിക്കുക. പിന്നീടു് ജോസിനു വലിയ സംശയം, മാമ്മോദീസാ വാസ്തവമായോ ഇല്ലയോയെന്നു്. സംശയം ഗൗരവതരവും സന്യായ്യവുമാണെങ്കിൽ സോപാധികം, അതായതു് ആദ്യത്തേതു് അസാധുവാണെങ്കിൽ എന്ന വ്യവസ്ഥയോടുകൂടി പരികർമ്മം ചെയ്യാം. ഒരു വൈദികവിദ്യാർത്ഥിക്കു് പട്ടംനൽകുന്ന അവസരത്തിൽ ഇപ്രകാരമൊരു വ്യവസ്ഥ മെത്രാൻ വയ്ക്കുന്നുവെന്നു സങ്കല്പിക്കുക "താൻ സഭയിൽ സ്ഥിരമായി നില്ക്കുമെങ്കിൽ തന്നെ ഞാൻ അഭിഷേചിക്കുന്നു പുരോഹിതനായി." ഈ വ്യവസ്ഥ കൂദാശയെ അസാധുവാക്കുന്നു.

### സ്വീകരിക്കുന്നവരെ സംബന്ധിക്കുന്ന കാര്യങ്ങൾ

കൂദാശകൾ സ്വീകരിക്കുന്നവർക്കു് പ്രഥമവും പ്രധാനവുമായി അതു സ്വീകരിക്കുന്നതിനുള്ള കഴിവുണ്ടായിരിക്കണം. നിർജ്ജീവമായി കിടക്കുന്ന ഒരു ശവത്തിനു് പ്രസ്താവിത കഴിവില്ല. ആത്മാവു ശരീരത്തിൽനിന്നും പൂർണ്ണമായി വേർപിരിയുന്നതു് എപ്പോഴാണെന്നു നമുക്കു കൃത്യമായി അറിയാൻ സാധിക്കാത്തതുകൊണ്ടാണു് അങ്ങനെയുള്ള അവസരങ്ങളിൽ ചിലപ്പോൾ സോപാധികം അന്ത്യലേപനവും മററും മരിച്ചശേഷവും നൽകപ്പെടുന്നതു്. ജ്ഞാനസ്നാനം ഇതരകൂദാശകൾ സ്വീകരിക്കുന്നതിനു് ഒഴിച്ചുവയ്ക്കുവാൻപാടില്ലാത്ത നിബന്ധനയാണു്. കൂദാശ സാധുവായി സ്വീകരിക്കുന്നതിനു് അവശ്യം അനുപേക്ഷ്യമായ മൂന്നാമത്തെ സംഗതിയാണു് അതിനായുള്ള ഉദ്ദേശം സ്വീകരിക്കുന്നവരിൽ ഉണ്ടായിരിക്കണമെന്നതു്. കൂദാശാസ്വീകരണം വഴിയായി സമൃദ്ധമായ ആത്മീയഫലം ലഭിക്കുന്നതിനു് ഇവ കൂടാതെ ഓരോന്നിനും പ്രത്യേകമായ ഒരുക്കങ്ങൾ ആവശ്യമുണ്ടു്. ഏതു കൂദാശയും എത്ര സജീവവിശ്വാസത്തോടും ഒരുക്കത്തോടും തീക്ഷ്ണതയോടുംകൂടി സ്വീകരിക്കുമോ അത്ര അധികമായിരിക്കും അതുമൂലം ലഭിക്കുന്ന ഫലവും. വേണ്ട ഒരുക്കങ്ങളുടെ അഭാവമായിരിക്കും പലപ്പോഴും വരപ്രസാദജലത്തിൻെറ ധാരാളമായ പ്രവാഹത്തിനു തടസ്സമായി നിൽക്കുന്നതു്.

### കൂദാശാനുകരണങ്ങൾ

മിശിഹാ സ്ഥായിയായി വരപ്രസാദപ്രദാനാത്മകമായി സ്ഥാപിച്ച കൂദാശകളെ അനുകരിച്ചുതന്നാണോ സഭ തൻെറ ഔദ്യോഗികമായ പ്രാർത്ഥനവഴിയായി ആദ്ധ്യാത്മികഫലങ്ങൾ ലഭിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള കർമ്മങ്ങളാണു് കൂദാശാനുകരണങ്ങളെന്ന സംജ്ഞയാൽ വിവക്ഷിക്കപ്പെടുന്നതു്. വിശുദ്ധ ജലം, വിവിധാശീർവ്വാദങ്ങൾ, ഉത്തരീയം മുതലായവ ഈ ഗണത്തിൽ പെടുന്നവയാണു്. താഴ്ന്നപടിയിലുള്ള തിരുപ്പട്ടങ്ങൾ, ബലിപീഠങ്ങൾ, ആരാധനാസ്ഥലങ്ങൾ, ആശീർവ്വദിക്കപ്പെട്ട വിശുദ്ധവസ്തുക്കൾ മുതലായവയും കൂദാശാനുകരണങ്ങളാണു്.

കൂദാശാനുകരണങ്ങൾ കൂദാശകൾപോലെ സ്വതവേ വരപ്രസാദദായകങ്ങളല്ല. സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയുടെ ശക്തി, കാർമ്മികൻെറ വ്യക്തിപരമായ വിശുദ്ധി, സ്വീകരിക്കുന്നവരുടെ സ്നേഹതീവ്രത ഇവയെല്ലാമാശ്രയിച്ചായിരിക്കും അവ ഫലം പുറപ്പെടുവിക്കുന്നതു്.

### കൂദാശകൾ വഴിയല്ലാതെ വരപ്രസാദം ലഭിക്കുമോ?

വരപ്രസാദം നൽകുന്നതിനുള്ള മാർഗ്ഗങ്ങളായിട്ടാണു് മിശിഹാ കൂദാശകൾ സ്ഥാപിച്ചിരിക്കുന്നതു്. അതിനാൽ വരപ്രസാദം ലഭിക്കുന്നതിനുള്ള സാധാരണവും സാമാന്യവുമായ മാർഗ്ഗം കൂദാശകൾതന്നെയെന്നതിനു രണ്ടുപക്ഷമില്ല എന്നുവരികിലും ഈ സാധാരണഗതിവിട്ടു് മററു മാർഗ്ഗേണയും വരപ്രസാദം നൽകപ്പെടുന്നുണ്ടു്. വരപ്രസാദാവസ്ഥയിൽ അഭിവൃദ്ധിപ്പെടുന്നതിനു് കൂദാശാസ്വീകരണംകൊണ്ടെന്നപോലെ തന്നെ സൽപ്രവൃത്തികൾമൂലവും സാധിക്കുന്നതാണു്. വരപ്രസാദാവസ്ഥയിൽ ശുദ്ധനിയോഗത്തോടുകൂടി ചെയ്യുന്ന എല്ലാം നല്ല പ്രവൃത്തികൾവഴിയായും ഈ വർദ്ധനവുണ്ടാകുന്നതാണു്. സൽപ്രവൃത്തികൾ എന്ന സംജ്ഞയാൽ പ്രകൃതത്തിലുദ്ദേശിക്കുന്നതു് ഭിക്ഷാദാനം, തപസ്സു്, പ്രാർത്ഥന, പരസ്നേഹകൃത്യങ്ങൾ മുതലായവയാണു്. സൽപ്രവൃത്തികൾമൂലം ലഭിക്കുന്ന വരപ്രസാദവും അവ കൂദാശകളോടു പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടതുകൊണ്ടാണെന്നു അഭിപ്രായപ്പെടുന്ന പല വേദാന്തികളുമുണ്ടു്.

—o—




സത്യദീപംവരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ „8—12—0




നെല്ലായി റെയിൽവെ സ്റ്റേഷൻെറ വടക്കുകിഴക്കായി ഒരു ഫർലോങ്ങ് അകലെ സ്ഥിതിചെയ്യുന്ന സാക്ഷാൽ "കാളൻസ്" ബംഗ്ലാവും, ഉപ്പാളെപ്പറമ്പ് കെ. പി. ഔസേപ്പ് വൈദ്യൻെറ വസതിയും.

(1-ാംപേജ് തുടർച്ച)

ണ്ട്. ഇപ്പോൾ വിലമതിക്കയും ചെയ്യുന്നു. ലോകം മുഴുവനും അതു പ്രചരിക്കണമെന്നും ക്രൈസ്തവരെല്ലാവരും അതനുഷ്ഠാനപരമാക്കണമെന്നും തിരുസഭ ആഗ്രഹിക്കുന്നു. "പ്രകൃതിമാത്ര"വാദത്തിനും "വികാരാത്മകത്വ"ത്തിനും വിധേയമാകാതിരിക്കത്തക്കവിധം ഈ ഭക്തിയെ സഭ ഭദ്രമായി പരിപാലിച്ചുവരുന്നു. എന്നിരുന്നാലും ഭൂതകാലത്തെന്നപോലെ ഇക്കാലത്തും ചില ക്രിസ്ത്യാനികൾ—മതവിശ്വാസത്തിലും സുകൃതാനുഷ്ഠാനത്തിലും താല്പര്യം പ്രദർശിപ്പിക്കുന്ന ചിലർപോലും—അതിവിശിഷ്ടമായ ഈ ഭക്തിക്കു അർഹിക്കുന്ന ബഹുമാനവും പ്രാധാന്യവും കല്പിച്ചുകാണുന്നില്ലെന്നുള്ളത് അത്യന്തം ശോചനീയമായിരിക്കുന്നു.

"നീ ദൈവദാനം എത്ര ശ്രേഷ്ഠമെന്നു അറിഞ്ഞിരുന്നെങ്കിൽ!" (യോഹ. 4-10) ദിവ്യരക്ഷകൻ തിരുസഭയെ ഭരമേല്പിച്ച ഭക്തിവിശ്വാസങ്ങളുടെ സംരക്ഷകരും പരികർമ്മികളുമായ നാം നമ്മുടെ കർത്തവ്യബോധത്തിൻെറ പ്രേരണയനുസരിച്ചുകൊണ്ട് ഇപ്പറഞ്ഞവർക്കു മുന്നറിയിപ്പുനൽകുകയാണ്. ഈശോയുടെ തിരുഹൃദയഭക്തി മനുഷ്യരുടെ അബദ്ധധാരണകളേയും അലക്ഷ്യഭാവത്തേയും അതിജീവിച്ച് അവിടത്തെ മൗതികശരീരമാസകലം ഉദാത്തമായിത്തീരും. എന്നിരുന്നാലും തെററിദ്ധാരണകൾ തങ്ങളെ നയിക്കുവാൻ ചിലർ അനുവദിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല തിരുസഭയുടേയും മനുഷ്യരാശിയുടേയും വർദ്ധിച്ചുവരുന്ന പ്രശ്നങ്ങൾക്കുത്തരം കണ്ടുപിടിക്കുവാൻ ഈ ഭക്തി അപര്യാപ്തമാണെന്നും, അല്ല അത് ആപല്ക്കരമാണെന്നുപോലും അവർ വിശ്വസിക്കുന്നതായി തോന്നുന്നു. ഈ ഭക്തിയുടെ സാരാംശം ചില ഭക്താനുഷ്ഠാനങ്ങളിൽ മാത്രമാണ് തങ്ങിനില്ക്കുന്നതെന്നു വിചാരിക്കുന്നവരും ഇല്ലാതില്ല. തിരുസഭ ഉപദേശരൂപേണ അംഗീകരിച്ചു പ്രോത്സാഹിപ്പിക്കുന്ന ഈ ഭക്താഭ്യാസങ്ങൾ അനാവശ്യമാണെന്നും ഓരോരുത്തർക്ക് ഇഷ്ടംപോലെ കൊള്ളുകയോ തള്ളുകയോ ചെയ്യാമെന്നും അവർ കരുതുന്നു. തിരുഹൃദയഭക്തി ഭാരമുള്ള ഒരു ചുമടായിത്തീർന്നിരിക്കയാണത്രെ! തങ്ങളുടെ കഴിവും ധനവും സമയവും കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളെ സംരക്ഷിക്കുന്നതിനും, പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സാമൂഹ്യപ്രശ്നങ്ങളെപ്പററിയുള്ള കത്തോലിക്കാതത്വങ്ങളെ പഠിച്ചഭ്യസിക്കുന്നതിനും, ആധുനികകാലത്തു അത്യന്താപേക്ഷിതമാണെന്നു തങ്ങൾക്കു തോന്നുന്ന ചില മതാഭ്യസനങ്ങളേയും പ്രവർത്തനങ്ങളേയുംമാത്രം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടിയുള്ളതാണെന്നു ധരിച്ചുകൊണ്ട്, ദൈവരാജ്യത്തിൻെറ ഉപരിനന്മയ്ക്കായി പരിശ്രമിക്കുന്ന ചിലർപോലും ഈ ഭക്തി നിഷ്പ്രയോജനമായ ഒന്നാണ്, ഇച്ഛമായ ഫലംമാത്രമേ അതുളവാക്കുകയുള്ളു എന്നെല്ലാം ജല്പിക്കുന്നു. ഇനിയും ചിലരുടെ അഭിപ്രായമനുസരിച്ച് ബുദ്ധിപരമായ അടിസ്ഥാനമില്ലാത്ത, വെറും വികാരാത്മകമായ ഒന്നാണീ ഭക്തി. അതിനാൽ അത് പണ്ഡിതന്മാർക്കും അഭ്യസ്തവിദ്യർക്കും യോജിക്കാത്തതും കേവലം സ്ത്രീകൾക്കുമാത്രം പററിയതുമാണത്രെ. വ്യക്തിപരമായ ജീവിതത്തിൽ മാത്രമല്ല, കുടുംബമണ്ഡലത്തിലും ക്രിസ്തീയസുകൃതങ്ങളെ പരിപോഷിപ്പിക്കുവാൻ പോരുന്ന അതിവിശിഷ്ടമായ ഒരുപാധിയാണു തിരുഹൃദയഭക്തി എന്ന വസ്തുത അവർ ചിന്തിക്കുന്നേയില്ല.

നമ്മുടെ കാലത്തിനു പററിയ ഒന്നല്ല തിരുഹൃദയഭക്തി എന്നാണ് വേറൊരഭിപ്രായം. കർമ്മപരമായ സുകൃതങ്ങളല്ലാത്ത പശ്ചാത്താപം, പാപപ്പരിഹാരം ആദിയായ ഗുണവിശേഷങ്ങളെ തിരുഹൃദയഭക്തി പ്രോത്സാഹിപ്പിക്കുന്നതു ചിലർക്കത്ര ഹിതകരമല്ല. കാരണം ഈ സുകൃതങ്ങൾ ബാഹ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ലെന്നു പറഞ്ഞുകൊണ്ട്, ആധുനികകാലത്തിനു പററിയ ഒരാദ്ധ്യാത്മികതത്വത്തിനു് അതു ചേർന്നതല്ല, ഇക്കാലത്തുള്ളവർ തീവ്രമായ ബാഹ്യപ്രവർത്തനങ്ങളിൽമാത്രം വ്യാപൃതരായിരുന്നാൽ മാത്രമേ കത്തോലിക്കാവിശ്വാസവും ക്രിസ്തീയധർമ്മവും കോട്ടംകൂടാതെ പാലിക്കപ്പെടുവാൻ സാധിക്കുകയുള്ളു എന്നീ നിഗമനങ്ങളിൽ അവരെത്തിച്ചേരുന്നു. എല്ലാവർക്കും അറിയാവുന്ന ഒരു പരമാർത്ഥംമാത്രമാണ്, അവരുടെ അബദ്ധാഭിപ്രായങ്ങളിൽ ധാർമ്മികജീവിതത്തെപ്പററിയുള്ള സിദ്ധാന്തങ്ങൾ അവ്യക്തമായിത്തീർന്നിരിക്കുന്നുവെന്നുള്ളത്. അവർ എല്ലാ മതങ്ങളേയും ഒന്നുപോലെ കരുതുന്നു. മാത്രമല്ല ബുദ്ധിയുടേയും അനുഷ്ഠാനത്തിൻേറയും മണ്ഡലങ്ങളിൽനിന്നു സത്യവും അസത്യവും തമ്മിലുള്ള വ്യത്യാസം എടുത്തുകളഞ്ഞിരിക്കയാണവർ. പോരാ അവരുടെ നിരീശ്വരമായ ഭൗതികവാദത്തിൻേറയും വൈദികവിദ്വേഷത്തിൻേറയും ഫലമായി ധാർമ്മികബോധത്തെ അവർ കെടുത്തിക്കളയാൻ ശ്രമിക്കയുംചെയ്യുന്നു. (തുടരും)

# മരണത്തിനപ്പുറം ജീവിതമുണ്ടോ?

(ഫാദർ തോമസ് മണക്കാട്ട്)

ആധുനികലോകത്തിൽ അമ്പരപ്പുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു മഹാപ്രശ്നമാണിതു്. മനുഷ്യജീവിതം മരണംകൊണ്ട് അവസാനിക്കുമെന്നും അതിനപ്പുറം ഒന്നും ആശിക്കേണ്ടതില്ലെന്നും വീറോടെ വാദിക്കുന്ന ഒരു ജനവിഭാഗത്തെ നമുക്കു കാണുവാൻകഴിയും. അവരുടെ താർക്കികവാദങ്ങൾക്കു ഒരു മറുപടി പറയുക എന്നുള്ളതാണ് ഈ ലേഖനത്തിൻെറ ഉദ്ദേശം.

മനുഷ്യനു് മരണാനന്തരജീവിതമില്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിൽ സാരമായ വ്യത്യാസങ്ങളൊന്നുമില്ലെന്നു നാം സമ്മതിക്കേണ്ടിവരും. അതിനാരും വഴിപ്പെടുമെന്നു തോന്നുന്നില്ല. അത്രമാത്രം കാതലായ വ്യത്യാസം മനുഷ്യനും മൃഗവും തമ്മിലുണ്ടെന്നു നിസ്തർക്കമാണ്. മൃഗങ്ങൾ നൂററാണ്ടുകാലങ്ങളായി അവയുടെ ജന്മസിദ്ധമായ വാസനകളിലും വർത്തനങ്ങളിലും അണുപോലും വ്യതിചലിക്കാതെ കടന്നുപോകുന്നതായി നാം കാണുന്നു. യാതൊരു പുതുമയോ, പുരോഗതിയോ അവയിൽ ദൃശ്യമാകുന്നില്ല. കുറുക്കനും എലിയും മാളങ്ങളിൽതന്നെ കഴിഞ്ഞുകൂടുന്നു. കാട്ടുമൃഗങ്ങളും കാട്ടുകോഴികളും കാടുകളിൽതന്നെ വസിക്കുന്നു. അവയുടെ ജീവിതരീതികളും വർത്തനങ്ങളും അതിൻേറതായ രീതികളിൽതന്നെ ഇന്നും കാണപ്പെടുന്നു. എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം പുതുമയിലും പുരോഗതിയിലും അവൻ ദൈനംദിനം മുന്നേറുകയാണ്. നവീനങ്ങളായ ആശയങ്ങളും ആദർശങ്ങളും അവൻെറ ജീവിതത്തിൽ നാം ദർശിക്കുന്നു. പുതിയ പുതിയ കണ്ടുപിടുത്തങ്ങളും പരിഷ്കൃതങ്ങളായ സമ്പ്രദായങ്ങളും അവൻെറ ജീവിതത്തിൽ ഉൽക്കർഷം വരുത്തിവച്ചുകൊണ്ടിരിക്കുന്നു. ഒരു അഞ്ഞൂറുകൊല്ലംമുമ്പു ജീവിച്ചിരുന്ന മനുഷ്യനും ഇന്നു ജീവിക്കുന്ന മനുഷ്യനും തമ്മിൽ തട്ടിച്ചുനോക്കിയാൽ ബാഹ്യമായും ആന്തരികമായും അവൻ വളരെയധികം പുരോഗമിച്ചിട്ടുള്ളതായി കാണാൻകഴിയും. എന്നാൽ മൃഗങ്ങളിലാകട്ടെ യാതൊരു വ്യതിയാനവും പ്രത്യക്ഷപ്പെടുന്നില്ല. മനുഷ്യൻെറ ഈദൃശപുരോഗതിക്കു കാരണം അവനിൽ മറഞ്ഞിരിക്കുന്ന ഏതോ ഒരു ശക്തിയുടെ പ്രവർത്തനമാണ്. ആ ശക്തി ശരീരത്തെ ഭരിക്കുന്നതായും പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതായും നമുക്കു അനുഭവപ്പെടുന്നു. ആ ശക്തിയെയാണ് നാം ആത്മാവെന്നു സംബോധനം ചെയ്യുന്നതു്. ബുദ്ധിയും (Intellect) ഇച്ഛയും (will) ആത്മാവിൻെറ രണ്ടു ശക്തികളാണ്. ബുദ്ധി സത്യാന്വേഷകനും ഇച്ഛ ഗുണാന്വേഷകനുമാണ്. ബുദ്ധി, വിസ്തൃതവും മനോഹരവുമായ ഈ പ്രപഞ്ചത്തെപ്പററിയും അതിൻെറ ആസ്തിക്യത്തേയും അതിലടങ്ങിയിരിക്കുന്ന രഹസ്യങ്ങളേയുംപററിയും അവധാനം ചിന്തിക്കയും അവയുടെ യാഥാർത്ഥ്യങ്ങളെ കണ്ടുപിടിക്കാൻ ശ്രമിക്കയുംചെയ്യുന്നു.

വി. പത്താംപിയൂസിൻേറയും വി. യൂദാതദേവൂസിൻേറയും വി. റപ്പായേലിൻേറയും മാദ്ധ്യസ്ഥതാലും ബ: മറിയംത്രേസ്യമ്മയുടെ അപേക്ഷയാലും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു കൃതജ്ഞത. T. P. K.

എന്നാൽ ഇച്ഛയാകട്ടെ ഗുണദോഷസമന്വിതങ്ങളായ പ്രകൃതിവസ്തുക്കളിൽനിന്നു ഗുണകരമായതിനെ തിരഞ്ഞെടുക്കുന്നു. ഈ വിവേചനാബോധം മൃഗങ്ങളിലോ മററു ജീവികളിലോ നാം അശേഷം കാണുന്നില്ല. കാരണം അവയ്ക്കു ആത്മാവില്ലാത്തതുതന്നെ. തന്മൂലം അവയ്ക്കു സ്വയം ചിന്തിച്ച് ഒരു പരിവർത്തനമുണ്ടാക്കുന്നതിനോ, പുതിയതായി എന്തെങ്കിലും കണ്ടുപിടിക്കുന്നതിനോ സാധിക്കുന്നില്ല. അതിനാൽ മനുഷ്യനും മൃഗവും തമ്മിൽ അജഗജാന്തരമുണ്ടെന്നു സ്പഷ്ടം തെളിയുന്നു.

ഇങ്ങനെ മനുഷ്യനെ മൃഗത്തിൽനിന്നും വേർതിരിക്കുന്നതു് അവൻെറ ആത്മാവാണെന്നു നാം കണ്ടുകഴിഞ്ഞു. എന്നാൽ ഈ ആത്മാവിനെ ആരു കണ്ടു? അങ്ങനെ ഒന്നുണ്ടെങ്കിൽ അതു നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭൂതമാകേണ്ടതു് ആവശ്യമല്ലേ? എന്നെല്ലാമുള്ള ചോദ്യങ്ങൾ ഇന്നു ധാരാളമായി നമ്മെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. നിരീശ്വരവാദികളാണ് ഈ കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കുന്നതായി കാണുന്നതു്. അദൃശ്യമായതിലൊന്നും, പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭൂതമാകാത്തതിലൊന്നും നാം വിശ്വസിച്ചിട്ടാവശ്യമില്ലെന്നാണ് അവരുടെ വാദം. അതു കേൾക്കുമ്പോൾ, വിദ്യാവിഹീനരായ സാധാരണജനങ്ങൾ വിചാരിച്ചുപോകും അതു ശരിയാണെന്നു്. എന്നാൽ അവർ അല്പം കാര്യമായി ചിന്തിച്ചാൽ പ്രതിയോഗികളുടെ വാദത്തിൻെറ മൗഢ്യം അഥവാ കഴമ്പില്ലായ്മ ഗ്രഹിക്കുവാൻ സാധിക്കും. വാസ്തവത്തിൽ പഞ്ചേന്ദ്രിയങ്ങൾക്കു വിഷയീഭൂതമല്ലാത്തതൊന്നും അവർ വിശ്വസിക്കുന്നില്ലേ? തീർച്ചയായും ഉണ്ട്. ഭൂമി ഉരുണ്ടതാണെന്നു് ശാസ്ത്രജ്ഞന്മാർ പറയുന്നു. ശാസ്ത്രജ്ഞന്മാർ കണ്ടോ ആ ഉരുണ്ട ഭൂമിയെ? നാമാരെങ്കിലും കണ്ടോ ഭൂമി ഉരുണ്ടതാണെന്നു്! ശാസ്ത്രജ്ഞന്മാരുടെ നിരന്തരപരിശ്രമവും ശാസ്ത്രജ്ഞാനവും ഗവേഷണങ്ങളുംകൊണ്ട് അവർ സമർത്ഥിച്ചു ഭൂമി ഉരുണ്ടതാണെന്നു്. നാം അതു വിശ്വസിക്കയുംചെയ്യുന്നു. ഇനിയും, ഇന്നുള്ള മക്കളിൽ ആരു കണ്ടു ഒരു നൂററാണ്ടുമുമ്പുണ്ടായിരുന്ന അവരുടെ പിതാക്കന്മാരെ! എങ്കിലും നാം വിശ്വസിക്കുന്നു അവർ ഉണ്ടായിരുന്നെന്നു്. അതിനാൽ ആത്മാവു നമുക്കു ദൃശ്യമല്ലാത്തതുകൊണ്ട് ഇല്ലെന്നു പറയുക സാദ്ധ്യമല്ല.

ഇനിയും ഈ അദൃശ്യമായ ആത്മാവ് മരണത്തിനു വിധേയമാണോ എന്നു ഉപരിചിന്തിക്കാം. ആത്മാവ് ഒരിക്കലും മരണത്തിനു അധീനമല്ല. കാരണം അതു് അമൂർത്തമാണ്. അമൂർത്തമെന്നു പറഞ്ഞാൽ പദാർത്ഥരഹിതമാണെന്നർത്ഥം. അതിനു് പദാർത്ഥങ്ങൾക്കുള്ളതുപോലെ അളവോ, തൂക്കമോ, ഘനമോ ഇല്ല. ചിന്തിക്കുക, കാര്യകാരണങ്ങൾ വിവേചനം ചെയ്യുക, ഗുണദോഷങ്ങളെ വേർതിരിച്ച് അറിയുക തുടങ്ങിയ പദാർത്ഥപരങ്ങളല്ലാത്ത പ്രവർത്തനങ്ങളാണ് ആത്മാവിനുള്ളതു്. അതുകൊണ്ടാണ് അതിനെ അമൂർത്തമെന്നു വിളിക്കുന്നതു്. അമൂർത്തമായ ആത്മാവ് അതേകാരണത്താൽ അവിഭാജ്യവും അക്ഷയവുമാണ്. അങ്ങനെ അമൂർത്തവും അവിഭാജ്യവും അക്ഷയവുമായ ആത്മാവ് അതേകാരണങ്ങളാൽതന്നെ അമർത്ത്യവുമത്രെ—മരണമില്ലാത്തതത്രെ.

ലോകത്തിലുള്ള എല്ലാ മതവിശ്വാസികളും എല്ലാകാലങ്ങളിലും മൃതരായ തങ്ങളുടെ ബന്ധുക്കൾക്കുവേണ്ടി ബലി അർപ്പിച്ചിരുന്നതായി നാം അറിയുന്നു. ഇന്നും ആ ആചാരം നിലവിലിരിക്കുന്നു. മരണാനന്തരജീവിതമില്ലെങ്കിൽ ആ ബലിയർപ്പണം കഥയില്ലാത്തതാണല്ലോ. അതിനാൽ മരണാനന്തരജീവിതമുണ്ടെന്നുള്ളതിനു് ഒരൊന്നാന്തരം തെളിവാണ് മനുഷ്യകുലത്തിൻെറ ആ ബലിഷ്ഠമായ വിശ്വാസം.

സാക്ഷാൽ മനുഷ്യകുലോദ്ധാരകനായി അവതരിച്ച ക്രിസ്തുനാഥൻ മനുഷ്യാത്മാവിൻെറ ആസ്തിക്യത്തെപ്പററിയും മരണാനന്തരജീവിതത്തെപ്പററിയും ശക്തിയുക്തം മനുഷ്യവർഗ്ഗത്തെ ഉൽബോധിപ്പിച്ചിട്ടുണ്ട്. മരണാനന്തരം സുകൃതികൾ സമ്മാനിതരാകുമെന്നും ദുഷ്ടന്മാർ ശിക്ഷിതരാകുമെന്നും അവിടുന്നു തെളിച്ചു വിളിച്ചുപറഞ്ഞിട്ടുണ്ട്. മനുഷ്യവർഗ്ഗം മുഴുവൻ അവസാനവിധിക്ക് വിധേയരാകേണ്ടിവരുമെന്നും അപ്പോൾ ശിഷ്ടരെ സ്വർഗ്ഗത്തിലേക്കും ദുഷ്ടരെ നരകത്തിലേക്കും അയക്കുമെന്നും മുൻകൂട്ടി അവിടുന്നു അറിയിച്ചിട്ടുണ്ട്. അവിടുത്തെ തിരുവാമൊഴികളടങ്ങിയ സുവിശേഷഗ്രന്ഥം ഇവയ്ക്കെല്ലാം സാക്ഷിയാണ്. "മനുഷ്യാ! നീ ലോകംമുഴുവൻ ആർജ്ജിച്ചാലും ആത്മാവിനെ നശിപ്പിച്ചാൽ എന്തു ഫലം" എന്ന് അവിടുന്നു സ്പഷ്ടം ചോദിക്കുന്നു. അതിനാൽ മരണാനന്തരജീവിതം സുനിശ്ചിതംതന്നെ.

ഇതു സംബന്ധിച്ച് ഇനിയും കൂടുതൽ ന്യായങ്ങൾ രേഖപ്പെടുത്താമെങ്കിലും ലേഖനദൈർഘ്യം ഭയന്നു് തല്ക്കാലം അതിനു മുതിരുന്നില്ല. അതിനാൽ മരണാനന്തരജീവിതമുണ്ടെന്നും മനുഷ്യ



റോമിൽ ഈയിടെ സമ്മേളിച്ച സാർവ്വദേശീയ "ലെപ്പർ കോൺഫറൻസി"ൽ സംബന്ധിച്ച വിവിധരാജ്യപ്രതിനിധികൾ യോഗനടപടികൾ ശ്രദ്ധിക്കുന്നു—രണ്ടാംനിരയിൽ (ഇടത്തുനിന്നു) രണ്ടാമത്തും മൂന്നാമത്തും സീററുകളിൽ ചേർത്തല "ഗ്രീൻ ഗാർഡൻസ്" ലെപ്പർ ഹോസ്പിററലിലെ ഡോക്ടർ വീസ് അവർകളേയും, സ്ഥാപനങ്ങളുടെ ഡയറക്ടർ റവ. ജെ. കെ. ഡബ്ളിയു തോമസ് അവർകളേയും കാണാം.


## Assisi Sisters of Mary Immaculate

ഈ സന്യാസിനീസഭയിൽ ഈ ജൂൺമാസം 25-ാംനു മുതൽ VI ഫാറം ജയിച്ചവരും അതിൽ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ളവരുമായ പെൺകുട്ടികളെ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ, താഴെ കാണുന്ന വിലാസത്തിൽ എഴുതിച്ചോദിച്ചോ, ഇവിടത്തെ സ്ഥാപനങ്ങളും കന്യകാമഠങ്ങളും സന്ദർശിച്ചോ ഗ്രഹിക്കുക.

Sr. General, Assisi Sisters of Mary Immaculate
Green Gardens, Shertallay

തെക്കാട്ട് മൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം.

എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്ക് 1 മണി മുതൽ വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

# നമ്മുടെ പുതിയ നാണയങ്ങൾ

1957 ഏപ്രിൽ 1 മുതൽ പ്രയോഗത്തിൽ വരുത്തണമെന്നു ഇന്ത്യാഗവമ്മെണ്ടു് തീരുമാനിച്ചിട്ടുള്ള ദശാംശനാണയസമ്പ്രദായം അനുസരിച്ചു് നയാ പൈസ മുതൽ രൂപാവരെ ഏഴു് നാണയങ്ങളുണ്ടായിരിക്കും. ഒരു നയാ പൈസ, രണ്ടു നയാ പൈസ, 5 നയാ പൈസ, 10 നയാ പൈസ, 25 നയാ പൈസ, 50 നയാ പൈസ, 100 നയാ പൈസ എന്നിവയാണു് അവ.

രൂപയുടെ പേരും വിലയും വ്യത്യാസപ്പെടുന്നില്ലെങ്കിലും മറെറല്ലാ നാണയങ്ങളും നയാ പൈസയായിട്ടായിരിക്കും അറിയപ്പെടുക.




ദശാംശനാണയസമ്പ്രദായത്തിൽ നയാപൈസ മുതൽ രൂപാവരെ 7 തരം നാണയങ്ങളുണ്ടായിരിക്കും. പടത്തിൽ മദ്ധ്യത്തിൽ (രണ്ടാംനിര) കൊടുത്തിരിക്കുന്നതു് പുതിയ രൂപയുടെ രണ്ടു വശങ്ങളാണു്. ശേഷിച്ച ആറു നാണയങ്ങളുടെ മുഖവശമാണു് ഒന്നും മൂന്നും നിരയിൽ കാണിച്ചിരിക്കുന്നതു്. അവ ഓരോന്നിൻെറയും മറുവശത്തു് മൂന്നു സിംഹങ്ങളോടുകൂടിയ അശോകസ്തൂപമുണ്ടായിരിക്കും. കൂടാതെ "ഭാരത്" എന്നു ഹിന്ദിയിലും "ഇൻഡ്യാ" എന്നു് ഇംഗ്ലീഷിലും എഴുതിയിരിക്കും.

തുടക്കത്തിൽ 1, 2, 5, 10 നയാപൈസ നാണയങ്ങളേ പ്രചാരത്തിലുണ്ടായിരിക്കൂ. മററു നാണയങ്ങൾ —25, 50 നയാ പൈസയും പുതിയ രൂപയും—പിന്നീടേ ഏർപ്പെടുത്തുകയുള്ളു. അതുവരെ ഇപ്പോഴത്തെ കാൽരൂപാ, അരരൂപാ, ഒററരൂപാ നാണയങ്ങൾ കൈമാററത്തിനുപയോഗിക്കുന്നതാണു്. കാരണം അവയുടെ വിലയ്ക്കു ഒരു മാററവും വരുന്നില്ല. 1957 ഏപ്രിൽ ഒന്നു മുതൽ ഗവമ്മെണ്ടു കണക്കുകളിലെല്ലാം രൂപയും നയാ പൈസയും ആയിരിക്കും ഉപയോഗിക്കുക.

രൂപയും പുതിയ നാണയവും തമ്മിലുള്ള ബന്ധം പൊതുജനങ്ങൾക്കു ശരിക്കു മനസ്സിലാക്കുന്നതിനു ഓരോ നാണയത്തിലും അതു രൂപയുടെ എത്രയിലൊരംശമാണെന്നു എഴുതിയിരിക്കും. ഉദാഹരണത്തിനു് ഒരു നയാപൈസ നാണയത്തിൽ "രൂപയുടെ നൂറിലൊരംശം" എന്നു ഹിന്ദിയിൽ എഴുതിയിരിക്കും.

ഒരു നയാപൈസ ഓട്ടുകൊണ്ടും 2, 5, 10 നയാപൈസകൾ ചെമ്പു-നിക്കൽ സംയുക്തംകൊണ്ടും 25, 50 നയാ പൈസകൾ തനി നിക്കൽകൊണ്ടും ആയിരിക്കും നിർമ്മിക്കുക. എല്ലാ പുതിയ നാണയങ്ങളുടെയും ഒരു വശത്തു് അശോകസ്തംഭത്തിലെ രൂപം കൂടാതെ "ഭാരത്" എന്നു ഹിന്ദിയിലും "ഇന്ത്യ" എന്നു ഇംഗ്ലീഷിലും കൊത്തിയിരിക്കും. മറുവശത്തു് നാണയമടിച്ച വർഷവും അതിൻെറ വില (നയാ പൈസയിൽ)യും അങ്കനം ചെയ്തിരിക്കും.

നയാപൈസ രൂപയുടെ നൂറിലൊരംശമായതിനാൽ രൂപയുടെ 64-ൽ ഒരംശമായ ഇപ്പോഴത്തെ പൈസയെക്കാൾ വിലകുറഞ്ഞതാണു്. പഴയ പൈസയും പുതിയ നാണയങ്ങളും ഒരുമിച്ചു പ്രചാരത്തിലിരിക്കുന്ന ഇടക്കാലത്തു് കുഴപ്പമൊഴിക്കാനാണു് പുതിയ നാണയത്തിനു "നയാ പൈസ" എന്ന പേരു നൽകിയിട്ടുള്ളതു്. പുതിയ നാണയങ്ങൾ മൂന്നുവർഷത്തിനകം പൂർണ്ണമായി പ്രചാരത്തിലാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ദശാംശനാണയങ്ങൾമാത്രം പ്രചാരത്തിലായി കഴിഞ്ഞാൽ "നയാ" എന്ന പദം ഉപേക്ഷിച്ചേക്കാനിടയുണ്ടു്.

പുതിയ പദ്ധതിയനുസരിച്ചു് 25 നയാ പൈസ നാലണയും 50 നയാപൈസ എട്ടണയും 100 നയാപൈസ 1കയും ആയിരിക്കും. ഇപ്പോഴത്തെ രണ്ടണ, ഒരണ, അരയണ, കാലണ ഇവകൾക്കു തുല്യമായ വിലയുള്ള പുതിയ നാണയങ്ങളുണ്ടായിരിക്കയില്ല. എങ്കിലും അവയുടെ സ്ഥാനം 10 നയാ പൈസ, 5 നയാപൈസ, 2 നയാ പൈസ, 1 നയാ പൈസ ഇവകൾ കരസ്ഥമാക്കുന്നതാണു്. ഇപ്പോഴത്തെ നാണയങ്ങളും പുതിയ നാണയങ്ങളും തമ്മിലുള്ള കൈമാററനിരക്കുകൾ തയാറാക്കിവരുന്നുണ്ടു്.

### കറൻസിനോട്ടുകളുടെ കാലാവധി

ബ്രിട്ടീഷ് രാജാവിൻെറ തല അടയാളപ്പെടുത്തിയിട്ടുള്ള ഇന്ത്യാഗവമ്മെണ്ടുവക ബാങ്കുനോട്ടുകൾ (അശോകസ്തംഭം അടയാളപ്പെടുത്തിയിട്ടുള്ളവയല്ല), 1956 ഏപ്രിൽ 28 മുതൽ ആറുമാസക്കാലം കഴിയുമ്പോൾ കൈമാററംചെയ്യാവുന്ന നാണയങ്ങളല്ലാതായിത്തീരുമെന്നും അവയെ റിസർവുബാങ്കിൻെറ ഇഷ്യു ഡിപ്പാർട്ടുമെൻറുകളിലും ഗവമ്മെണ്ടിൻെറ സബ്ട്രഷറിയുൾപ്പെടെയുള്ള ട്രഷറികളിലും ഇന്ത്യൻ സ്റ്റേററുബാങ്കിൻെറ ശാഖകളായി പ്രവർത്തിക്കുന്ന ഹൈദ്രബാദ് സ്റ്റേററുബാങ്ക്, മൈസൂർ സ്റ്റേററുബാങ്ക് ഈ സ്ഥാപനങ്ങളിലും മാത്രമേ മാററാൻ സാധിക്കുകയുള്ളുവെന്നും 1956 ഏപ്രിൽ 28-ാംനു ഇന്ത്യാഗവമ്മെണ്ടു് ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന വിജ്ഞാപനത്തെ തുടർന്നു വീണ്ടും ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. വിജ്ഞാപനം ഇപ്രകാരം ഇടരുന്നു:- 1950 നുശേഷം ഈ ഇനത്തിലുള്ള നോട്ടുകൾ പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ പ്രചാരത്തിലിരിക്കുന്ന നോട്ടുകളുടെ സംഖ്യ ഏററവും കുറവായിരിക്കും. ഇന്നത്തെ രാഷ്ട്രീയനിലവാരത്തെ പരിഗണിച്ചു് പ്രചാരത്തിലിരിക്കുന്ന ഈ നോട്ടുകളെ പിൻവലിച്ചു് അശോകസ്തംഭം അടയാളമുള്ള നോട്ടുകൾ നൽകുന്നതു വിഹിതമായിരിക്കുമെന്നു കരുതുന്നു. ഇക്കാരണങ്ങളാൽ ഈ നോട്ടുകളെ കൈമാററനാണയങ്ങളല്ലാതാക്കിത്തീർക്കുകയാണെങ്കിലും റിസർവുബാങ്കിൻെറ ഏജൻസികളിൽ ഈ തീയതിക്കുശേഷവും ഈ ഇനത്തിലുള്ള നോട്ടുകൾ മാററിവാങ്ങാവുന്നതാണു്.

---

ൻെറ ലോകജീവിതം അതിനുള്ള ഒരു ഒരുക്കംമാത്രമാണെന്നും മരണാനന്തരം എല്ലാവരും നിത്യസമ്മാനാർഹരായിത്തീരുവാൻ ശ്രമിക്കേണ്ടതു് നമ്മുടെ സർവ്വപ്രധാനമായ ജീവിതലക്ഷ്യമാണെന്നും വിശദമാക്കുന്നു. ഭൗതികസുഖാനുഭൂതിയിൽ മുഴുകിയൊഴുകുന്ന ആധുനികലോകം ആഴമായി ചിന്തിക്കേണ്ട ഒരു കാര്യമാണിതെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

# ചോദിച്ചാൽ പറയാം

[ഈ പംക്തിയിലേക്കു ചോദ്യങ്ങൾ അയക്കുന്നവർ അവരുടെ പേരും മേൽവിലാസവുംകൂടെ വ്യക്തമായി എഴുതിയിരിക്കേണ്ടതാണു്. ചോദ്യകർത്താവിനുമാത്രം അറിയേണ്ട സ്വകാര്യപ്രശ്നങ്ങളെപ്പററി ഈ പംക്തികളിൽ മറുപടി പറയുന്നതല്ല. അവയ്ക്കു മറുപടി കിട്ടണമെന്നുള്ളവർ ചോദ്യത്തോടുകൂടി ആവശ്യമായ സ്റ്റാമ്പും അടക്കംചെയ്തിരിക്കേണ്ടതാണു്. പലരും ചോദ്യങ്ങൾ അയക്കുന്നതാകകൊണ്ടു്, ആരും മറുപടി "അടുത്തലക്കത്തിൽതന്നെ" വേണമെന്നു ശാഠ്യംപിടിക്കരുതു്.]

ചോ: റോമാസിംഹാസനത്തിൽ ഒരു പെൺപാപ്പാ ഭരിച്ചിരുന്നുവെന്നു എൻെറ ഒരു സ്നേഹിതൻ പറയുന്നു. അതു ശരിയാണോ? കെ. പി. മൂവാററുപുഴ

ഉ: അല്ല. ചിലരുടെ ഭാവനയിൽ ഉടലെടുത്ത ഒരു സങ്കല്പകഥയാണതു്. സുബുദ്ധിയുള്ള ആരും ഇന്നതു വിശ്വസിക്കുന്നില്ല.

13-ാം നൂററാണ്ടിലെ ജോൺ ഡി മെയിലി, സ്റ്റീഫൻ ഡി ബൂർബൻ എന്ന രണ്ടുപേരാണത്രെ ഈ കല്പിതകഥയുടെ ആദിമസ്രഷ്ടാക്കൾ. എ. ഡി. 1100-ൽ ഈ പെൺപാപ്പാ ഭരിച്ചിരുന്നുവെന്നാണു് അവർ എഴുതിപ്പിടിപ്പിച്ചതു്. പക്ഷെ 1099-ൽ സിംഹാസനസ്ഥനായ രണ്ടാം പാസ്കൽമാർപ്പാപ്പാ 1118 വരെ തിരുസഭയെ ഭരിച്ചിരുന്നതുകൊണ്ടു്, അതിനിടയ്ക്കു മറെറാരു പാപ്പായ്ക്കു ഭരിക്കാൻ സാദ്ധ്യമല്ലല്ലോ. ട്രൊപ്പൗവിലെ മർട്ടിൻ എന്നയാൾ 855 ലാണു് ഈ പെൺപാപ്പാ ഭരിച്ചിരുന്നതെന്നു പറഞ്ഞു. ആ തിയതിയിലും ഒരു പെൺപാപ്പായ്ക്കു ഭരിക്കുവാൻ സാദ്ധ്യമല്ല. 855 ജൂലൈ 17-ാം തിയതിയാണു നാലാം ലിയോ മാർപ്പാപ്പാ മരിച്ചതു്. ഉടനെതന്നെ മൂന്നാം ബനഡിക്തോസുമാർപ്പാപ്പാ സ്ഥാനാരോഹണംചെയ്തു. 855 സെപ്ററംബർ 28-ാം തിയതി മരിച്ച ലെതയർചക്രവർത്തിയുടേയും മൂന്നാം ബെനഡിക്തോസ് മാർപ്പാപ്പായുടേയും രൂപങ്ങളുള്ള നാണയങ്ങളുണ്ടു്.

കത്തോലിക്കരുടെ വകയല്ലാത്ത "ചേംബേഴ്സ് എൻസൈക്ലോപീഡിയാ" എന്ന വിജ്ഞാനകോശം പറയുന്നതു നോക്കുക: "പതിനാലാം നൂററാണ്ടുവരെ ഈ പെൺപാപ്പായുടെ കഥ ഒരുത്തരും കാര്യമായി കരുതിയിരുന്നില്ല. അക്കാലമായപ്പോഴേക്കും അതിനു പല പൊടിപ്പും തൊങ്ങലുമുണ്ടായി. ജോൺ ഹസ്സു മുതലുള്ള പാഷണ്ഡിപത്യത്തിൻെറ ശത്രുക്കൾക്കു അതു് അനുകൂലമായ ഒരു വടിയായിത്തീർന്നു. ഈ കെട്ടുകഥയെപ്പററിയുള്ള വിമർശം ആരംഭിച്ചപ്പോൾ, അതു് ആ കെട്ടുകഥപോലെതന്നെ സാങ്കല്പികമായിത്തീർന്നു. വ്യക്തികളെപ്പററിയുള്ള പരിഹാസങ്ങളും, ചില ഇടത്തുടവിശേഷങ്ങളെപ്പററിയുള്ള രൂപകപ്രയോഗങ്ങളുമാണു് ഈ കെട്ടുകഥയ്ക്കു് ആധാരമെന്നു 17-ാം നൂററാണ്ടിലെ പണ്ഡിതന്മാർ വിശദീകരിച്ചു. 1863-ൽ ഡോളിഞ്ചർ ഈ കല്പിതകഥകൾക്കെല്ലാം അന്ത്യപ്രഹരം നൽകി. ഈ കെട്ടുകഥ വളരെക്കാലം കഴിഞ്ഞുണ്ടായതാണെന്നു അദ്ദേഹം തെളിയിച്ചു. പുരാണവസ്തുവശിഷ്ടങ്ങളിൽ ജോലിചെയ്തുകൊണ്ടിരുന്ന മദ്ധ്യയുഗകാലത്തെ ചില പുരാവൃത്താന്വേഷകരുടേയും ദേശസഞ്ചാരികളുടേയും ഭാവനയിൽനിന്നു ഉത്ഭവിച്ചതാണു്" അതെന്നു വ്യക്തമാക്കുകയുംചെയ്തു. (Chambers Encyclopedia Vol. viii, pp. 110—112)

ചോ: കലാവാസനയുള്ള യുവതീയുവാക്കന്മാർ കലാപരമായി ഉയരുന്നതിനും, ഉപജീവനത്തിനു് ഒരു മാർഗ്ഗമായും നാടകങ്ങളിലും സിനിമാകളിലും അഭിനയിക്കുന്നതു നീതീകരിക്കാമോ? സഭ അതിനെ തടയുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ? എ. എ. ടി. തൃക്കൊടിത്താനം

ഉ: കലാവാസനയുള്ള യുവതീയുവാക്കന്മാർ കലാപരമായി ഉയരുന്നതിനോ ഉപജീവനത്തിനോ വേണ്ടി നാടകങ്ങളിലും സിനിമാകളിലും അഭിനയിക്കുന്നതിനെ സഭ തടയുകയോ നിരുത്സാഹപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നുതന്നെയല്ല, കലകളുടേയും സം

(ശേഷം 10-ാം പേജിൽ)

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

## പുതിയ അംഗീകൃതപാഠ്യപുസ്തകങ്ങൾ

| | ക. | ണ. | പ. |
|---|---|---|---|
| 1. 9-ാം സ്റ്റാൻഡാർഡ് (IV Form) സാമൂഹ്യപാഠം | 1 | 14 | 0 |
| By Prof: P. R. Krishna Iyer M. A., Abraham K. Kurian M. A., K. E. Job M. A., L. T. | | | |
| 2. 9-ാം സ്റ്റാൻഡാർഡ് (IV Form) ഹൈസ്കൂൾ ഗണിതം | 1 | 4 | 0 |
| By K. V. Ramachandra Pai, M. A., B. T. M. C. Joseph B. A. L. T., | | | |
| 3. 6-ാം സ്റ്റാൻഡാർഡ് (I Form) സാമാന്യശാസ്ത്രം | 0 | 13 | 0 |
| By P. S. Mathew B. A. B. T. | | | |
| 4. 5-ാം സ്റ്റാൻഡാർഡ് പൊതുവിജ്ഞാനീയം | 0 | 14 | 0 |
| By K. E. Job M. A., L. T. | | | |
| 5. 4-ാം സ്റ്റാൻഡാർഡ് പൊതുവിജ്ഞാനീയം | 0 | 14 | 0 |
| By K. E. Job M. A., L. T., K. T. Sebastian M. A. | | | |

Specimen Copies shall be supplied on request as soon as the new editions are ready.

Manager
Assissi Publishing House
Changanacherry

## ഇടവകവാർത്തകൾ

**വെട്ടിമുകൾ:** സ്ഥലം സെൻറ് മേരീസ് സൺഡേസ്കൂൾ വാർഷികമഹാമഹം മേയ് 27-ാം തീയതി ഞായറാഴ്ച രണ്ടുമണിക്ക് റവ ഫാദർ സൈമൺ കോട്ടൂർ ബി എ, എസ് ടി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുകയും, തദവസരത്തിൽ ശ്രീ കുര്യാക്കോസ് ജെ മററം ബി എസ്‌സി, ബ്രദർ തോമസ് വയലിൽ ബി എ എന്നിവർ പ്രസംഗിക്കുകയുംചെയ്തു. യോഗാനന്തരം സൺഡേസ്കൂൾവിദ്യാർത്ഥികൾ "പുന്നാരമോൻ" എന്ന പ്രഹസനം തന്മയത്വമായി അഭിനയിച്ചു.

**ആയവന:** ഈ ഇടവകയിലെ ചെറുപുഷ്പമിഷൻലീഗിൻേറയും മരിയസഖ്യത്തിൻേറയും സംയുക്തവാർഷികം മേയ് 27-ാം തീയതി ഞായറാഴ്ച 10 മണിക്ക് റവ ഫാദർ ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട് എസ് ജെ, എം എ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ ഫാദർ ജേക്കബ് വെള്ളരിങ്ങാട്ട്, കുമാരി പി ജെ തങ്കമ്മ ബി എസ്‌സി ബി ടി എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "ആത്മാർപ്പണം" എന്ന പ്രഹസനവും ഉണ്ടായിരുന്നു.

**തൊടുംകുന്നം:** സൺഡേസ്കൂൾ, മിഷൻലീഗ്, സൊഡാലിററി എന്നീ സംഘടനകളുടെ സംയുക്തവാർഷികം സ്ഥലം സെൻറ് ജോൺ ബാപ്റ്റിസ്റ്റ് ഹൈസ്കൂൾ ഹാളിൽവച്ച് മേയ് 27-ാംനു ഞായറാഴ്ച ആഘോഷിക്കപ്പെട്ടു. റവ ഫാദർ മാത്യു കാട്ടടി അവർകളുടെ അദ്ധ്യക്ഷതയിൽചേന്ന പൊതുസമ്മേളനത്തിൽ റവ ഫാദർ അബ്രാഹം പാലക്കരി, ശ്രീ തോമസ് സെബാസ്റ്റ്യൻ ബി എ എൽ ടി എന്നിവർ പ്രസംഗിച്ചു. മിഷൻലീഗ് ഈ വർഷത്തിൽ 730 രൂപായോളം സമ്പാദിച്ച് മിഷൻകാര്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. വേദപാഠപ്പരീക്ഷയിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനങ്ങളും തദവസരത്തിൽ നൽകപ്പെട്ടു.

**കററാനം:** കററാനം സെൻറ് സ്റ്റീഫൻസ് സീറിയൻ കത്തോലിക്കാപള്ളി ഇടവകയിലെ സൊഡാലിററികൾ, സണ്ടേസ്കൂൾ ഇവയുടെ വാർഷികം റവ ഫാദർ മാത്യു കൊമ്പനാൽ അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം പോപ്പ് പയസ് XI ഹൈസ്കൂളിൽവച്ച് മേയ് 27-ാംനു ഞായറാഴ്ച ഉച്ചയ്ക്കുശേഷംകൊണ്ടാടിയിരിക്കുന്നു. ബ്രദേഴ്സ് ചാരമൂട്ട് പി ജി എം ദാസ്, സി ജോസഫ് എന്നിവർ പ്രസംഗിച്ചു. സണ്ടേസ്കൂൾ വിദ്യാർത്ഥികളുടെ സമ്മാനദാനം തദവസരത്തിൽ നിർവ്വഹിക്കപ്പെട്ടു. ഇടയ്ക്കിടെ ബാലികാബാലന്മാരുടെ വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു.

**തിരുവല്ലാ:** തിരുമൂലപുരം ഇടവകയിലുള്ള കുട്ടികളുടെ വാർഷികധ്യാനം മേയ് 24-ാംനു മുതൽ 27-ാംനു വരെ നടത്തപ്പെട്ടു. റവ ഫാദർ റപ്പായേൽ ഒ ഐ സി ആയിരുന്നു ധ്യാനപ്രസംഗകൻ.

**അറക്കുളം പഴയ:** റെയിപ്പൂരിലുള്ള "പള്ളോട്ടൈൻസ്" മിഷനറിസഭയിൽചേർന്നു വൈദികപഠനത്തിനായി പോകുന്ന ബ്രദർ ജെ കുറിച്ചിത്താനത്തിനേയും, "വയലിലേക്ക്", "മായാത്ത ചിത്രങ്ങൾ" എന്നീ ഗ്രന്ഥങ്ങളെഴുതി പ്രസിദ്ധീകരിച്ച മിഷൻലീഗ് അറക്കുളം പ്രാദേശികകൗൺസിൽ സെക്രട്ടറിയായ ശ്രീ എ ടി മഞ്ഞക്കുന്നേലിനേയും അനുമോദിക്കുന്നതിനായി റവ ജയിക്കബ് കട്ടക്കലൻെറ അദ്ധ്യക്ഷതയിൽ മേയ് 29-ാംനു ഒരു യോഗം കൂടി. ശ്രീ എം എ തോമസ്, ശ്രീ കെ സി ജോസഫ്, ശ്രീ കെ എം ജോസഫ് എന്നിവർ പ്രസംഗിച്ചു.

**കോടിക്കുളം:** സൊഡാലിററി, മിഷൻലീഗ്, വിൻസെൻറ് ഡി പോൾ സഖ്യം, മാതൃസംഘം, മൂന്നാംസഭ മുതലായ ഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ് 13-ാംനു ഫാദർ ജേക്കബ് തേവർപാടം അവർകളുടെ അദ്ധ്യക്ഷതയിൽ സമാഘോഷിച്ചു. ശ്രീ എ ജെ ജോസഫ്, കെ കെ മാത്യു, കുരുവിള സി കാപ്പൻ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം "ഞാനും വരുന്നു" എന്ന നാടകം സ്ഥലത്തെ മിഷൻപ്രേമികളായ യുവജനങ്ങൾ വളരെ തന്മയത്വപൂർവ്വം അഭിനയിക്കുകയുണ്ടായി.

**തോടനാൽ:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മിഷൻലീഗ്, സൺഡേസ്കൂൾ മുതലായവയുടെ സംയുക്തവാർഷികവും, ലിജിയൻ ഓഫ് മേരിയുടെ ഉൽഘാടനവും മേയ് 31-ാംനു സ്ഥലം സ്കൂൾഹാളിൽവച്ചു നടത്തുകയുണ്ടായി. യോഗത്തിൽ റവ ഫാദർ എബ്രാഹം പാലക്കടി അദ്ധ്യക്ഷതവഹിക്കുകയും എം ജെ. ജോസഫ് ബി എസ്‌സി, ബ്രദർ എം ഒ ജോസഫ് എന്നിവർ പ്രസംഗിക്കുകയുംചെയ്തു.

**ചങ്ങനാശ്ശേരി:** പരിശുദ്ധ കന്യകമറിയത്തിൻെറ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപനംചെയ്തതിൻെറ ശതാബ്ദജൂബിലിസ്മാരകമായി ചങ്ങനാശ്ശേരി കത്തീഡ്റൽപള്ളിയുടെ പരിസരത്തു നിർമ്മിച്ചിരിക്കുന്ന ലൂർദ്ദുമാതാവിൻെറ ഗ്രോട്ടോ ചങ്ങനാശ്ശേരിബിഷപ്പ് മാത്യു കാവുകാട്ട് തിരുമനസ്സുകൊണ്ടു മേയ് 31-ാംനു രാവിലെ 7 മണിക്ക് വെഞ്ചരിക്കുകയും വെഞ്ചരിപ്പുപ്രസംഗത്തിനുശേഷം തിരുമനസ്സുകൊണ്ടുതന്നെ ഗ്രോട്ടോയിൽ നിർമ്മിച്ചിരിക്കുന്ന അൾത്താരയിൽ ദിവ്യബലി അർപ്പിക്കുകയുമുണ്ടായി. അവിടെവച്ചുതന്നെ ഇടവകയിലെ കുട്ടികൾക്കു ആദ്യകുർബാന നൽകുകയുംചെയ്തു.

**ചെങ്ങളം:** സ്ഥലം ചെറുപുഷ്പമിഷൻലീഗ്, സൊഡാലിററി, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം മേയ് 20-ാംനു ഞായറാഴ്ച പകൽ 3 മണിക്ക് സെൻറാൻറണീസ് ഹൈസ്കൂളിൽവച്ചു് വെരി റവ ഡോക്ടർ എൽ ജെ ചിറ്റൂർ പി എച്ച് ഡി, ഡി ഡി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ ശ്രീ എ ഒ ജോസഫ് എം എ എൽ ടി, റവ ഫാദർ അബ്രാഹം പാലക്കടി എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു കുട്ടികളുടെ വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു. സമ്മേളനാനന്തരം സ്ഥലം ചെറുപുഷ്പകലാസമിതിയുടെ ആഭിമുഖ്യത്തിൽ "എന്നിട്ടും നിങ്ങൾ എന്നെ സ്നേഹിക്കുന്നു" എന്ന സംഗീതനാടകം അഭിനയിക്കപ്പെട്ടു.




**മമ്മിയൂർ:** സ്ഥലത്തെ കോൺവെൻറുകപ്പേളയിൽ പരി. മാതാവിൻെറ തിരുനാൾ ഇക്കൊല്ലം നവമായി ജൂൺ 3-ാംനു ഞായറാഴ്ച ആഡംബരപൂർവ്വം ആഘോഷിക്കയുണ്ടായി. തിരുനാൾകർമ്മങ്ങൾ റവ ഫാദർ ജോർജ്ജ് പാനിക്കുളം അവർകൾ നിർവ്വഹിച്ചു. ഇടന്നു 500-ൽപ്പരം സാധുക്കൾക്ക അരിവിതരണവും അന്നദാനവും നടന്നു.

**ചിറനെല്ലൂർ:** സ്ഥലത്തു സംസ്ഥാപിതമായിട്ടുള്ള സി വൈ എം എ യുടെ ആഭിമുഖ്യത്തിൽ മാതൃവണക്കാഘോഷത്തിരുനാൾ ഇക്കൊല്ലവും കൊണ്ടാടപ്പെട്ടു. റവ ഫാദർ മാത്യു പാലയൂർ പ്രസംഗിച്ചു. "മാതാവിൻെറ വ്യാകുലം എഴുന്നള്ളിപ്പ്"ഘോഷവും, കരിമരുന്നുപ്രയോഗവുമുണ്ടായിരുന്നു.

**അഹമ്മദാബാദ്:** അഹമ്മദാബാദ് കേരളകത്തോലിക്കാ അസ്സോസിയേഷൻെറ രണ്ടാംവാർഷികസമ്മേളനം ജൂൺ 3-ാംനു ഞായറാഴ്ച കാലത്തു 9-30-നു സ്ഥലം സെൻറ് സേവിയേഴ്സ് ഹൈസ്കൂൾഹാളിൽവച്ചു് റവ ഫാദർ ജോൺ അറംചേരിൽ എസ് ജെ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമാൻ ടി വി സഖറിയായുടെ സ്വാഗതപ്രസംഗത്തിനുശേഷം, അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗം നടന്നു. തുടന്നു മി കെ ഐ തോമസ് പ്രസംഗിച്ചു. രക്ഷാധികാരി റവ ഫാദർ ലോറൻസ് കേരളകത്തോലിക്കാ അസ്സോസിയേഷൻെറ പ്രവത്തനത്തെ പ്രശംസിച്ചു സംസാരിക്കുകയുണ്ടായി. സിക്രട്ടറി ശ്രീമാൻ എം എ തോമസിൻെറ കൃതജ്ഞതാപ്രകടനത്തിനുശേഷം യോഗം സമംഗളം പര്യവസാനിച്ചു.

## വിവാഹ വാർത്തകൾ

**പാലാരിവട്ടം:** സ്ഥലത്തെ ചെട്ടിപ്പറമ്പിൽ ശ്രീ സി എം റാഫേലിൻെറ പുത്രി മേരിയും പറവൂർ ചാലാവീട്ടിൽ ഔസേപ്പ് എന്നയാളുടെ പുത്രൻ സി ഒ ദമക്കളും തമ്മിലുള്ള വിവാഹം ജൂൺ 6-ാംനു കാലത്തു എഴുമണിക്ക് സ്ഥലം സെൻറ് ജോൺസ് പള്ളിയിൽവച്ചു നടന്നിരിക്കുന്നു. റവ ഫാദർ അഗസ്റ്റിൻ കുററിക്കൽ അവർകളാണ് വിവാഹകർമ്മം ആശീർവദിച്ചതു്.

**കല്ലൂർ:** സ്ഥലം പടിഞ്ഞാറെ പള്ളി ഇടവക തേനംകുടത്തു വട്ടക്കുഴി ലോന മകൻ കുഞ്ഞുവറീതും തൃശ്ശൂർ തട്ടിൽ ചോറുപുഴക്കാരൻ വറീതു മകൾ ത്രേസ്യായും തമ്മിലുള്ള വിവാഹം തൃശ്ശൂർ വ്യാകുലമാതാവിൻെറ പള്ളിയിൽവെച്ച് മേയ് 28-ാംനു നടന്നു.

## ചരമവാർത്തകൾ

**മുട്ടുചിറ:** മുട്ടുചിറ ഫൊറോനാപ്പള്ളി ഇടവകയിലെ ഒരു പ്രധാനകുടുംബാംഗമായ ശ്രീ ജോസഫ് കൊട്ടുകപ്പള്ളി (പാലാക്കാരൻ) യുടെ പുത്രനും കടുത്തുരുത്തി സെൻറ് മൈക്കിൾസ് ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിയുമായിരുന്ന ജോൺസൺ പി ജോസ് ജൂൺ 1-ാംനു എറണാകുളം ജനറൽആശുപത്രിയിൽവച്ചു നിര്യാതനായി. ശവസംസ്കാരം പിറേറദിവസം മുട്ടുചിറപള്ളി സിമിത്തേരിയിൽ ഒട്ടേറെ വൈദികരുടേയും ബന്ധുമിത്രാദികളുടേയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കുകയുണ്ടായി.

**പ്രവിത്താനം:** പ്രവിത്താനംപള്ളി ഇടവക കഴിഞ്ഞാലിൽ ഇസ്സഹാക്കു് ചെറിയതു് തൻെറ 79-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു മേയ് 25-ാംനു വെളുപ്പിനു നാലുമണിക്കു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം പരേതൻെറ പുത്രൻ റവ ഫാദർ മാത്യു കഴിഞ്ഞാലിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും 50-ൽപ്പരം വൈദികരുടെ സഹകരണത്തിലും പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ നിർവ്വഹിക്കപ്പെട്ടു.

**കുമ്പളങ്ങി:** കണ്ണങ്കേരി പരേതനായ ലോറൻസ് അവർകളുടെ ഭാര്യ മറിയം മേയ് 25-ാം തിയതി വെള്ളിയാഴ്ച 90-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശനിയാഴ്ച ഉച്ചതിരിഞ്ഞു മൂന്നുമണിക്കു ബ: ജയിക്കബ് കണ്ണങ്കേരിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും ശവസംസ്കാരം നടത്തപ്പെട്ടു.

**തോട്ടക്കര:** കഞ്ഞിരക്കൊമ്പിൽ തെക്കേവീട്ടിൽ ഇട്ടിയവിര ഭാര്യ മറിയം അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു തൻെറ 60-ാമത്തെ വയസ്സിൽ മേയ് 29-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ ഫാദർ അബുന്തിയോസ് ടി ഒ സി ഡി പരേതയുടെ സഹോദരപുത്രനാണ്.

**തിടനാട്:** പൂഞ്ഞാർ കരോട്ട് മൂവേലിൽ കുര്യൻ മറിയം മേയ് 31-ാംനു 65-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം 12 മണിക്ക് സ്ഥലം പള്ളിവികാരിയുടെ പ്രധാനകാർമ്മികത്വത്തിലും മററനേകം വൈദികരുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു.

R. I. P.



കഞ്ഞൂർ ഫൊ: ഇടവകയിലെ അൾത്താരബാലസഖ്യാംഗങ്ങൾ ദൈവഹ്വാനത്തിൻെറ ആമന്ത്രണം ശ്രവിക്കാൻ ആലുവാ സെമ്മിനാരികൾ സന്ദർശിച്ചപ്പോൾ എടുത്ത ഫോട്ടോ.

## തിരുക്കൊച്ചിവാർത്തകൾ

തിരു-കൊച്ചി അഡൈ്വസർ മി പി എസ് റാവുവിനു 3500 ക യാണ് പ്രതിമാസശമ്പളം. ആദായനികുതി മുതലായവ നൽകിക്കഴിഞ്ഞാൽ ഒരാകം 1800 ക അദ്ദേഹത്തിനു കിട്ടുന്നതാണ്.

—ഡിസ്ട്രിക്ട് കളക്ടർമാരുടെ ആഫീസുകളിൽ ഇപ്പോഴുള്ളവക്കു പുറമെ ഓരോ ഡെപ്യൂട്ടികളക്ടർമാരെക്കൂടെ നിയമിക്കുന്നതിനു ഗവമ്മെൻറുത്തരവായിരിക്കുന്നു.

—മരച്ചീനി, മരച്ചീനിമാവു ഇവയുടെ കയററുമതിയിൽ കപ്പൽക്കൂലിയിൽ സാരമായ കുറവുവരുത്തിയിരിക്കുന്നു. മുൻപു ടണ്ണിനു 151 ക യായിരുന്നതു് ഇപ്പോൾ 107 ക യായി കുറച്ചിരിക്കുന്നു.

—സ്പെഷ്യൽ ട്രാൻസ്പോർട്ടു ഡയറക്ടരായി ശ്രീ വേലുപ്പിള്ളയേയും സ്പെഷ്യൽ കൃഷിഡയറക്ടരായി മി പി ഡി നായരേയും നിയമിച്ചിരിക്കുന്നു.

—തൃശ്ശൂർ ഇൻഡസ്ട്രിയൽ എസ്റ്റേററു സ്ഥാപിക്കവാൻ ഒല്ലൂരിൽ റെയിൽവെലൈനും മെയിൻറോഡിനും ഇടയ്ക്കുള്ള 40 ഏക്കർ സ്ഥലം തിരഞ്ഞെടുത്തിരിക്കുന്നു.

—കഴിഞ്ഞ മാർച്ചിൽ നടത്തപ്പെട്ട ഇൻറർമീഡിയററ് പരീക്ഷയിൽ തൃശ്ശൂർ സെൻറ് തോമസ് കോളേജിൽനിന്നു 304 വിദ്യാർത്ഥികൾ ചേർന്നിരുന്നതിൽ 201 പേർ (66 ശതമാനം) പാസായിരിക്കുന്നു. ഇവരിൽ 18 പേർ ഒന്നാംക്ലാസിലും 63 പേർ രണ്ടാംക്ലാസിലുമാണു പാസ്സായതു്. ഒന്നാംപാർട്ടിനു 72 ശതമാനവും രണ്ടാംപാർട്ടിനു 92 ശതമാനവും മൂന്നാംപാർട്ടിനു 81 ശതമാനവും പാസായി.

—തിരുക്കൊച്ചിസർവ്വീസിൽ നിന്നും രണ്ടു സീനിയർ ഉദ്യോഗസ്ഥന്മാരെ പരിശീലനാർത്ഥം മദ്രാസിലേക്കയക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—ഗവർമ്മെൻറുജീവനക്കാരുടെ സംഘടനകളിൽ രാഷ്ട്രീയപ്രവത്തകർ നേതൃത്വംവഹിക്കവാൻ പാടില്ലെന്നും അങ്ങനെയുള്ള സംഘടനകളെ അംഗീകരിക്കുന്നതല്ലെന്നും ഗവർമ്മെൻറുത്തരവായിരിക്കുന്നു.

—മെ: പി ഡി തൊമ്മൻ ചെയർമനായും വെങ്കിടാചലയ്യർ, എസ് രാമനാഥൻ എന്നിവർ അംഗങ്ങളായുമുള്ള തിരുക്കൊച്ചി ജനറൽ സെയിൽസ്ടാക്സ് അപ്പലേററ് ട്രിബ്യൂണലിനെ ഗവമ്മെൻറു നിയമിച്ചിരിക്കുന്നു.

—പെരുമാനൂരിൽ സ്ഥാപിതമായിരിക്കുന്ന ഫിഷറി ട്രെയിനിംഗ് സെൻററിൻെറ ഉൽഘാടനം അഡൈ്വസർ മി പി എസ് റാവു നിർവ്വഹിച്ചിരിക്കുന്നു.

—തിരുക്കൊച്ചി പ്ലാനിങ്ങ് സിക്രട്ടറി മി എം മാത്യു ബി എ ബി എൽ നെ അഡിഷനൽ പ്ലാനിങ്ങ്കമ്മീഷണറായി നിയമിച്ചിരിക്കുന്നു.

—സോഷ്യൽ എഡ്യൂക്കേഷൻ ഡെപ്യൂട്ടിഡയറക്ടരായി, 450-600 ക ഗ്രേഡിൽ, എറണാകുളം ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ മി ഇ പി ഐസക്കിനെ നിയമിച്ചിരിക്കുന്നു.

—ഇക്കഴിഞ്ഞ തിരുവിതാംകൂർ സർവ്വകലാശാലാ ഇൻറർമീഡിയററ് പരീക്ഷയിൽ മൂവാററുപുഴ നിർമ്മലാകോളേജിൽ ചേർന്നിരുന്ന വിദ്യാർത്ഥികളിൽ 37 ശതമാനം മുഴുവൻപാസു കരസ്ഥമാക്കിയിരിക്കുന്നു. 20 പേർ ഒന്നാംക്ലാസിലും 43 പേർ രണ്ടാംക്ലാസിലുമാണു ജയിച്ചിരിക്കുന്നതു്. സംസ്ഥാനവിജയശതമാനം 28·9 ആണു്.

—o—

—260 മെംബർമാരുള്ള ഇൻഡൊനേഷ്യൻ പാർലമെൻറിൽ 7 കത്തോലിക്കർമാത്രമേയുള്ളുവെങ്കിലും, മന്ത്രിസഭയിൽ രണ്ടു കത്തോലിക്കരുണ്ട്. കൃഷികാര്യമന്ത്രി മി. സെഞ്ചുർഡിയും ഗതാഗതമന്ത്രി മി. ഡി റോസാരിയും.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || JUNE 13, ERNAKULAM || No 42


## ഭവ്യലോകസംവിധാനം

അധഃപതനം ചെയ്തുകൊണ്ടിരിക്കുന്ന ആധുനികലോകം ദുഷ്പ്രവണതകളെ തടഞ്ഞുനിർത്തുന്നതിനും ആദർശയോഗ്യവും സമാധാനപൂർണ്ണവുമായ ഒരു ഭവ്യലോകത്തെ സംവിധാനംചെയ്യുന്നതിനും ലോകവ്യാപകമായ ഒരു വ്യഗ്രത അനുദിനം വർദ്ധിച്ചുവരികയാണെന്നുള്ളത് പരമ ബോദ്ധ്യമായിട്ടുള്ള ഒരു വസ്തുതയാണ്. ഈ പുതിയ പശ്ചാത്തലത്തിലാണ് ഇന്നത്തെ കാലത്തു വളരെയധികം പ്രസ്ഥാനങ്ങൾ ഉടലെടുത്തിട്ടുള്ളത്. അധഃപതിച്ച ലോകത്തെ സമുദ്ധരിക്കുക; അവശതകൾ പരിഹരിക്കുക; ജീവിതസൗകര്യം ഒരുക്കിവരുത്തുക മുതലായ മുദ്രാവാക്യങ്ങളാണ് അവയോരോന്നും സ്വീകരിച്ചുകാണുന്നത്. ആദർശങ്ങളിലും പ്രവർത്തനപദ്ധതികളിലും വിരുദ്ധങ്ങളായ പ്രസ്ഥാനങ്ങൾപോലും മുദ്രാവാക്യങ്ങളിൽ ഒന്നിക്കുന്ന രംഗം സാധാരണജനങ്ങളെ അമ്പരപ്പിക്കുന്നതിൽ അതിശയിക്കാനില്ലല്ലോ. അതുകൊണ്ട് സാക്ഷാത്തായ ലോകോദ്ധാരണപദ്ധതി എന്താണെന്നും അതുൾക്കൊള്ളേണ്ട മൗലികമായ ആദർശങ്ങൾ എന്തൊക്കെ ആയിരിക്കണമെന്നും സാമാന്യജനങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടത് ആശയക്കുഴപ്പങ്ങളും ആബദ്ധങ്ങളും അകലുന്നതിനു അനിവാര്യമായിരിക്കുന്നു.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തീക്ഷ്ണമനസ്സുകൊണ്ട് ഒരു ഭവ്യലോകസംവിധാനത്തിനു വേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ആധുനികകാലത്തെ ഏററം മികച്ച പ്രേഷിതപ്രവരനാണ്. അവിടുന്നു മാർപ്പാപ്പായായി അവരോധിക്കപ്പെട്ട ആദ്യകാലം മുതൽതന്നെ അവിടുന്നു വിരചിച്ചിട്ടുള്ള വിശ്വലേഖനങ്ങളിലും നിർവ്വഹിച്ചിട്ടുള്ള നിരവധി പ്രഭാഷണങ്ങളിലും ഈ ആശയം ഊടും പാവുംപോലെ ഇടകലർന്നു കിടക്കുന്നതായി കാണാൻ പ്രയാസമില്ല. 1952 ഫെബ്രുവരി 10-ാം തീയതിയിലെ അവിടുത്തെ പ്രഭാഷണത്തിൽ ഈ ആശയം അതിവ്യക്തമായ ഒരു രൂപം പ്രാപിച്ചിരിക്കുന്നതായും, ആധുനികലോകാന്തരീക്ഷത്തിൽ ഒരു സമാഹ്വാനമായിത്തന്നെ അതു മുഴങ്ങുന്നതായും നാം കാണുന്നു. "ലോകത്തെ അതിന്റെ അടിത്തറമുതൽ ഇളക്കിപ്പണിയേണ്ടിയിരിക്കുന്നു; നമ്മുടെ ഈ റോമാപട്ടണംതന്നെ അതു സമാരംഭിക്കുകയും വേണം. നഗരങ്ങൾ മാത്രമല്ല രാജ്യങ്ങളും, ഭൂഖണ്ഡങ്ങളും, മാനവവംശം മുഴുവനും ക്രിസ്തുവിലേക്കു പ്രത്യാഗമിക്കുന്ന രംഗം അവ്വിധത്തിൽ ദർശിക്കുന്നതിനുള്ള ഭാഗ്യം നമ്മുടെ നയനങ്ങൾക്കു കൈവരുന്നതാണ്" എന്നത്രെ തിരുമേനി പ്രസ്താവിച്ചത്. തീവ്രമായ തിരുമനസ്സിലെ ഈ ആഹ്വാനത്തിന്റെ പരിണതഫലമായി റോമിൽ അദ്യാപി നടന്നുപോരുന്ന ഒരു പ്രസ്ഥാനമാണ് ഫ്റസ്കാററി എന്ന സ്ഥലത്തുള്ള വില്ല മോൺഡ്രാഗോണിലെ ഏകാന്തധ്യാനം. അവിടെയുള്ള പലാസ്സോ അൽസിയേറിയിൽനിന്ന് ഇന്നാളുവരെ 184 മെത്രാപ്പോലീത്താമാരും മെത്രാന്മാരും, 5000 വൈദികരും, അനേകായിരം സന്യാസശ്രേഷ്ഠന്മാരും, 24 ഒന്നാംകിടരാജ്യതന്ത്രജ്ഞന്മാരും, 2000 അൽമായപ്രമുഖരും ഗണംഗണമായി ധ്യാനപരിപാടികൾ നിർവ്വഹിച്ച് "ഭവ്യലോകാദർശ"ത്തെ സ്വീകരിച്ച് പുറത്തുവന്നിട്ടുണ്ട്. പരിശുദ്ധ പിതാവു ഏററവുമധികം അഭിലഷിക്കുന്ന ഈ നവീകരണപ്രസ്ഥാനം വ്യക്തികളേയും സംഘടനകളേയും ആന്തരികമായ ദിവ്യചൈതന്യത്തിലേക്കുയർത്തുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മനുഷ്യനിൽ ദൈവത്തിന്റെ സനാതനപ്ലാനനുസരിച്ചുള്ള ഒരു ആന്തരികപരിവർത്തനം വരാതെ ബാഹ്യമായ പ്രവർത്തനങ്ങളൊന്നും ഒരു ഭവ്യലോകസൃഷ്ടിക്കു സഹായകമാവുകയില്ല എന്നുള്ളതാണ് ഇതിലടങ്ങിയിരിക്കുന്ന തത്വം.

പരിശുദ്ധ മാർപ്പാപ്പായുടെ ആദർശമനുസരിച്ചുള്ള ഭവ്യലോകസംവിധാനപദ്ധതിയിൽ അത്യുത്സുകമായി ഏർപ്പെട്ടിരിക്കുന്ന ഒരു പ്രവർത്തകനാണ് ഫാദർ റിക്കാർഡോ ലൊംബാർഡി എസ്. ജെ. അദ്ദേഹം ഏതദ്വിഷയത്തെ അധികരിച്ച് ഈയിടെ കത്തോലിക്ക് ഹെറാൾഡ് എന്ന ഇംഗ്ലീഷ് പത്രത്തിൽ പാണ്ഡിത്യോചിതമായ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിലദ്ദേഹം പറയുന്നതിപ്രകാരമാണ്: ഈ വസ്തുതകൾ എനിക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ടാണ് ഞാൻ അവയെ രേഖപ്പെടുത്തുന്നത്. കണ്ടുകൊണ്ടുതന്നെയാണ് ഞാനവയെപ്പററി ചിന്തിച്ചതും. ഒരു പുതിയലോകം ഉദയമായിത്തീരുകയാണ്— അതു അഭിനവവും ഭവ്യവുമായ ഒരു ക്രമമായിരിക്കും. ദൈവത്തിന്റെ പ്ലാൻ അതിൽ നിഴലിക്കുന്നുണ്ട്. ദൈവം അഭിലഷിക്കുന്നരീതിയിൽ ഈ രംഗത്തു നാം സഹകരിക്കുകയാണെങ്കിൽ, ആധുനികലോകത്തിൽ മാനവവംശത്തിന്റെ നന്മയ്ക്കായി അത്ഭുതാവഹമായ ഒരു കൃത്യം നിറവേററുന്നതിനു നമുക്കു സാധിക്കും. ഇതു സുവിശേഷത്തിന്റെ വിനാഴികയാണ്. ക്രിസ്തുവിന്റെ വാക്കുകളെ ശ്രവിക്കുന്നതിനു ജനത അനിതരസാധാരണമായ ഔത്സുക്യം പ്രകടമാക്കുന്നുണ്ട്. ഒഴിഞ്ഞ ഹൃദയങ്ങളെ അവിടുത്തെ ദിവ്യവചനംകൊണ്ടു നിറച്ച് ആത്മാവിന്റെ ഈ ആവശ്യത്തെ നിറവേററുവാൻ ക്രിസ്തു അഭിലഷിക്കുകയുംചെയ്യുന്നു.

ഇന്നത്തെ ലോകത്തിൽ നടമാടുന്ന വിവിധാധഃപതനങ്ങളെ സമ്യക്കായി വിവരിച്ചശേഷം അദ്ദേഹം പറയുകയാണ്:- ഇതെല്ലാമാണെങ്കിലും, വിനീതമായ ഈ തലമുറ ആശാപൂർണ്ണമായ ഒരു ഭാവിയുടെ പിതൃസ്ഥാനമാണ്. സ്വയം സംതൃപ്തവും വിജയപൂർണ്ണവുമായിരുന്ന പല അതീതതലമുറകളെക്കാളും കൂടുതലായി അനുഗ്രഹാവഹമായിരിക്കുന്നുണ്ട്. എളിമയെ ഉപകരണമാക്കിയാണ് ദൈവം പ്രവർത്തിക്കുന്നത്. നമ്മുടെ സംഘാതമായ എളിമയെക്കൊണ്ട് അവിടുന്നു പ്രവർത്തിക്കും. നമുക്കൂഹിക്കുവാൻപോലും സാധിക്കാത്തവണ്ണം അവയാഹവും വിപുലവുമായ പ്ലാനുകളിൽ അവിടുത്തെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഒരു ചക്രവാളം സമാപിക്കുമ്പോൾ ഉപരിമഹത്തായ വേറൊന്നു സമാരംഭിച്ചുകഴിയും. ദൈവം മനുഷ്യനെക്കാളും, ദൈവികപ്രവർത്തനങ്ങൾ മാനുഷികപ്രവർത്തനങ്ങളെക്കാളും മഹത്തരമാണല്ലോ. ഇതാണ് മാനവചരിത്രത്തെ അതിശയിക്കുന്ന അവന്റെമേലുള്ള ദൈവികവിജയവലയങ്ങൾ.

അനന്തരം ക്രിസ്തു നമ്മുടെ ഹൃദയങ്ങളിൽ വിജയിക്കുന്നതിനും ഭവ്യലോകസൃഷ്ടി സാധിക്കുന്നതിനുമുള്ള മാർഗ്ഗമാണ് അദ്ദേഹം സംക്ഷിപ്തമായി ഉന്നയിക്കുന്നത്:- നമ്മുടെ കാലത്തിന്റെ ഏററം വലിയ ആവശ്യം സ്നേഹം വീണ്ടെടുക്കുകയും നവീകരിക്കുകയും ചെയ്യുക എന്നതാണ്. കേവലം വിശ്വസനീയമല്ലാത്ത ഒരു വലിയ കണ്ടുപിടുത്തം ഞാൻ നടത്തിയിരിക്കുന്നു. "ഉൾഴിയിലെ ഖിലസാരമായി നിലകൊള്ളുന്ന സ്നേഹം ഇന്നു യാതൊരുത്തനും പഠിപ്പിക്കുന്നില്ല. തത്വശാസ്ത്രജ്ഞന്മാർ തത്വശാസ്ത്രം പഠിപ്പിക്കുന്നു. യന്ത്രശാസ്ത്രജ്ഞന്മാർ യന്ത്രം പഠിപ്പിക്കുന്നു. രാഷ്ട്രമീമാംസകർ രാഷ്ട്രതന്ത്രം പഠിപ്പിക്കുന്നു. എന്നാൽ സ്നേഹമോ? വല്ല നാടകവേദികളിലോ സിനിമാശാലകളിലോ സ്നേഹമെന്ന ശബ്ദം നാം കേട്ടേക്കാം. എന്നാൽ അവയായിരിക്കുമോ സ്നേഹശാസ്ത്രം പഠിപ്പിക്കുന്ന വിദ്യാലയങ്ങൾ? അല്ലതന്നെ അതെല്ലാം സ്വാർത്ഥമലിനാംശത്തിൽ മുളയെടുക്കുന്ന സ്നേഹത്തിന്റെ വ്യഭിചാരണങ്ങൾമാത്രമാണ്. നിസ്വാർത്ഥവും ത്യാഗസമന്വിതവുമായ യഥാർത്ഥസ്നേഹമാണ് മനുഷ്യനാവശ്യം. ഈ സ്നേഹമത്രേയാണ് ആധുനികലോകം നശിപ്പിച്ചുകളഞ്ഞിരിക്കുന്നത്. അതു നാം വീണ്ടെടുക്കണമെങ്കിൽ ക്രിസ്തുവിന്റെ സുവിശേഷങ്ങളിൽ അന്വേഷിക്കണം. ഇതുതന്നെ ആവശ്യമായിരുന്നു എന്നാൽ ഇന്നു ഏററവുമധികം ആവശ്യമായിരിക്കുന്നു. സ്വർഗ്ഗവും ഭൂമിയും സന്ധിക്കുകയാണിന്ന്. സ്വർഗ്ഗീയരക്ഷകനായ ക്രിസ്തു ബഹുജനങ്ങളുടെ മദ്ധ്യത്തിൽ ലോകരക്ഷകനായി ആവിർഭവിക്കുകയാണ്.

ഈ വ്യതിയാനത്തിനനുസരിച്ച് ഒരു ജീവിതനവീകരണം സാധിക്കണമെന്നു വിശദമാക്കുകയും, കുടുംബങ്ങളുടെ ആദ്ധ്യാത്മികമായ പുനസ്സംവിധാനത്തിൽ പ്രത്യേകശ്രദ്ധ ചെലുത്തണമെന്നു ബോധിപ്പിക്കുകയും ചെയ്തുകൊണ്ടാണ് അദ്ദേഹം ലേഖനം ഉപസംഹരിക്കുന്നത്. ഭാര്യാഭർത്താക്കന്മാർതമ്മിലുള്ള അഭേദ്യമായ വിവാഹബന്ധത്തെ തല്ലിത്തകർത്ത് നിർമ്മൂലമാക്കുന്ന ഇന്നത്തെ ഭയാനകസ്ഥിതിവിശേഷത്തെ പ്രസിദ്ധീകരണങ്ങൾകൊണ്ടും സിനിമ, റേഡിയോ, ടെലിവിഷൻ മുതലായ എല്ലാ പ്രചാരണോപാധികൾകൊണ്ടും പടവെട്ടി നാമാവശേഷമാക്കണമെന്നാണ് അദ്ദേഹം ശക്തിയുക്തം ഉൽബോധിപ്പിച്ചിരിക്കുന്നത്. ചുരുക്കത്തിൽ ഒരു ഭവ്യലോകസംവിധാനത്തിൽ ദത്താവധാനരായി നാം പ്രവർത്തിക്കേണ്ട ആവശ്യത്തേയും അതിനുള്ള സർവ്വപ്രധാനമാർഗ്ഗങ്ങളേയും അദ്ദേഹം ഭംഗിയായി പ്രതിപാദിച്ചിരിക്കുകയാണ്. ഈ പ്രസ്ഥാനം നമ്മുടെ സഹകരണത്തെ ആശ്രയിച്ചാണ് പുരോഗമിക്കുക. അതുകൊണ്ട് കർത്തവ്യബോധമായി നമ്മുടെ പങ്കു വഹിക്കുന്നതിനു നമുക്കു മുമ്പോട്ടുനീങ്ങാം.

—o—

### പ്രസാധകക്കുറിപ്പുകൾ

## എ. ഐ. സി. സി. സമ്മേളനം

ബോംബെയിൽ സെൻട്രൽ ഗവമ്മെൻറുമന്ദിരങ്ങൾക്കും പ്രസിദ്ധിയേറിയ മറൈൻഡ്രൈവു കടൽത്തീരത്തിനുമിടയ്ക്കു അതിമനോഹരമായി സജ്ജമാക്കിയിരുന്ന "സിദ്ധാർത്ഥനഗറി"ൽവച്ച് ജൂൺ 2-ാം തിയതിമുതൽ എ. ഐ. സി. സി. സമ്മേളനം നടന്നു. ഭാരതത്തിന്റെ ഭാവിയെ സംബന്ധിക്കുന്ന അതിപ്രധാനമായ ചില പ്രശ്നങ്ങളാണ് ഇത്തവണത്തെ കോൺഗ്രസ്സ് സമ്മേളനത്തിനു ചർച്ചചെയ്യുവാനുണ്ടായിരുന്നത്. സംസ്ഥാനപുനസ്സംഘടനാപ്രശ്നപ്രത്യാഘാതത്തിന്റെ ചൂടേറിയ ഒരു രംഗമായിരുന്നു ബോംബെനഗരമെന്നുള്ളതുകൊണ്ട് രാജ്യവ്യാപകമായ ഈ ബൃഹത്പ്രശ്നം, അതർഹിക്കുന്ന അതിഗൗരവമായ ഒരു ചർച്ചയ്ക്കു ഒത്തിണങ്ങിയ വാദവേദിയിലാണ് രംഗപ്രവേശം ചെയ്തിരുന്നതെന്നു സ്പഷ്ടമാണല്ലോ. നേതാക്കന്മാരുടെ പ്രാരംഭപ്രസംഗങ്ങളിൽതന്നെ ഇതു വ്യക്തമാക്കപ്പെട്ടു. കോൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ ധേബാർ പതാകയുയർത്തൽ കർമ്മം നിർവ്വഹിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:- ഈ രാജ്യത്തിന്റെ ചരിത്രം ഒരു വിഷമഘട്ടത്തിലെത്തിയിരിക്കുന്ന ഈ അവസരത്തിൽ എ. ഐ. സി. സി. സമ്മേളനം ബോംബെയിൽവച്ചു നടക്കുന്നതുചിതമായിട്ടുണ്ട്. കാരണം ബോംബെയായിരുന്നു ഏററവും ബലിഷ്ഠമായ ദുർഗ്ഗം. നേതൃത്വത്തിനായി നാടാകെ ബോംബെയെ നോക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാനപുനസ്സംഘടനയെ ചൊല്ലി രാജ്യത്തിലുടനീളം അഭിപ്രായഭിന്നത നിലനില്ക്കുന്നു. കഴിഞ്ഞ ഏതാനും മാസക്കാലത്തു ദേശീയഐക്യംപോലും തകരുമോയെന്നു സംശയിക്കപ്പെട്ടുപോയി. അതിനെതിരായി സമരം ചെയ്യുകതന്നെവേണം. ഐക്യത്തിന്റെ സന്ദേശമാണ് അതിനുള്ള ഏററവും പററിയ ആയുധം. ഐക്യത്തിലൂടെ മാത്രമേ രാജ്യം സുശക്തവും അഭിവൃദ്ധിപൂർണ്ണവുമായി പരിണമിക്കൂ.

പ്രധാനമന്ത്രി ശ്രീ നെഹ്റു സമ്മേളനത്തിന്റെ ഗൗരവാവഹമായ കർത്തവ്യങ്ങളെ അനുസ്മരിപ്പിച്ചുപ്രസ്താവിച്ചതിപ്രകാരമാണ്:- ബോംബെയിൽ ചേരുന്ന എ. ഐ. സി. സി. സമ്മേളനം കോൺഗ്രസ്സ്പാർട്ടിയുടെ വിധിനിർണ്ണായകമായ ഒരു ഘട്ടത്തിലാണ് സമ്മേളിക്കുന്നത്. ഈ സമ്മേളനം കോൺഗ്രസ്സിന്റെ ഭാവികാര്യങ്ങൾക്കൊക്കെ രൂപംനൽകാതിരിക്കയില്ല. ഗവമ്മെണ്ടിന്റെ ആഭ്യന്തരനയങ്ങൾക്കും സാമ്പത്തികപരിപാടികൾക്കും പൊതുജനപിന്തുണ നേടാൻ കോൺഗ്രസ്സിനു സാധിച്ചിട്ടുണ്ട്. പക്ഷെ ആ സംഘടനയ്ക്കു ഇന്നു കടുത്ത അസ്വാസ്ഥ്യം പിടിപെട്ടിരിക്കുകയാണ്. ഇതിനുള്ള തെളിവു നാം കണ്ടുകഴിഞ്ഞു. തെരഞ്ഞെടുപ്പിൽ പററിയ പരാജയങ്ങളല്ല ഞാൻ സൂചിപ്പിക്കുന്നത്. പരാജയം സാധാരണമാണ്. ജനാധിപത്യത്തിൽ അങ്ങനെയൊക്കെ സംഭവിക്കുക പതിവാണ്. സംസ്ഥാനപുനസ്സംഘടനാനിർദ്ദേശങ്ങളെ തുടർന്നുണ്ടായ കുഴപ്പങ്ങളാണ് വാസ്തവത്തിൽ അസ്വാസ്ഥ്യത്തിന്റെ ലക്ഷണങ്ങൾ. ഇന്ത്യയുടെ ഏതെങ്കിലുംഭാഗത്തുണ്ടാകുന്ന കുഴപ്പങ്ങൾ രാജ്യത്തെ മുഴുവനായി ബാധിക്കുന്നതാണ്. ഈ പ്രശ്നത്തെപ്പററിയാണ് നേതാക്കന്മാർ പര്യാലോചിക്കേണ്ടത്. യാഥാർത്ഥ്യങ്ങളോടു സാമീപ്യമുണ്ടാകാതിരിപ്പാൻമാത്രം നാം ശിഥിലരായിത്തീർന്നിട്ടുണ്ടോ? കഴിഞ്ഞകാലങ്ങളിൽ കോൺഗ്രസ്സിനു ശക്തിനൽകിയ വിജയത്തിന്റെ നാരുകൾ അയഞ്ഞയഞ്ഞു വരുകയാണോ? കോൺഗ്രസ്സിലെ ശിക്ഷണം ബലഹീനമായി വരുകയാണെന്നു നെഹ്റു പരിതപിക്കുകയും, ശിക്ഷണമില്ലാതെ യാതൊരു സംഘടനയ്ക്കും സജീവമായി പ്രവർത്തിക്കുക സാദ്ധ്യമല്ലെന്നു ദൃഢമായി പ്രസ്താവിക്കുകയുംചെയ്തു.

ഇവിധം സമാരബ്ധമായ കോൺഗ്രസ്സ്സമ്മേളനം അതിന്റെ ചർച്ചകളെ തികഞ്ഞ ഗൗരവത്തോടും ഇടറാത്ത ധീരതയോടുംകൂടി സമാപിപ്പിച്ചു ഗവമ്മെണ്ട് ശിക്ഷണവും അച്ചടക്കവും പാലിക്കുന്നതിൽ ബദ്ധശ്രദ്ധമായിരുന്നു. എങ്കിലും ബോംബെനഗരത്തിനുവേണ്ടി പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കുന്ന സംയുക്തമഹാരാഷ്ട്രപ്രസ്ഥാനക്കാർ കരിങ്കൊടിപ്രകടനവും, കല്ലേറും, ഒട്ടുവിൽ കൊള്ളിവയ്പും നടത്തിയെന്നുള്ളതും തന്മൂലം പോലീസ് പലേ അവസരങ്ങളിലും അക്രമികൾക്കെതിരായി ലാത്തിയും, കണ്ണീർവാതകവും ഉപയോഗിക്കുന്നതിനും അവസാനം വെടിവയ്പുനടത്തുന്നതിനും നിർബന്ധിതരായിത്തീർന്നുവെന്നുള്ളതും ബോംബെനഗരത്തെ സംബന്ധിച്ചും ഇന്ത്യയ്ക്കു പൊതുവേയും അപമാനകരമായിരുന്നുവെന്നു പറയേണ്ടല്ലോ. വർഗ്ഗത്തിനും ജാതിക്കും ഭാഷയ്ക്കുംവേണ്ടിയുള്ള അന്ധമായ വിപ്ലവാസക്തി പരിഷ്കാരകേന്ദ്രമെന്നഭിമാനിക്കുന്ന ബോംബെനഗരത്തിൽ ഇപ്രകാരം കത്തിക്കാളിയതു ചരിത്രത്തിൽ ഒരു തീരാക്കളങ്കമായിരിക്കും. ഏതായാലും ഗവമ്മേർണ്ടിന്റേയും ഭരണനേതാക്കന്മാരുടേയും സുധീരമായ നിലപാട് ശ്ലാഘനീയംതന്നെയായിരുന്നു. കോൺഗ്രസ്സ് പ്രായോഗികമായ പലേ പ്രമേയങ്ങളേയും ചർച്ചചെയ്തുപാസ്സാക്കിയാണ് പിരിഞ്ഞിട്ടുള്ളത്. ലോകകാര്യങ്ങളെ സ്പർശിക്കുന്നതും, ഇന്ത്യയിലെ പഞ്ചവത്സരപദ്ധതി, അച്ചടക്കപാലനം, അക്രമരാഹിത്യം, ഭാഷാപ്രശ്നം ഇടങ്ങിയ പരിപാടികളെ സംബന്ധിക്കുന്നതുമായ പ്രസ്തുത പ്രമേയങ്ങൾ പ്രഖ്യാപിതമായ ഐക്യബോധത്തോടുകൂടി കോൺഗ്രസ്സ് നടപ്പിലാക്കുകയാണെങ്കിൽ ഇക്കൊല്ലത്തെ സമ്മേളനം വിജയിച്ചുവെന്നു സംതൃപ്തിപ്പെടാൻ സാധിക്കും.

x x x

## മതപരിവൃത്തർക്ക് ആന്ധ്രായിൽ സൗജന്യങ്ങൾ

പിന്നോക്കവർഗ്ഗക്കാരിൽനിന്നും ഗോത്രവർഗ്ഗക്കാരിൽനിന്നും ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യുവർക്കും, മതപരിവർത്തനം ചെയ്യുന്നവർക്കെല്ലാം ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മുറവിളിക്ക് ആറുകൊല്ലമായിട്ടും യാതൊരു പരിഹാരവുമുണ്ടാകാതെയാണല്ലോ ഇരിക്കുന്നത്. ഇതുസംബന്ധിച്ച് എത്ര നിവേദനങ്ങളും മെമ്മോറിയലുകളും സമർപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഇൻഡ്യൻ പ്രസിഡണ്ടിന്റേയും പ്രധാനമന്ത്രിയുടേയും അഭിപ്രായങ്ങൾവരെ വരുത്തിക്കാണിച്ചിട്ടും അധികാരികൾക്കു മനസ്സു തോന്നാതാണിരിക്കുന്നത്. കേന്ദ്രഗവമ്മെണ്ടിന്റെ അനുമതി ആവശ്യമാണെന്നുള്ള ഒരു ദുർബലന്യായത്തിലാണ് അധികാരികളുടെ ഇപ്പോഴത്തെ നിലപാടെന്നു തോന്നുന്നു. പക്ഷെ കേന്ദ്രഗവമ്മെണ്ടിന്റെ യാതൊരു അനുമതിയും കൂടാതെതന്നെ, ക്രി

സ്തുമതത്തിൽനിന്നു ഹിന്ദുമതത്തിലേക്കു പരിവർത്തനം ചെയ്യുന്നവർക്കു സൗജന്യങ്ങൾ കൊടുക്കുന്നതിനും, പട്ടികജാതിയിൽപെടാത്ത ഒരു സമുദായത്തെ അതിൽ ഉൾപ്പെടുത്തുന്നതിനും ഇവിടത്തെ ഗവൺമെണ്ട് ഉത്തരവായിട്ടുണ്ട്. കേന്ദ്രഗവൺമെണ്ടിന്റെ അനുമതി കൂടാതെതന്നെ പഞ്ചാബിൽ, പട്ടികജാതിഹിന്ദുക്കൾക്കുള്ള എല്ലാം ആനുകൂല്യങ്ങളും സിക്കുകാർക്കും കൊടുത്തുവരുന്നുണ്ടല്ലോ. ഇപ്പോൾ സെക്കണ്ടറിവിദ്യാലയങ്ങളിലെ സമ്പൂർണ്ണഫീസ്സൗജന്യം പട്ടികജാതിഹിന്ദുക്കൾക്കെന്നപോലെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവർക്കും ആന്ധ്രഗവൺമെണ്ട് അനുവദിച്ചിരിക്കുന്നു. മുഖ്യമന്ത്രി മി. ബി. ഗോപാലറെഡ്ഡി, പത്രപ്രതിനിധികളോടുചെയ്ത ഒരു പ്രസ്താവനയിലാണ് ഈ വിവരം വെളിപ്പെടുത്തിയതു്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നവരെങ്കിലും ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവരായ പട്ടികജാതിഹിന്ദുക്കൾക്കു ഇതുവരെ സെക്കണ്ടറിസ്കൂളുകളിൽ പകുതിഫീസ് സൗജന്യംമാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളു. മേലാൽ എല്ലാം ക്ലാസ്സുകളിലും അവർക്കു സമ്പൂർണ്ണഫീസ് സൗജന്യം ലഭിക്കുന്നതാണ്. ഇനിയെങ്കിലും നമ്മുടെ അധികാരികളുടെ കണ്ണുതുറക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

## അടുത്തയാഴ്ചയിൽ


ജൂൺ

14 വ്യാ: വി. ബസീലിയോസ്
15 വെ: വി. വീത്തൊസും കൂട്ടരും
16 ശ: വി. ഫ്രാൻസിസ് റേജിസ്
17 ഞാ: പന്തക്കുസ്താ 4-ാം ഞായർ
18 തി: വി. മർക്കോസും മർസലീനോസും
19 ചൊ: വി. ഗർവ്വാസീസും പ്രൊത്താസീസും
20 ബു: വി. സിൽവേരിയോസ്

(10-ാംപേജ് തുടർച്ച)

ന്ന പ്രയോഗത്തിന്റെ ഔചിത്യമെന്താണു്? വല്ലതും പറയുക, അതിനു വല്ലേടത്തുനിന്നും ഒരു സാക്ഷ്യം എഴുതിച്ചേർക്കുക, എന്നതിൽ കവിഞ്ഞ സത്യസന്ധതയൊന്നും വാദപ്രതിവാദത്തിൽ ആവശ്യമില്ലെന്നായിരിക്കും ശ്രീ പൗലൂസ്മാപ്പിളയുടെ സിദ്ധാന്തം.

വിശുദ്ധ പത്രോസ് തന്റെ സിംഹാസനം സ്ഥാപിച്ചതു അന്ത്യോക്യയിലാണെന്നും, ആദ്യം അന്ത്യോക്യയിൽ സ്ഥാപിച്ചുപോയതുകൊണ്ടു പിന്നീട്ട് അതുപേക്ഷിച്ചു് വേറൊരിടത്തു സ്ഥാപിക്കുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ലെന്നുമാണു ശ്രീ പൗലൂസ്മാപ്പിളയുടെ മറ്റൊരു വാദം. എന്നു പറഞ്ഞാൽ വിശുദ്ധ പത്രോസിനു കെട്ടുവാനല്ലാതെ അഴിക്കുവാൻ അധികാരമില്ലെന്നല്ലേ അർത്ഥം? കെട്ടുവാനും അഴിക്കുവാനും അദ്ദേഹത്തിനു അധികാരം നൽകപ്പെട്ടു എന്നു വിശ്വസിക്കുന്നവർക്കു്, അദ്ദേഹത്തിനു്, തന്റെ സിംഹാസനം എവിടെയെങ്കിലും സ്ഥാപിച്ചാൽ അവിടെനിന്നും മാററി വേറൊരിടത്തു സ്ഥാപിക്കുന്നതിനു് അധികാരമുണ്ടായിരിക്കുമെന്നു ബോദ്ധ്യമാകുന്നതാണു്. ഒരു യാക്കോബായക്കാരനെന്നു് അഭിമാനിക്കുന്ന ശ്രീ പൗലൂസ്മാപ്പിള താനിരിക്കുന്ന കൊമ്പു മുറിക്കുന്ന ദയനീയമായ ഒരു കാഴ്ചയാണു് നാം ഇവിടെ കാണുന്നതു്. പത്രോസ് അന്ത്യോക്യായിൽ സ്ഥാപിച്ച സിംഹാസനം അവിടെനിന്നും മാററി സ്ഥാപിക്കുക സാദ്ധ്യമല്ലെങ്കിൽ, ഹോംസിലും മർദ്ദീനിലും മററു സ്ഥലങ്ങളിലും താമസിക്കുന്ന യാക്കോബായപാത്രിയർക്കീസുമാർ പത്രോസിന്റെ പിൻഗാമികളായ അന്ത്യോക്യാ പാത്രിയർക്കീസുമാരാണെന്നു വാദിക്കുന്നതെങ്ങനെയാണു്?



ബ. അൽഫോൺസാമ്മയുടെ സഹായത്താൽ രോഗശാന്തി ലഭിച്ചതിനു് ഉപകാരസ്മരണ.
മറിയാമ്മ മാത്യു, മീനാട്ടൂർ, കാഞ്ഞങ്കാട്ട്, S. K.

ശ്രീ പൗലൂസ്മാപ്പിളയുടെ മറൊരു പരാതി ഒരു പെൺപാപ്പാ വത്തിക്കാനിൽ വാണിരുന്നുവെന്നുള്ളതാണു്. അതിനുള്ള സമാധാനം ഇത്തവണത്തെ ചോദ്യോത്തരങ്ങളിലുണ്ടു്. "ഒരേസമയത്തു പത്രോസിന്റെ പിന്തുടർച്ചയെ അവകാശപ്പെട്ടു മൂന്നുപേർ മത്സരിച്ചു"കാണുന്നതിലും പൗലൂസ്മാപ്പിള വിഷമിക്കുകയാണു്. ആ മൂന്നിൽ ഒന്നു മാത്രമേ യഥാർത്ഥ പിൻഗാമിയായിരിക്കുകയുള്ളു എന്നു മനസ്സിലാക്കുവാൻ ഇനിയും അദ്ദേഹത്തിനു സാധിക്കുന്നില്ല. ലോകത്തിലുള്ള ആർക്കും താൻ പത്രോസിന്റെ പിൻഗാമിയാണെന്നു പറയുവാൻ കഴിയും, പിൻഗാമി ആയിരിക്കുകയില്ലെന്നേയുള്ളു. അർഹതയില്ലാത്തവർ അവകാശപ്പെടുന്നതു് സ്ഥാനത്തിന്റെ ദൂഷ്യംകൊണ്ടല്ലെന്നു് ഇനിയെങ്കിലും അദ്ദേഹം മനസ്സിലാക്കണം.

ചുരുക്കത്തിൽ, "കഴിയുമെങ്കിൽ എന്നെയും കത്തോലിക്കനാക്കുക" എന്ന പൗലൂസ്മാപ്പിളയുടെ വെല്ലുവിളി ആരും സ്വീകരിക്കുമെന്നു തോന്നുന്നില്ല. ഇടത്തുഭാഗത്തുണ്ടായിരുന്ന കള്ളന്റെ വെല്ലുവിളിപോലെതന്നെ അതും അവഗണിക്കപ്പെടുവാനേ ഇട. അദ്ദേഹം തന്റെ മുൻവിധികൾ മാററിവെച്ചു്, "ദയാലുവായ പ്രകാശമേ, എന്നെ നയിക്കുക." എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണു വേണ്ടതു്. ദേവാലയത്തിന്റെ മദ്ധ്യത്തിൽനിന്നു പ്രാർത്ഥിച്ച പ്രീശനെക്കാൾ, ഒരു മൂലയിൽ തങ്ങി നെഞ്ഞത്തടിച്ചു പ്രാർത്ഥിച്ച ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടതു നമുക്കറിയാം. "കഴിയുമെങ്കിൽ എന്നെയും ഒന്നു നീതീകരിക്കുക" എന്നു് ആ പ്രീശൻ വെല്ലുവിളിച്ചാൽ എന്തു പറയാനാണു?

# വിവിധവൃത്താന്തങ്ങൾ

## മർദ്ദിത സഹോദരർക്കു വേണ്ടി

ഇരുമ്പുയവനികയ്ക്കു പിന്നിൽ മർദ്ദനവിധേയരായിരിക്കുന്ന സഹോദരർക്കുവേണ്ടി ഇംഗ്ലണ്ടിലെ ബർമിങ്ങാമിൽ പോളണ്ടുകാരും ഹംഗറിക്കാരും ഉക്രേനിയൻകാരുമായ 4000 ജനങ്ങൾകൂടി, ജപമാലയും ചൊല്ലിക്കൊണ്ടു ഒരു പ്രദക്ഷിണം നടത്തിയിരിക്കുന്നു. "മർദ്ദനവിധേയയായ സഭയുടെ പ്രോത്സാഹനത്തിനും സമാശ്വാസത്തിനുംവേണ്ടി"യാണു് ഈ പരിഹാരപ്രദക്ഷിണം അവർ നടത്തിയതു്. പ്രദക്ഷിണം കടന്നുപോയ വീഥിയുടെ ഇരുവശങ്ങളിലും തടിച്ചുകൂടിയ പതിനായിരക്കണക്കിനു ജനങ്ങൾ, അവരോടുകൂടി ജപമാലയിൽ സഹകരിച്ചിരുന്നു. "ഇതുപോലെയുള്ള ഒരു സന്ദർഭത്തിൽ, ഭക്തിയുടെയും ധീരതയുടേയും മഹനീയമായ ഒരു പാഠം നൽകിയിരിക്കുന്ന അവിടത്തെ മെത്രാന്മാർക്കും ജനങ്ങൾക്കുംവേണ്ടി നാം പ്രാർത്ഥിക്കണ"മെന്നും അവരെല്ലാം "ക്രിസ്തുവിൽ നമ്മുടെ സഹോദരന്മാരാണെ"ന്നും ബർമിങ്ങാം മെത്രാപ്പോലീത്താ ഒരു പ്രസംഗത്തിൽ അവരെ ഉദ്ബോധിപ്പിച്ചു. അവർക്കുവേണ്ടി മാത്രമല്ല, അവരുടെ മർദ്ദകർക്കുവേണ്ടിയും പ്രാർത്ഥിക്കണമെന്നു് അദ്ദേഹം പറഞ്ഞു. അവരുടെ കാര്യം നാം അന്വേഷിക്കേണ്ടതില്ലെന്ന ഒരു മനോഭാവം ഉണ്ടാകരുതെന്നു് അദ്ദേഹം അവരെ ധരിപ്പിച്ചു

## ഗാന്ധിജിയോ? മാർക്സോ?

നാം ഗാന്ധിജിയെ അല്ലാ കാറൽ മാർക്സിനെയാണു് അനുഗമിക്കുന്നതെന്നു മൈസൂർ മുഖ്യമന്ത്രി മി. കെ. ഹനുമന്തയ്യാ പ്രസ്താവിച്ചിരിക്കുന്നു. ഈ കാലമാററം ഇന്ത്യയ്ക്കു എത്രമാത്രം പ്രയോജനകരമായിരിക്കുമെന്നു തനിക്കറിഞ്ഞുകൂടെന്നു അദ്ദേഹം തുടർന്നു പ്രസ്താവിച്ചു. ഇന്ത്യയിലെ ഗവർമെൻറുകൾ സോഷ്യലിസം തങ്ങളുടെ ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്നതിനെ പരാമർശിച്ചു് അദ്ദേഹം പ്രസംഗിക്കുകയായിരുന്നു. ഇന്നലെവരെയുണ്ടായിരുന്ന നമ്മുടെ നേതാക്കന്മാരെ മാററി പുത്തനാളുകളെ സ്വീകരിക്കുന്നതു് ഒരു ഫാഷനായിത്തീർന്നിരിക്കുന്നു എന്നദ്ദേഹം പറഞ്ഞു. "നിങ്ങൾക്കു വേണമെങ്കിലും വേണ്ടെങ്കിലും നിങ്ങളിപ്പോൾ ഗാന്ധിജിയേക്കാൾ കൂടുതൽ കാറൽമാർക്സിനെയാണു ബഹുമാനിക്കുന്നതു്." എന്നു് അദ്ദേഹം തുറന്നു പറഞ്ഞു.

## മിസ്സിസ് പണ്ഡിററിനു ബഹുമതി

ഇംഗ്ലണ്ടിലെ ഇൻഡ്യൻ ഹൈക്കമ്മീഷണറും അയർലൻഡിലെ ഇൻഡ്യൻ സ്ഥാനപതിയുമായ മിസ്സിസ് വിജയലക്ഷ്മി പണ്ഡിററിനു് ലീഡ്സ് സർവ്വകലാശാല ഓണററി ഡോക്ടർ ബിരുദം പ്രദാനം ചെയ്തിരിക്കുന്നു. ബിരുദം പ്രദാനം ചെയ്തുകൊണ്ടു പ്രോവൈസ് ചാൻസലറും ഒരു കത്തോലിക്കനുമായ പ്രൊഫസർ ജെ. ററി വെററൺ ചെയ്ത പ്രസംഗത്തിൽ, ഇത്ര പ്രഗത്ഭയായ ഒരു വനിതയ്ക്കു ബഹുമതിബിരുദം പ്രദാനം ചെയ്യുന്നതുതന്നെ അഭിമാനകരമാണെന്നു പ്രസ്താവിക്കുകയുണ്ടായി. ലീഡ്സ് സർവ്വകലാശാലാബിരുദധാരികളായി ഇൻഡ്യക്കാർതന്നെ അഞ്ഞൂറിൽപരമുണ്ടു്. അന്നുതന്നെ മിസ്സിസ് പണ്ഡിററിന്റെ ബഹുമാനാർത്ഥം ലീഡ്സ് നഗരസഭാ ആൽഡർമാനും ഗ്രേററുബ്രിട്ടനിലെ ഇൻഡ്യൻ കത്തോലിക്കാസമാജത്തിന്റെ പ്രസിഡന്റുമായ ഡോക്ടർ ഇസഡ്. പി. ഫെർണാണ്ടസ് ഒരു വിരുന്നുസൽക്കാരം നടത്തുകയുണ്ടായി. സല്ക്കാരവേളയിൽ ടോസ്റ്റ്പ്രസംഗം നടത്തിയ ലീഡ്സ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു മിസ്സിസ് പണ്ഡിററിന്റെ ബുദ്ധിവൈഭവത്തെയും സത്യസന്ധതയേയും അത്യധികം പ്രശംസിക്കുകയുണ്ടായി. മിസ്സിസ് പണ്ഡിററിന്റെ മറുപടിപ്രസംഗത്തിൽ ഇൻഡ്യാ ഇനിയും മിഷ്യനറിമാരെ സ്വാഗതംചെയ്യുന്നതാണെന്നു പ്രസ്താവിക്കുകയുണ്ടായി.

## എട്ടുപേരും വൈദികർ

അയർലൻഡിൽ ബാൻഗോർ എന്ന സ്ഥലത്തുള്ള മിസ്റ്റർ ആൻഡ് മിസ്സിസ് ഒഹാരായ്ക്കു് എട്ടു് ആൺമക്കളാണുള്ളതു്. ഇവരിൽ എട്ടാമനായ കോൺലിത്തു ഒഹാര ഈയിടെ ഇംഗ്ലണ്ടിൽ നോർത്താംബർലൻഡ് എന്ന സ്ഥലത്തുവെച്ചു വൈദികപട്ടം സ്വീകരിച്ചതോടെ ആ എട്ടു സഹോദരന്മാരും വൈദികരായിത്തീർന്നിരിക്കുന്നു. ഇവരിൽ ഒരാൾ അയർലൻഡിലും, ഒരാൾ റോംസെയിലും, ഒരാൾ യോർക്കിലും രണ്ടുപേർ മിഡിൽബറോയിലും, രണ്ടു പേർ അമേരിക്കയിലുമാണു ജോലിചെയ്യുന്നതു്. കനിഷ്ഠസഹോദരന്റെ പട്ടസ്വീകരണവേളയിൽ ഏഴു ജ്യേഷ്ഠസഹോദരന്മാരും അനുഗൃഹീതരായ അവരുടെ മാതാപിതാക്കന്മാരും സന്നിഹിതരായിരുന്നു. അനുഗൃഹീതമായ ഒരു കുടുംബം.

## പട്ടാഭിഷേക വാർഷികം

പന്ത്രണ്ടാം പീയൂസ്മാർപ്പാപ്പാ തിരുമനസ്സിലെ മെത്രാൻപട്ടാഭിഷേകത്തിന്റെ 39-ാംവാർഷികം സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു. അന്നു മാഡ്രിഡ് സ്റ്റേഡിയത്തിൽ ദിവ്യപൂജ കാണുന്നതിനു ഒന്നരലക്ഷത്തോളമാളുകൾ സന്നിഹിതരായിരുന്നു അൻപതിനായിരംപേർക്കു വിശുദ്ധകുർബാനകൊടുക്കുന്നതിൽ 200 വൈദികർ തന്നെ വ്യാപൃതരായിരുന്നു. പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു അവർക്കയച്ചുകൊടുത്തിരുന്ന ഒരു സന്ദേശത്തിൽ, പൊതുജനങ്ങളെ ഭീഷണിപ്പെടുത്തുന്ന അടിയന്തിര പ്രശ്നങ്ങളുടെയും കഷ്ടതകളുടെയും പരിഹാരത്തിനായി, മെത്രാന്മാരുടെ നേതൃത്വത്തിൽ, ഐക്യത്തോടു്, സഹോദരസ്നേഹത്തോടും നീതിബോധത്തോടുംകൂടി പ്രയത്നിക്കുവാൻ അവരെ ആഹ്വാനം ചെയ്തിരിക്കുന്നു. പന്ത്രണ്ടാം പീയൂസ്മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു മെത്രാൻപട്ടം സ്വീകരിച്ച അന്നുതന്നെയാണു് ഫാത്തിമായിൽ പരിശുദ്ധകന്യകമറിയം ആദ്യമായി പ്രത്യക്ഷപ്പെട്ടതു്.

## മാർപ്പാപ്പാ ഹൃദ്രോഗത്തെ സംബന്ധിച്ച്

മെയ്മാസത്തിൽ പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ചെയ്ത പ്രഭാഷണങ്ങളിൽ ഒന്നു് ഹൃദ്രോഗത്തെപ്പററിയുള്ളതായിരുന്നു. ഏററവും അധുനാതനമായ വൈദ്യശാസ്ത്ര കണ്ടുപിടിത്തങ്ങളുടെ വെളിച്ചത്തിൽ, ഹൃദയമാംസപേശികളുടെ ദൌർബ്ബല്യങ്ങൾ തുടങ്ങി ഏററം സാങ്കേതികമായ വിശദാംശങ്ങൾവരെ തിരുമേനി ആ പ്രഭാഷണത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. മാത്രമല്ല, ഹൃദ്രോഗത്തിനുള്ള ഉത്തമ ചികിത്സാമാർഗ്ഗങ്ങളെയും തിരുമേനി വിവരിച്ചു. ഹൃദ്രോഗബാധിതരായവർക്കു ആദ്ധ്യാത്മികസമാധാനം പ്രദാനംചെയ്യുന്ന മനശ്ശാസ്ത്രപരമായ സമീകരണാവസ്ഥയെയും ആശ്വാസത്തെയും എടുത്തുകാണിക്കുകയും ചെയ്തു.

## ആസ്ട്രിയായ്ക്കു വേണ്ടാ

മഹായുദ്ധാനന്തരം വളരെക്കാലത്തേക്കു ആസ്ട്രിയാ സോവ്യററുകടന്നാക്രമണാധീനമായിരുന്നെങ്കിലും, തങ്ങൾക്കു കമ്മ്യൂണിസം വേണ്ടെന്നു് അവർ അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിച്ചിരിക്കുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആസ്ട്രിയായിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ മൂന്നു കമ്മ്യൂണിസ്റ്റുകാർ മാത്രമാണു ജയിച്ചിരിക്കുന്നതു്. സോവ്യററുറഷ്യയുടെ പുതിയ അടവുകളോടുള്ള ഒരു അവിശ്വാസപ്രഖ്യാപനമായി ഇതു പ

ESTD. 1935
Phone 157, 157 A
സി. കെ. ലോനപ്പൻ & ബ്രദേഴ്സ്
ആഭരണവ്യാപാരം — ബ്രോഡ്വേ — എറണാകുളം

രാജ്യം കണക്കാക്കപ്പെടുന്നു. സോവ്യററ് നിയന്ത്രിതമായിരുന്ന പ്രദേശങ്ങളിലെല്ലാം കമ്മ്യൂണിസ്റ്റുകാരുടെ പരാജയം ദയനീയമായിരുന്നു. റഷ്യൻ സൈന്യസങ്കേതമായിരുന്ന ബേഡനിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കിട്ടിയതിൻെറ മൂന്നിലൊന്നു വോട്ടുപോലും അവക്കു കിട്ടുകയുണ്ടായില്ല. ആകെയുള്ള 165 സീററുകളിൽ 82 കത്തോലിക്കാ പീപ്പിൾസ് പാർട്ടിക്കും, 75 സോഷ്യലിസ്റ്റുകാക്കും 5 ഫ്റീഡം പാർട്ടിക്കും സിദ്ധിച്ചു.

## വിചാരണരീതി അന്യായം

പ്രതിയുടെമേൽ മുദ്രിയമായ സമ്മർദ്ദം ചെലുത്തി കുററസമ്മതം വാങ്ങി വിചാരണനടത്തി ശിക്ഷിക്കുന്ന ഒരു അന്യായസമ്പ്രദായം കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നിലവിലുണ്ടല്ലോ. കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന ആൻഡ്റി വിഷിൻസ്കിയാണു് ഈ സമ്പ്രദായത്തിൻെറ വികാസത്തിനു കാരണക്കാരൻ. 1930 മുതൽ നിലവിലിരിക്കുന്ന ഈ സമ്പ്രദായം "സോഷ്യലിസ്റ്റ് നൈയ്യാമികത്വത്തിൻെറ പ്രകടമായ ഒരു നിഷേധമാണെന്നു" വിഷിൻസ്കിലോ ഇൻസ്റ്റിററ്യൂട്ടുവക "സോവ്യററ് സ്റ്റേററ് ആൻറു ലോ" എന്ന റഷ്യൻമാസിക ശക്തിയായി ആക്ഷേപിച്ചിരിക്കുന്നു. വിഷിൻസ്കിയുടെ ഈ പ്രസ്ഥാനത്തെ അദ്ദേഹത്തിൻെറ സ്മാരകാർത്ഥമുള്ള സ്ഥാപനംതന്നെ നിഷേധിക്കുക ഒരു വിരോധാഭാസമായിരിക്കുന്നു. ഇരുമ്പുയവനികക്കു പിന്നിലുള്ള അനേകം വൈദികരെയും മെത്രാന്മാരെയും ഈ മുദ്രിയമാർഗ്ഗത്തിലൂടെയാണു കുററക്കാരാക്കി ശിക്ഷിച്ചിട്ടുള്ളതു്. അവരുടെ കാര്യത്തിൽ നീതിചെയ്തിട്ടില്ലെന്നല്ലേ ഇപ്പോഴത്തെ ഈ ഏററുപറച്ചിലിൻെറ അർത്ഥം?

## ഡോക്ടർ-വൈദികർ

ഇംഗ്ലണ്ടിലെ ക്ഷയരോഗനിവാരണദേശീയസമിതിയുടെ ആഭിമുഖ്യത്തിൽ നേഴ്സിങ്ങ് സവ്വീസിലുള്ളവരുടെ വാർഷികസമ്മേളനം ഈയിടെ ലണ്ടനിൽവെച്ചു നടത്തപ്പെടുകയുണ്ടായി. തദവസരത്തിൽ മെയിഡൻ ലെയിനിലുള്ള കോർപ്പസ് ക്രിസ്റ്റി ദേവാലയത്തിൽവെച്ചാണു മതപരമായ ചടങ്ങുകൾ നടത്തപ്പെട്ടതു്. അതിൽ പ്രധാന കാർമ്മികനായിരുന്ന ഡോം പീററർ ഫ്ളഡ് ഒ എസ് ബി വൈദികനാകുന്നതിനു മുൻപു പ്രശസ്തനായ ഒരു ഡോക്ടർ ആയിരുന്നു. അദ്ദേഹത്തെ സഹായിക്കുവാനുണ്ടായിരുന്ന മററൊരു വൈദികൻ ഇടവകവികാരിയായ ഫാദർ ജോസഫ് ഒഹിയർ ആയിരുന്നു. ഫാദർ ഒഹിയരും വൈദികനാകുന്നതിനുമുമ്പു് ഒരു ഡോക്ടരായിരുന്നു.

## മുപ്പതിനായിരത്തെ മോചിപ്പിക്കുന്നു

കമ്മ്യൂണിസ്റ്റ് നയത്തിലുണ്ടായിരിക്കുന്ന വ്യതിയാനത്തിൻെറ ഫലമായി പോളിഷ് ജയിലുകളിലുള്ള മുപ്പതിനായിരംപേരെ മോചിപ്പിക്കാമെന്നും, എഴുപതിനായിരംപേരുടെ ശിക്ഷ ലഘൂകരിക്കാമെന്നും പോളിഷ് ഗവമ്മെൻറു സമ്മതിച്ചിരിക്കുന്നു. "അന്യായമായ തടങ്കൽശിക്ഷ"ക്കു വിധേയരായവക്കും, "ശരിയായ അന്വേഷണംകൂടാതെ" ശിക്ഷിച്ചിട്ടുള്ളവക്കും, പരിഹാരം ചെയ്യാമെന്നേ പ്രധാനമന്ത്രി പറഞ്ഞിട്ടുള്ളു. ഗവർമെൻറിൻെറ ദൃഷ്ടിയിൽ "ന്യായമായ ശിക്ഷ" അനുഭവിക്കുന്നവരായി വേറെ എത്രായിരം തടവുകാരുണ്ടെന്നു വ്യക്തമാക്കപ്പെട്ടിട്ടില്ല. അതുപോലെതന്നെ യാൾട്ടാക്കരാർ അനുസരിച്ചു പോളണ്ടിൻെറ പൂർവ്വഭാഗത്തുനിന്നും റഷ്യൻതടങ്കൽ പാളയങ്ങളിലേക്കു കൊണ്ടുപോയ 60 ലക്ഷം തടവുകാരുടെ ഭാവിയും വ്യക്തമാക്കപ്പെട്ടിട്ടില്ല. ഏതായാലും ഇപ്പോൾ സൗജന്യമനുവദിക്കപ്പെട്ടിരിക്കുന്ന തടവുകാരുടെ ഭീമമായ സംഖ്യയിൽനിന്നു പോളണ്ടിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറു ജയിലിൽ അടച്ചിരിക്കുന്നവരുടെ സംഖ്യ എത്ര വിപുലമാണെന്നു് ഊഹിക്കാമല്ലോ.

## വിദേശവാർത്തകൾ

മിലാനിലെ നാലുവയസ്സു പ്രായമുള്ള മറിയം ലൂയിസാ സ്ലെയിറാനി എന്ന ബാലികക്കു്, മരിക്കുന്നതിനു മുൻപു വിശുദ്ധകുർബാന എഴുന്നള്ളിച്ചുകൊടുക്കുകയുണ്ടായി. ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ആ കുട്ടിയുടെ ആഗ്രഹം സാധിക്കുവാൻ ഇതിനു പ്രത്യേകാനുവാദം നൽകുകയാണുണ്ടായതു്.

—കിഴക്കേ പ്രഷ്യായിലെ മീസൻ രൂപതയിലെ കോഡ്ജൂത്തോറായ സ്പ്ലൂയൽവെക്കു മെത്രാനെതിരായി, കമ്മ്യൂണിസ്റ്റുകാക്കുവേണ്ടി ചാരവൃത്തി നടത്തിയതിനു ഹെൻറിക്ക് സ്ലീസ് എന്നയാൾക്കു പശ്ചിമജമ്മൻകോടതി 18 മാസത്തെ തടവുശിക്ഷ നൽകിയിരിക്കുന്നു.

—ആംഗ്ലിക്കൻസഭയിലെ ഒരു പ്രസിദ്ധ വേദശാസ്ത്രജ്ഞനും, അനൻസിയേഷൻ ഗ്രൂപ്പ് എന്ന സമൂഹത്തിലെ ഒരംഗവും, കാംബർവെൽ ആംഗ്ലിക്കൻമിഷൻെറ നേതാവുമായ റവ. പീററർ ഹാക്കർ കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു.

—പാക്കിസ്ഥാൻ നാഷനൽ അസംബ്ളി ഡെപ്യൂട്ടി പ്രസിഡൻറും കറാച്ചിയിലെ കത്തോലിക്കാനേതാവുമായ മി. സെസിൽ എഡ്വേർഡ് ഗിബ്ബൺ കഴിഞ്ഞ ആഴ്ച റോമയിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയും പാക്കിസ്ഥാൻഭരണഘടനയുടെ ഒരു പ്രതി തിരുമനസ്സിലേക്കു സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

—പാരിസിൽനിന്നു 20-ാംനൂററാണ്ടിലെ ഒരു കത്തോലിക്കാ എൻസൈക്ലോപീഡിയാ പ്രസിദ്ധം ചെയ്യുന്നതാണു്. 128 പേജുകൾ വീതമുള്ള 130 വാല്യങ്ങളായിട്ടാണു് ഇതു പ്രസിദ്ധപ്പെടുത്തുക. സാധാരണക്കാരനും വാങ്ങിക്കത്തക്ക വിലയ്ക്കു ഇതു പ്രസിദ്ധം ചെയ്യണമെന്നതാണു ലക്ഷ്യം. 6 കൊല്ലംകൊണ്ടു് ഇതു പൂർത്തിയാകും. സുപ്രസിദ്ധ ഫ്റഞ്ചുഗ്രന്ഥകാരനായ ഡാനിയേൽ റോപ്സിൻെറ നേതൃത്വത്തിലാണു് ഇതു തയാറാകുന്നതു്.

—തിരുസിംഹാസനത്തിലെ ഫ്റഞ്ചുസ്ഥാനപതിയും ഒരു പ്രസിദ്ധപത്രപ്രവർത്തകനുമായ മി. വ്ളാഡിമിർ ഡി ഒർമസോൺ എന്ന കത്തോലിക്കൻ ഫ്റഞ്ചു അക്കാഡമിയിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—ലോകത്തിലാകെ 90,264 സന്യാസാശ്രമങ്ങളിലായി 10,66,702 സന്യാസിനിസന്യാസികളുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവരിൽ 180,413 പേർ പുരുഷന്മാരും 886,279 പേർ സ്ത്രീകളുമാണു്. കൊവേന്തകൾ 17,922-ം മഠങ്ങൾ 72,342-ം ആണു്. ഇവരിൽ 18097 വൈദികരും, 8752 സഹോദരന്മാരും 156069 കന്യാസ്ത്രീകളും അമേരിക്കൻ ഐക്യനാടുകളിൽതന്നെയുണ്ടു്.

—ലോകത്തിലെ 140,000 കത്തോലിക്കാവിദ്യാലയങ്ങളിലായി 160,00,000 ബാലികാബാലന്മാർ അദ്ധ്യയനം നടത്തുന്നുണ്ടെന്നും 30,649 കത്തോലിക്കാ സാമൂഹ്യ ഔദാര്യ സ്ഥാപനങ്ങളിലായി 100,00,000 ആളുകളെ—അനാഥരെയും അംഗഹീനരെയും വൃദ്ധരെയും മററും—സംരക്ഷിച്ചുപോരുന്നുണ്ടെന്നും, ഇൻറർനാഷനൽ കാത്തലിക് ന്യൂസ് റിപ്പോർട്ടുചെയ്യുന്നു.

—ഹംഗേറിയൻ കമ്മ്യൂണിസ്റ്റുകാർ 1951-ൽ രാജ്യദ്രോഹകുററം ചുമത്തി 15 കൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചിരുന്ന കൊലോക്സായിലെ ഗ്രോയസ്സ് മെത്രാപ്പോലീത്തായെ മോചിപ്പിച്ചിരിക്കുന്നു. എന്നാൽ സ്വന്തരൂപതയിൽ പോയി ഔദ്യോഗികകൃത്യങ്ങളിലേപ്പെടുന്നതിനു് അദ്ദേഹത്തെ അനുവദിച്ചിട്ടില്ല.

—അമേരിക്കൻ പ്രസിഡണ്ടായിരുന്ന മി. ഹാരി എസ് ട്രൂമൻ മാർപ്പാപ്പാ തിരുമേനിയുമായി അരമണിക്കൂർ സംഭാഷണം നടത്തിയിരിക്കുന്നു. ഈ സന്ദർശനം വളരെ ആനന്ദകരമായിരുന്നു എന്നാണു മി. ട്രൂമൻ പിന്നീടു പ്രസ്താവിച്ചതു്. എന്നാൽ സംഭാഷണവിഷയം പരസ്യമാക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല.

—വിശുദ്ധ റീത്തായുടെ ചരമത്തിൻെറ 5-ാം ശതവത്സരപൂർത്തിപ്രമാണിച്ചു് വത്തിക്കാൻ പോസ്റ്റ് ഓഫീസ് ഒരു പുതിയ സെററ് സ്റ്റാമ്പു പുറപ്പെടുവിച്ചിരിക്കുന്നു.

—ചാവുകടൽതീരത്തുനിന്നും കണ്ടെടുക്കപ്പെട്ട വേദപുസ്തകത്തിൻെറ പഴയ കൈയെഴുത്തുപ്രതികളുടെ പകുതി വത്തിക്കാൻ ഗ്രന്ഥശാല വിലയ്ക്കു വാങ്ങിയിരിക്കുന്നു. പകുതി ജോർഡാൻ ഗവർമെൻറാണു വാങ്ങിയിരിക്കുന്നതു്.

—ഇംഗ്ലണ്ടിലെ അഞ്ചു ദേശീയ ആസ്പത്രികളിൽ മുഴുവൻസമയവും ജോലിചെയ്യുന്ന കത്തോലിക്കാ ചാപ്ലൻമാരെ തദധികാരികൾ നിയമിച്ചിരിക്കുന്നു.

—മേയ് 18 മുതൽ 26 വരെ തിയതികളിൽ നേപ്പിൾസിൽവച്ചു നടന്ന, വന്ധ്യതയും ഉല്പാദനവും സംബന്ധിച്ച ദ്വിതീയ സർവ്വരാജ്യകോൺഗ്രസിൽ 50 രാജ്യങ്ങളിൽനിന്നുള്ള 2500 പണ്ഡിതന്മാർ സംബന്ധിച്ചിരുന്നു. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അവരോടായി ചെയ്ത പ്രസംഗത്തിൽ, വന്ധ്യതയും ഉല്പാദനവും സംബന്ധിച്ച സഭാപഠനം ഒരിക്കൽക്കൂടി വിശദീകരിക്കുകയുണ്ടായി.

## For favours received



ഏലിയാമ്മ തോമസ്
കാഞ്ഞിരപ്പള്ളി

## ഇൻഡ്യാ വാർത്തകൾ

സെപ്റ്റംബർമാസത്തിൽ നടക്കുന്ന ഐ. എ. എസ്. സ്പെഷ്യൽ റിക്രൂട്ടുമെൻറിനു മത്സരിക്കാനാഗ്രഹിക്കുന്നവർ ജൂൺ 16 നു മുൻപു നിശ്ചിതഫാറത്തിൽ അപേക്ഷകളയക്കേണ്ടതാണു്.

—ബോംബേനഗരം അഞ്ചുകൊല്ലത്തേക്കു കേന്ദ്രഭരണത്തിലായിരിക്കുമെന്നും അതിനുശേഷം നഗരത്തിൻെറ ഭാവിയെപ്പററി തീർച്ചചെയ്യുവാൻ ബോംബെയിലെ ജനങ്ങൾക്കു അർഹത ഉണ്ടായിരിക്കുമെന്നും നെഹ്റു പ്രഖ്യാപിച്ചിരിക്കുന്നു.

—ഗോവധം നിയമംമൂലം നിരോധിക്കുവാൻ ഇന്ത്യാഗവമ്മെൻറ് ഉദ്ദേശിക്കുന്നില്ലെന്നു യൂണിയൻ ഭക്ഷ്യകാര്യമന്ത്രി മി. അജിത് പ്രസാദ് ജയിൻ പ്രസ്താവിച്ചിരിക്കുന്നു.

—മദ്രാസിലെ ലൊയോളാ കോളെജിൽനിന്നു ഇക്കഴിഞ്ഞ ഇൻറർമീഡിയററുപരീക്ഷയ്ക്കു ചേർന്നിരുന്നവരിൽ 85 ശതമാനത്തിലധികം പേർ പാസായിരിക്കുന്നു. 114 പേർ ഒന്നാംക്ലാസിലും 63 പേർ രണ്ടാംക്ലാസിലുമാണു ജയിച്ചിരിക്കുന്നതു്. വിജയശതമാനം ഒന്നാംഗ്രൂപ്പിനു 94-ം രണ്ടാംഗ്രൂപ്പിനു 95-ം, കെമിസ്റ്ററി ഓണേഴ്സിനു 100-ം ആണു്. കെമിസ്റ്ററി ഓണേഴ്സിനു 9 ഒന്നാംക്ലാസും 4 രണ്ടാംക്ലാസും ഉണ്ടു്.

—കോമൺവെൽത്തു പ്രധാനമന്ത്രിമാരുടെ കോൺഫറൻസിൽ സംബന്ധിക്കുന്നതിനായി ജൂൺ 21-ാംനു പ്രധാനമന്ത്രി നെഹ്റു ലണ്ടനിലേക്കു യാത്രതിരിക്കുന്നതാണു്. അമേരിക്ക, ജമ്മനി, ഫ്റാൻസ്, യൂഗോസ്ലാവിയാ, ഈജിപ്റ്റ് ഈ രാജ്യങ്ങൾകൂടി സന്ദർശിച്ച ശേഷം ജൂലൈ 23-ാംനു ന്യൂഡൽഹിയിൽ തിരിച്ചെത്തും.

—1957 മദ്ധ്യത്തോടുകൂടി ഇൻഡ്യക്കു 70,000 ടൺ കേവുഭാരമുള്ള 10 കപ്പലുകൾകൂടി ലഭിക്കുന്നതാണു്. ഇവ വിദേശങ്ങളിൽ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണു്.

—ഈയിടെയുണ്ടായ ശക്തിയായ മഴമൂലം ആസാമിൽ 7000 കുടുംബങ്ങൾ ഭവനരഹിതരായിത്തീർന്നിരിക്കുന്നു.

—പ്രസിഡണ്ടു് രാജേന്ദ്രപ്രസാദ് ജൂൺ മൂന്നാംവാരത്തിൽ ഹൈദ്രബാദിലെത്തുന്നതും ഒരു മാസത്തോളം അവിടത്തെ രാജഭവനിൽ താമസിക്കുന്നതുമാണു്.

—അടുത്ത നവംബർമാസത്തിൽ ന്യൂഡൽഹിയിൽവെച്ചു് ഏഷ്യൻ സാഹിത്യകാരന്മാരുടെ ഒരു സമ്മേളനം നടത്തുന്നതിനു ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്നു.

—കുംഭകോണം മുനിസിപ്പൽതിരഞ്ഞെടുപ്പിൽ, കത്തോലിക്കാ മിഷനിൽപെട്ട ഒരു ഫ്റഞ്ചുവനിതയായ റവ. മദർ റഹേൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അവർക്കു 747 വോട്ടും എതിർസ്ഥാനാർത്ഥി കൊളന്തവേലുവിനു 239 വോട്ടുമാണു കിട്ടിയതു്.






# ചെറുകഥ

## ജീവിതം കഥ പറയുന്നു

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

(തുടർച്ച)

അവർ നടന്നുനടന്നു പള്ളിയുടെ മുൻവശത്തുകൂടി പോകുന്ന റോഡിലെത്തി. അവിടെനിന്നു നോക്കിയാൽ പള്ളിയുടെ മുഖവാരം കാണാം.

"നിങ്ങളു ചുറുക്കെ നടന്നോ. ഞാൻ ദേ പിടിന്നു വന്നുകഴിഞ്ഞു." പേരമ്മയുടെ മകൻ അട്ടഞത്താറു മുറുക്കാൻ കടയിലേക്ക കേറി.

"ഒ, ഈ ആണുങ്ങടെ ഒരു പ്രകൃതം! കാണുന്ന കാണുന്ന ചായക്കടേലോ മുറുക്കാൻകടേലോ ഒക്കെ കേറണം. ഇനിയങ്ങുചെന്നു കെട്ടും കുറുവാനയും കഴിഞ്ഞിട്ട് മുറുക്കവോ ചായകുടിക്കവോ ചെയ്താമതിയോ." ആ നല്ല പേടത്തിക്കും അവരുടെ ഭർത്താവിനെപ്പററി പരാതികളുണ്ടല്ലോ. സ്നേഹത്തിൽനിന്നു ഉറവെടുത്ത പരാതികളാണെന്നു തോന്നുന്നു. എങ്കിലും എല്ലാ ഭാര്യമാർക്കും ഉണ്ടാകുമോ ഇത്തരം പരാതികൾ?

കുഞ്ഞന്നാമ്മയുടെ അനുഭവവും ഇതായിരിക്കുമോ? ഇനിയും കരയുവാനായിരിക്കുമോ അവളുടെ വിധി. കരയുവാൻവേണ്ടിത്തന്നെ ഉരുവാക്കപ്പെട്ട ഒരു കരച്ചിലിന്റെ പുത്രിയാണെന്നു വരുമോ അവൾ? അങ്ങനെവരല്ലേ, വരല്ലേ ദൈവമേ.

ആ തള്ള നല്ലവളാണു്. അതിയാനും സ്നേഹമുള്ളവനായിരിക്കണം. അല്ലെങ്കിൽ ആരോരുമില്ലാത്ത ഒരു പെണ്ണിനെ, മേക്കാമോതിരംപോലും സ്വന്തകൈയിനാൽ പണിയിച്ചിട്ടു കെട്ടികൊണ്ടു പോകാൻ ഇക്കാലത്തു് ആരെങ്കിലും തയാറാകുമോ?

ഒരുപക്ഷേ ആ അവകാശവും കൂടി ഉയർത്തിപ്പിടിച്ചു് കൂടുതൽ കണ്ണുനീരു കുടിപ്പിച്ചെന്നുംവരാം. ഒരു പണയിട പൊന്നുപോലും കൂടാതെ വന്നുകേറിയവളെന്നു പറഞ്ഞു് അമ്മായി പോരെടുക്കാൻ നല്ല സൗകര്യവുമാകും.

പള്ളി അടുത്തല്ലോ.

എന്തുംവരട്ടെ. ദൈവമറിയാതെ ഒന്നും വരികയില്ലല്ലോ.

ദൈവമേ, അവർ നല്ലവരായിരിക്കണമേ, നല്ലവരായിരിക്കണമേ.

"എത്രനേരമായി, നിങ്ങളെ കാത്തുനിൽക്കുന്നു. അച്ചൻ കുർബാനയ്ക്കുകേറാൻ ധൃതിപിടിക്കുന്നു. പെണ്ണിനെ പിടിച്ചോറക്കികൊണ്ടുപോരാൻ ഇത്ര താമസമായിരുന്നോ" ആൾക്കൂട്ടത്തിൽനിന്നു് തലയെടുപ്പുള്ള ഒരാൾ—മുഖച്ഛായകൊണ്ടു പേരമ്മയുടെ മൂത്ത മകനാണെന്നു തോന്നുന്നു—നടയിറങ്ങിവരുന്നു. തോളത്തുകിടന്ന കുറിയമുണ്ടെടുത്തു് അയാൾ തെരുതെരെ വീശുന്നുണ്ടായിരുന്നു.

കുഞ്ഞന്നാമ്മ ആൺകൂട്ടത്തിലേയ്ക്കു നോക്കി. പൊന്നിൻകുരിശുമാലയുമിട്ടു്, നേരിയതും ചുററി നല്ല "ആണൊരുത്തനായി" നിൽക്കുന്ന മണവാളനെ അവൾ കണ്ടു. ആ പെണ്ണിനു ലജ്ജയുണ്ടായി. അവൾ കവണിയുടെ തുമ്പുകൊണ്ടു് മുഖം നല്ലവണ്ണം മറച്ചുപിടിച്ചു.

അളിയന്റെയും നാത്തൂന്റെയും സ്ഥാനത്തിൽ രണ്ടുപേർ വന്നുപിടിച്ചു്, ചെക്കനേയും പെണ്ണിനേയും അഴിക്കാലിനടുത്തേക്കു കൊണ്ടുപോയി. മദ്ബഹാച്ചുമതലക്കാരനായ പുരോഹിതൻ അവരുടെ കരങ്ങളേയും ഹൃദയങ്ങളേയും എന്നേക്കുമായി ഒന്നിപ്പിച്ചു.

ദൈവം കൂട്ടിച്ചേർത്തതു് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

നവദമ്പതികൾ ദിവ്യബലിപീഠത്തിങ്കലേക്കു ആനയിക്കപ്പെട്ടു. മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത ഭക്തിതീക്ഷ്ണതയോടും പ്രാർത്ഥനാർപ്പണത്തോടുംകൂടി അവർ ദിവ്യബലിയിൽ സംബന്ധിച്ചു. തിരുസ്സഭയുടെ നാമത്തിൽ പുരോഹിതൻ നവദമ്പതികൾക്കു സ്വർഗ്ഗീയാശീർവ്വാദവും നൽകി.

ആ കൊച്ചു കല്യാണപ്പാർട്ടി വരഗൃഹത്തിലേക്കു സാവധാനം നീങ്ങി. കുഞ്ഞന്നാമ്മ ഭർത്തൃഗൃഹത്തിലേക്കു വലതുകാൽവച്ചുകേറി. ആ വീടു്, പുതിയൊരു വിളക്കു കൊളുത്തപ്പെട്ടതുപോലെ ശോഭിച്ചു. ആ വീട്ടുമുററത്തു് വന്നുദിച്ച വിശാഖതാരകപോലെ ആ കന്യകയും.

മണവാട്ടി, മാമ്മിത്തള്ളയ്ക്കു സ്തുതിചൊല്ലി, അവരുടെ കരംചുംബിച്ചു.

"മകളേ" ആ വൃദ്ധ നിരുദ്ധകണ്ഠയായി. അവരുടെ ഏലുങ്കിച്ചുക്കവലയത്തിനുള്ളിൽ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അവൾ പാറിച്ചേർന്നുനിന്നു. ആ അമ്മയും മകളും കണ്ണുനീർ പൊഴിച്ചു.

സംതൃപ്തിയുടേയും സ്നേഹത്തിന്റേയും അമോഘമായ വെൺമുത്തുകൾ!

അന്നുമുതൽ മൂന്നു ഹൃദയങ്ങൾ ആ വീട്ടിൽ ഒന്നിച്ചുമിടിക്കുവാൻ തുടങ്ങി. ചിററപ്പന്റെ വീട്ടിൽ വർഷങ്ങളായി നിഷേധിക്കപ്പെട്ടിരുന്ന പലതും കുഞ്ഞന്നാമ്മയ്ക്കു അവിടെ കരഗതമായി. സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും നിറംപിടിച്ച ഒരു പുതിയ ലോകം തന്റെ മുമ്പിൽ തുറക്കപ്പെട്ടിരിക്കുന്നതായി അവൾക്കു് അനുഭവപ്പെട്ടു. സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതിന്റെ സ്വാദു് അവൾക്കു് അനുഭവവേദ്യമായി. ജീവിതം വിലപ്പെട്ടതുതന്നെയെന്നവർ കണ്ടു.

ചിററപ്പന്റെ വീട്ടിലെ ജീവിതം ഒരു പഴയകഥപോലെയായി അവൾക്കു്. അവരുടെ ഹൃദയശുശ്രൂഷകൊണ്ടുണ്ടായ മുറിവുകളെല്ലാം കരിഞ്ഞു. ചിററപ്പൻ വിരുന്നിനുകൊണ്ടുപോകാൻ വരാഞ്ഞതിലും അവൾക്കു ഖേദമില്ല. ഇളയമ്മ പള്ളിയിൽവച്ചു കണ്ടിട്ടു വാപൊളിച്ചു മിണ്ടാഞ്ഞതിലും കുണ്ഠിതമില്ല.

പേരമ്മയുടെ മക്കൾ ആ കുറവുകളെല്ലാം നികത്തിക്കഴിഞ്ഞിരിക്കുന്നു. സ്വന്തം അനുജത്തിയെപ്പോലെയാണു് അവർ കുഞ്ഞന്നാമ്മയോടു പെരുമാറുന്നതു്.

മരുമകൾ വന്നതിൽപിന്നെ, മാമ്മിത്തള്ളയ്ക്കു്, മുമ്പെങ്ങുമില്ലാത്ത ഉത്സാഹവും ചൈതന്യവുമാണു്. അവർ കുറേക്കൂടി ചെറുപ്പമായതുപോലെ തോന്നി. പാതിരാപ്പാതിവരെ അവർ കുത്തിയിരുന്നു ചകരിപിരിക്കും. കുഞ്ഞന്നാമ്മയും അമ്മയുടെകൂടെക്കൂട്ടും. അമ്മയും മകളുംകൂടി അൻപതു തേങ്ങയുടെ ചകരി കയറാക്കാതെ തലചായ്ക്കുകയില്ല. തൊണ്ടു്, ചകരിയാക്കുന്നതിന്റെ മുഴുവൻ ചാർജ്ജും കുഞ്ഞന്നാമ്മതന്നെ ഏറെറടുത്തിരിക്കയാണു്.

ഇത്താക്ക ചില്ലറക്കച്ചവടത്തിനുപുറമേ, ചെറിയതോതിൽ ഒരു തേങ്ങാവെട്ടുകൂടി തുടങ്ങി. തേങ്ങാവെട്ടു് ക്രമേണ വികസിച്ചു. വൻപിച്ചതോതിൽ തൊണ്ടുമൂട്ടം ആരംഭിച്ചു. ദിവസേന എട്ടും പത്തും പണിക്കാരുമുണ്ടു്.

ആയിടയ്ക്കു്, നാലഞ്ചു് ഏക്കർ വെളിമ്പറമ്പു് എന്നതിനു കിട്ടിയതു് അവർ വാങ്ങിച്ചു. അക്കൊല്ലംതന്നെ വെളിയിറക്കിച്ചു് അവിടം മുഴുവൻ തെങ്ങിൻതൈകളും വച്ചു.

അങ്ങനെയങ്ങനെ അവർ അഭിവൃദ്ധിയിൽനിന്നു അഭിവൃദ്ധിയിലേക്ക കുതിച്ചുകയറി. ഇത്താക്കച്ചേട്ടൻ ആരെയും ദ്രോഹിച്ചില്ല. ആരുടെയും പിടിച്ചുപറിച്ചില്ല. അവർ തൊട്ടതെല്ലാം ഇരുപത്തൊന്നായിരുന്നു. അവരിരുവരും ഒററമനസ്സായിനിന്നു വേലയെടുത്തു. അദ്ധ്വാനിച്ചു. വീട്ടുച്ചെലവാണെങ്കിൽ വരച്ചവരയിൽ നിർത്തി. വരുമാനം കൃഷിയിലും കച്ചവടത്തിലും ആവശ്യംപോലെ മുടക്കി. കൃഷിയും കച്ചവടവും രണ്ടു കൈവഴികളായി ഒപ്പം പുരോഗമിച്ചു. പുരപണിയും മക്കളുടെ പഠിത്തവുമെല്ലാം അക്രുടെത്തന്നെ നടന്നു.

ഇക്കാര്യങ്ങളൊക്കെ എങ്ങനെ സാധിച്ചു എന്നു ചോദിച്ചാൽ, ദൈവവിചാരത്തോടെ ഞങ്ങളാൽ കഴിയുന്നപോലെ ഞങ്ങൾ പരിശ്രമിച്ചു, ദൈവം കൃപതന്നു എന്നു മാത്രമേ ആ അരുപത്തൊൻപതുകാരൻ ഇപ്പോഴും പറയുകയുള്ളു.

മാമ്മിത്തള്ളയും ഭാഗ്യമുള്ളവരാണു്. മക്കൾ നല്ല നിലയിലായതു് സ്വന്തം കണ്ണുകൊണ്ടു കാണാനും ആ നല്ല കാലത്തിന്റെ പങ്കുപാററാനും ദൈവം അവർക്കു യോഗം കൊടുത്തു. മാത്തുക്കുട്ടിയുടെ നാലാംവയസ്സിലാണു് മാമ്മിത്തള്ള മരിച്ചതു്.

മോളിക്കുട്ടിയെ ഒന്നു കെട്ടിച്ചു കാണണമെന്നു് കുഞ്ഞന്നാമ്മയ്ക്കു ആശയുണ്ടായിരുന്നു. പക്ഷേ അവളെ സംബന്ധിച്ചിടത്തോളം ദൈവതിരുമനസ്സു് മററൊന്നാണെന്നു് തെളിഞ്ഞതിൽപിന്നെ, ആ ആശ അവർ പുറത്തുകാണിച്ചതേയില്ല. അവൾക്കു് അതാണു് ദൈവവിളിയെങ്കിൽ അങ്ങനെ നടക്കട്ടെ. ആ തള്ള തദ്വരത്തോടെ സമ്മതംമൂളി.

ജീവിതം ഇന്നവർക്കു ലളിതമായ ഒരു ലീലപോലെയാണു്. ഒരു കാര്യത്തിലും അവർ തലയിടാറില്ല. എല്ലാം മക്കളുടെ ഇഷ്ടംപോലെ. ഏതിനേയും ഒരു ശിശുമനസ്ഥിതിയിൽ അഭിമുഖീകരിക്കുക. എന്തിന്റേയും നല്ല വശംമാത്രം കാണാൻ ശ്രമിക്കുക. ഇതൊക്കെയാണു് അവരുടെ പ്രത്യേകതകൾ.

എന്നും രാവിലെ വില്ലുവണ്ടിയിൽ രണ്ടുപേരും ഒന്നിച്ചു പള്ളിയിൽ പോകും. പേരക്കുട്ടികളിൽ ഒരാളെങ്കിലും കൂടെ കാണും. പരമാർത്ഥത്തിൽ ആ കുഞ്ഞുങ്ങളില്ലായിരുന്നെങ്കിൽ അവർ പണ്ടേ ജീവിതത്തിൽ മുഷിഞ്ഞുപോയേനെയെന്നു തോന്നുന്നു. കുഞ്ഞുങ്ങളെല്ലാംതന്നെ വല്ലപ്പോഴുമൊരിക്കൽ അമ്മവീട്ടിലോമറേറാ പോയാൽ പിന്നെ വല്യപ്പച്ചനും വല്യമ്മച്ചിയും വളരെ ഞെരുങ്ങിയാണു് ഒരുദിനം വെളുപ്പിക്കുന്നതു്. പിറേറദിവസംമുതൽ തുടങ്ങും മുറുക്കം, ചെന്നു പിള്ളേരെ കൊണ്ടുവരാൻ.

ആ കുഞ്ഞുങ്ങൾക്കും അങ്ങനെ തന്നെയാണു്. വല്യമ്മച്ചിയേയും വല്യപ്പച്ചനേയും പിരിഞ്ഞു് അവർക്കു ഒരുദിവസം തികച്ചിരുന്നുകൂടാ. അപ്പോൾ തുടങ്ങും നിലവിളി. പിന്നെ ആ വായ് കൂട്ടണമെങ്കിൽ അവർക്കു ആ നരച്ച തലയും പല്ലില്ലാത്ത മോണയുമൊക്കെ കാണണം.

അതിലപ്പുറമാണു് മാത്തുക്കുട്ടിയുടെ മക്കൾ. വല്യമ്മച്ചിക്കും വല്യപ്പച്ചനും ആഴ്ചതോറും ആയിരക്കണക്കിനാണു് കുഞ്ഞുമക്കൾ പോസ്റ്റുവഴി അയക്കുന്നതു്. വെക്കേഷനു വീട്ടിൽ വന്നാൽ വല്യപ്പച്ചന്റേയും വല്യമ്മച്ചിയുടേയും അടുത്തുനിന്നു മാറിക്കൊടുക്കുകയില്ല. അക്കാലത്തു് പേരക്കുട്ടിയൻറെ മക്കൾ മാറിക്കൊടുത്തേ പററൂ. അല്ലെങ്കിൽ ആ മുട്ടാളന്മാർ സമ്മതിക്കയില്ല. രാജധാനിയിലെ അടവുകൾ പ്രയോഗിക്കും. വഴക്കു മൂക്കുമ്പോൾ, പിന്നെ റേഷൻപ്രകാരമാണു് കാര്യങ്ങൾ അവസാനിപ്പിക്കുക.

ഇപ്പോൾ അങ്ങനെയൊരു റേഷൻകാലമാണു് വന്നുചേർന്നിരിക്കുന്നതു്. വല്യമ്മച്ചിയുടേയും വല്യപ്പച്ചന്റേയും ജൂബിലിക്കൂടാൻ തിരുവനന്തപുരത്തുകാർ നേരത്തെവന്നു ക്യാമ്പടിച്ചിരിക്കയാണു്. കുറേനേരത്തെ അവകാശസമരത്തിനുശേഷം തിരുവനന്തപുരത്തുകാർതന്നെ വല്യമ്മച്ചിയേയും വല്യപ്പച്ചനേയും കസ്റ്റഡിയിലാക്കികളഞ്ഞു.

വല്യമ്മച്ചിയൊരു പാട്ടുപാടണം. വല്യപ്പച്ചൻ വള്ളം ഊന്നുന്നതു് എങ്ങനെയാണെന്നു കാണിച്ചുകൊടുക്കണം. അണ്ണാൻ കരയുന്നതുപോലെ കരഞ്ഞുകേൾപ്പിക്കണം. വല്യപ്പച്ചന്റെ തലകിണ്ണംപോലെയിരിക്കുന്നതെന്താണെന്നു പറഞ്ഞുകൊടുക്കണം. ഒരുത്തനൊരു കവളങ്കാളിക്കുഞ്ഞിനെ പിടിച്ചുകൊടുക്കണം. ഇങ്ങനെയൊരു നൂറുകൂട്ടം ഡിമാൻറുക







ലൂർദ്ദ് പള്ളിക്കുറി ആപ്പീസ്സ്, തൃശ്ശൂർ

ദർശനസഭയിൽനിന്നു തുടങ്ങുന്ന

**പുതിയ മാസക്കുറി**

As per Govt. order No. D. Dis. 14225/56/Fin. dated 30-4-54)

നറുക്ക് 1ക്ക് 100ക. 111 നറുക്ക്. 11,100ക.

ഒന്നാംതവണ 1956 ജൂലായി 25–ാംനു / 1131 കർക്കിടകം 10–ാംനു

കുറിയിൽ കുറഞ്ഞതു് 32–ൽ ഒരംശം (3ക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണു്.

കുറിയെസംബന്ധിച്ച കൂടുതൽ വിവരത്തിനും, അപേക്ഷാഫാറത്തിനും കുറിയാപ്പീസ്സിലേയ്ക്കു് ഉടനെ എഴുതുക.

Trichur, )
1-5-'56 )

Vicar & Trustee,
The Lourdes Church Dharshana Sabha




തൊഴിലാളികളുടെ ആദ്ധ്യാത്മികമുന്നേററം

തൃശ്ശൂരിൽ ആരംഭിച്ചിരിക്കുന്ന "സെൻറ് ജോസഫ്സ് വർക്കേഴ്സ് റിട്രീററ് മൂവ്മെൻറി"ന്റെ ആഭിമുഖ്യത്തിൽ മേയ് അവസാനവാരത്തിൽ തോപ്പിൽവച്ചു നടത്തിയ റിക്ഷാ തൊഴിലാളികളുടെ ധ്യാനം കഴിഞ്ഞെടുത്ത ഫോട്ടോ. ധ്യാനഗുരു റവ. ഫാദർ ജോസഫ് വടക്കൻ.

ളുണ്ടായിരിക്കുന്നതു്.

ഇങ്ങനെ പേരക്കിടാങ്ങളുടെ കോൺഫറൻസ് ഇങ്ങേപ്പുറത്തു നല്ല ഉഷാറിൽ നടക്കുമ്പോൾ അങ്ങേപ്പുറത്തു് മക്കൾ ജൂബിലിയാഘോഷത്തിനുള്ള ചട്ടവട്ടങ്ങൾ തിരുതകൃതിയായി നടത്തുകയാണു്.

ഇത്താക്കുചേട്ടന്റെ വീടും പരിസരങ്ങളും ജൂബിലിക്കു് ഒരാഴ്ചമുമ്പേ മോടിയായി അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. ജൂബിലിയാഘോഷം ആദ്ധ്യാത്മികമായും സാംസ്കാരികമായും ഒരു വിജയം തന്നെയായിരുന്നു. അവരുടെ ബന്ധുമിത്രാദികളും സ്നേഹിതന്മാരും അയൽക്കാരുമടക്കം വമ്പിച്ച ഒരു ജനക്കൂട്ടം ആഘോഷങ്ങളിൽ പങ്കുകൊണ്ടു. സാധുക്കൾക്കു സമ്പൂർണ്ണാഹാരവും വസ്ത്രദാനവുമുണ്ടായിരുന്നു. രാത്രിയിൽ പൈലോച്ചന്റെ നേതൃത്വത്തിൽ പേരക്കുട്ടികളുടെതന്നെ ചില കലാപരിപാടികളും നടത്തപ്പെട്ടു.

ഇതെല്ലാം കഴിഞ്ഞു്, കുടുംബാംഗങ്ങളും ഏററവും അടുത്ത ബന്ധുക്കളും മാത്തുക്കുട്ടിയുടെ നിർദ്ദേശമനുസരിച്ചു് ഇത്താക്കുചേട്ടന്റെ കിടപ്പുമുറിയിൽ സമ്മേളിച്ചു. അവിടെവച്ചു് മാത്തുക്കുട്ടി മക്കളുടെ പ്രതിനിധിയെന്ന നിലയിൽ മറെറാരു കാര്യംകൂടി വെളിപ്പെടുത്തി.

അപ്പന്റേയും അമ്മയുടേയും വിവാഹജൂബിലിസ്മാരകമായി ഒരു വിവാഹസഹായനിധി തുടങ്ങണമെന്നു്. ആരോരുമില്ലാത്ത പെൺകുട്ടികളുടെ വിവാഹച്ചെലവിനു് അർഹിക്കുന്ന ധനസഹായം ചെയ്യുന്നതിനുപകരിക്കുന്ന ഒരു ധനശേഖരത്തിനു ഇന്നുതന്നെ ആരംഭമിടുക. എല്ലാവരും ആ ആശയത്തെ അങ്ങേയററം പിന്താങ്ങി.

"ഒരു നല്ല കാര്യത്തിനു ആരെങ്കിലുമൊരാൾ മുന്നിട്ടിറങ്ങിയാൽ അതിനോടു സഹകരിക്കാൻ നല്ല മനസ്സുള്ളവർ പലരും കാണും" മാത്തുക്കുട്ടിയുടെ അളിയൻ പറഞ്ഞു.

"ഇതോടുകൂടി അങ്ങനെയൊന്തെങ്കിലും ചെയ്യേങ്കിലേ, സ്ഥിരമായൊരു പ്രയോജനമുണ്ടാവുകയുള്ളു. മററുള്ളവക്കു ഒരു മാതൃകയാകാനും അതു ആവശ്യമാണു്" പൈലോച്ചന്റെ ഭാര്യയുടെ ചിററപ്പനാണു പറഞ്ഞതു്.

"നമ്മുടെ ആഘോഷങ്ങൾക്കു ഒരു പൂർത്തിവരണമെങ്കിൽ ഇതുകൂടെ വേണം" മാത്തുക്കുട്ടിയുടെ അമ്മായിയപ്പൻ പറഞ്ഞു.

"നിങ്ങളെല്ലാംകൂടെ ഇപ്പഴെന്താ നിശ്ചയിക്കുന്നതു്?" ഇത്താക്കുചേട്ടൻ ചോദിച്ചു.

"അതു അപ്പൻ പറയുംപോലെ" മാത്തുക്കുട്ടി അർദ്ധോക്തിയിൽ വിരമിച്ചു.

"ഞാൻ പറയുമ്പോലെയോ? അതു മുപ്പതുകൊല്ലത്തിനപ്പുറമായിരുന്നു. ഞാൻ പറഞ്ഞിട്ടാണോ നിങ്ങളീ കോലാഹലമൊക്കെ ഇവിടെ കൂട്ടിയതു്? അതുകൊണ്ടിപ്പോ നിങ്ങളു പറയുമ്പോലെയാ കാര്യങ്ങൾ നടക്കേണ്ടതു്. എന്താ വേണ്ടതെന്നുവെച്ചാൽ നിങ്ങളുതന്നെ നിശ്ചയിച്ചോളിൻ" ഇത്താക്കുചേട്ടൻ പറഞ്ഞു.

"എന്നാൽ, നിങ്ങളെല്ലാവരും അനുകൂലിക്കുന്ന സ്ഥിതിക്കു് ഒരായിരംരൂപ അതിനായി നീക്കിവയ്ക്കാനാണു് ഞങ്ങളുദ്ദേശിക്കുന്നതു്."

"ഇനിയൊരു കാര്യം പറയാനുണ്ടു്. മക്കൾടെ ഇഷ്ടംപോലെയായിക്കോളാൻ അപ്പനങ്ങു സമ്മതിച്ചെന്നുവെച്ചു് ഞാനതു പിടിന്നങ്ങു സമ്മതിച്ചുതരാൻ നിശ്ചയിച്ചിട്ടില്ല" അത്രയുംനേരം അഭിപ്രായമൊന്നും പറയാതിരുന്ന കുഞ്ഞന്നാമ്മ കടന്നുകേറിയൊരു പറച്ചിൽ.

"ആയിക്കോ, ആയിക്കോ" ഇത്താക്കുചേട്ടനും ആ വിനോദത്തിനു കസവുപിടിപ്പിച്ചു.

"എന്നാലേ, മുഴപ്പിൽ വല്യ കാര്യം പറഞ്ഞോണ്ടുവന്നേച്ചു് ആയിരം രൂപായല്ലേ, നിങ്ങളെല്ലാവരുംകൂടെയങ്ങു നിശ്ചയിച്ചതു്. നിങ്ങളു് ഇന്നലെമിന്നമായിട്ടു് എത്രായിരം പൊടിച്ചു? അതിൽ പാതിയെങ്കിലും ഇത്തരം നല്ല കാര്യത്തിനുവേണ്ടി ചെലവാക്കാമ്മേലേ?"

"അതിനിപ്പഴെന്തു വേണമെന്നാ അമ്മ പറയുന്നതു്?" പൈലോച്ചൻ ചോദിച്ചു.

"നിങ്ങക്കൊരു പെങ്ങളല്ലേയുള്ളു. അവളങ്ങു മഠത്തിലുംപോയില്ലേ. അവളിവിടെ നിന്നിരുന്നേൽ അവളെയവടെയേലും കെട്ടിച്ചുവിടണ്ടായിരുന്നോ?"

"അമ്മയതൊക്കെപ്പറയുന്നതെന്തിനാ. ഞങ്ങൾക്കു മോളിക്കുട്ടിയെക്കൂടാതെ രണ്ടുമൂന്നു പെങ്ങമ്മാരു വേറെയുമുണ്ടായിരുന്നെങ്കിൽ അവരുടെ കാര്യവും ഞങ്ങൾ നോക്കണ്ടായിരുന്നോ? അതൊക്കെപ്പോട്ടെ. അമ്മയുടെ അഭിപ്രായം എന്താണെന്നു പറഞ്ഞാട്ടെ" മാത്തുക്കുട്ടി പറഞ്ഞു.

"എന്നാലേ, അമ്മയുടെപേക്കു ഒരായിരംകൂടെയങ്ങു കൂട്ടിയേരു്. ആരുപോരുമില്ലാത്ത പെമ്പിള്ളേരെ കെട്ടിച്ചുവിടാൻ സഹായിക്കുന്നതു് വല്യമനോഗുണപ്രവൃത്തിയാ." ഇതുപറഞ്ഞപ്പോൾ ആ തള്ളയുടെ ചിന്ത ഒരൻപതു കൊല്ലം പുറകോട്ടുപോയതുപോലെ കാണപ്പെട്ടു.

"എന്നാൽ, ഇച്ചാച്ചാ, ഏതായാലും അമ്മയുടെ ആഗ്രഹമല്ലേ, ഒരായിരംകൂടെയിരുന്നോട്ടെ" പൈലോച്ചൻ നിർദ്ദേശിച്ചു.

"അതേ, മൂവായിരം" മാത്തുക്കുട്ടിയും സമ്മതിച്ചു.

വ്യക്തമായ ഒരു നിയമാവലിയുടെ അടിസ്ഥാനത്തിൽ, വികാരിയച്ചൻ ചെയർമാനായുള്ള ഒരു ട്രസ്റ്റിയെ ആ തുക ഏല്പിക്കണമെന്നും അന്നുതന്നെ അവർ തീരുമാനംചെയ്തു.

പിറേറഞ്ഞായറാഴ്ചത്തെ പള്ളിയോഗത്തിൽ മാത്തുക്കുട്ടിതന്നെ ഈ വിഷയം അവതരിപ്പിച്ചു. യോഗം ഐകകണ്ഠ്യേന അതു് അംഗീകരിച്ചു. നിയമാവലി എഴുതിയുണ്ടാക്കുവാൻ മാത്തുക്കുട്ടിയെതന്നെ ചുമതലപ്പെടുത്തി.

അടുത്ത ഞായറാഴ്ച വികാരിയച്ചൻ ഈ വിവരം പ്രസംഗമദ്ധ്യേ പള്ളിയിൽ പ്രഖ്യാപിച്ചു. സന്മനസ്സുള്ളവരെല്ലാം ആ മാന്യന്റെ മാതൃകയെ അനുകരിച്ചു് കഴിവുപോലെ ആ നിധിയെ പോഷിപ്പിക്കുന്നതിനും തദ്വാരാ മഹത്തായ ഒരു സാമൂഹ്യസേവനം നിർവ്വഹിക്കാനും മുന്നോട്ടുവരണമെന്നു അദ്ദേഹം അഭ്യർത്ഥിച്ചു.

ഇത്താക്കുചേട്ടന്റെ അവസരോചിതമായ സന്മാതൃകയും വികാരിയച്ചന്റെ ഹൃദയസ്പർക്കായ അഭ്യർത്ഥനയും ഇടവകാംഗങ്ങളെ അത്യധികം ഉത്തേജിപ്പിച്ചു. പലരുടേയും ഔദാര്യം ക. ണാ. സ. കളായി നിധിയിലേക്കു ഒഴുകുവാൻതുടങ്ങി. നിയമാവലി വായിച്ചു പാസ്സാക്കിയദിവസം ആയിരംരൂപയോളം നിധിയിലേക്കു പിരിഞ്ഞുകിട്ടി. പ്രസ്തുത "സാധുവിവാഹധാർമ്മികസഹായനിധി"ക്കു് മെത്രാൻതിരുമേനിയുടെ അംഗീകാരവും ആശീസ്സും ലഭിച്ചതോടുകൂടി സംഭാവനയുടെ സംഖ്യ ഇരട്ടിയായി വർദ്ധിച്ചു. നിങ്ങൾ ഈ കഥ വായിച്ചുതീരുന്നതിനുമുമ്പു്, ആ തുക പതിനായിരത്തിനും അപ്പുറം കടന്നേക്കും. പിന്നെ, നിങ്ങളുടെ വീതംകൂടി ചേരുമ്പോഴോ!!

—o—

## ഉപകാരസ്മരണ



അപേക്ഷിച്ചകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

വി പി ജോർജ്ജ്, കല്ലൂർ.

(4-ാംപേജ് തുടർച്ച)

സ്മാരത്തിന്റേയും ഏററവും വലിയ സംരക്ഷകയും പ്രോത്സാഹകയും കത്തോലിക്കാസഭയാണെന്നും കാണാം. വിശ്വവിഖ്യാതരായ പല കലാകാരന്മാരും കത്തോലിക്കരാണു്. കലകളുടെ പ്രോത്സാഹനാർത്ഥം യത്നിച്ചിട്ടുള്ളവരെ മാർപ്പാപ്പാമാർ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ലോകത്തിലേക്കും അത്യുത്തമമായ കലാശേഖരം വത്തിക്കാനിലാണുതാനും.

എന്നാൽ ഒന്നുണ്ടു്. മററു കാര്യത്തിലുമെന്നപോലെ ഇതിലും സഭയുടെ ആദർശം "ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവനെന്തു പ്രയോജനമുണ്ടാകും? ഒരു മനുഷ്യൻ തന്റെ ആത്മാവിനുപകരമായി എന്തു കൊടുക്കും?" (മത്തായി xvi, 26) എന്നതുതന്നെയാണു്? കലാപരമായ ഉയർച്ചയെക്കാൾ ആത്മാവിന്റെ രക്ഷയാണു കത്തോലിക്കാസഭ സർവ്വപ്രധാനമായി കണക്കാക്കുന്നതു്. ആകയാൽ നാടകരംഗങ്ങളിലും സിനിമാകളിലും അഭിനയിക്കുവാൻ ചാടിപ്പുറപ്പെടുന്നതിനുമുൻപു അതു തന്റെ ആത്മരക്ഷയെ എങ്ങനെ ബാധിക്കുമെന്നു ഗാഢമായി ചിന്തിക്കുവാൻ ഓരോരുത്തർക്കും ചുമതലയുണ്ടു്. ഈ കാര്യത്തിൽ നേതൃത്വം നൽകുവാൻ പററിയ ആൾ സ്വന്ത ആദ്ധ്യാത്മികോപദേഷ്ടാവുതന്നെയാണു്.

ഒററപ്പെട്ടുനോക്കുമ്പോൾ പിശകുള്ളതായി തോന്നുകയില്ലെങ്കിലും ചില നാടകാഭിനയങ്ങളോ സിനിമാപ്രദർശനങ്ങളോ സമുദായത്തിനു പൊതുവെ ഇടർച്ച (ഉതപ്പ്) നൽകുന്നതരത്തിലുള്ളതാണെന്നുവരാം. സമുദായത്തിന്റെ പൊതുഗുണത്തിനുവേണ്ടി അത്തരം അഭിനയങ്ങളെ നിയന്ത്രിക്കാനോ നിരോധിക്കാനോ സഭാധികാരികൾക്കു ചുമതലയും അധികാരവുമുണ്ടു്. കലകളോടുള്ള സ്നേഹക്കുറവല്ലാ, ആത്മാക്കളോടുള്ള സ്നേഹക്കൂടുതലാണു് അതിനു കാരണം.

E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

വിമർശനപംക്തി

# വിശുദ്ധ പത്രോസിന്റെ റോമാസിംഹാസനം

ശ്രീ കെ. വറുഗീസ് തിരുവല്ലായുടെ ആത്മകഥാകഥനത്തിൽ ഇങ്ങനെയൊരു ഭാഗമുണ്ടു്. "സത്യദീപത്തിലെ കവർച്ചിത്രവും ലേഖനവും എന്നെ വളരെയധികം ആകർഷിച്ചു. ക്രിസ്തുനാഥൻ തന്റെ ശിഷ്യപ്രധാനനായ വിശുദ്ധ പത്രോസിനു സ്വർഗ്ഗത്തിന്റെമേലും ഭൂമിയുടെമേലും അധികാരങ്ങൾ നൽകുന്ന ഒരു താക്കോൽക്കൂട്ടത്തെ കൊടുക്കുന്നതും, വിശുദ്ധൻ അതു മുട്ടുകുത്തിക്കൊണ്ടു സ്വീകരിക്കുന്നതുമായിരുന്നു ആ ചിത്രം. പത്രോസിന്റെ പരമാധികാരത്തെപ്പററിയുള്ള ആ ലേഖനവും അധികം താമസിയാതെ ഞാൻ വായിച്ചുതീർത്തു."

ഈ പ്രസ്താവം, തന്നെയും കത്തോലിക്കനാക്കുവാൻ വെല്ലുവിളിക്കുന്ന ശ്രീ പട്ടശ്ശേരിൽ പൗലൂസുമാപ്പിളയെ വളരെയധികം വഴിതെററിച്ചതായി കാണുന്നു. ഈ പ്രസ്താവത്തിൽനിന്നും ശ്രീ പൗലൂസുമാപ്പിള മനസ്സിലാക്കുന്നതു്, പത്രോസിനു സ്വർഗ്ഗത്തിന്റേയും നരകത്തിന്റേയും താക്കോലുകൾ കൊടുക്കുന്നതായും, പത്രോസു മുട്ടിന്മേൽനിന്നു അതു വാങ്ങുന്നതായുമുള്ള ചിത്രം കണ്ടതാണു ശ്രീ വറുഗീസിനെ മാനസാന്തരത്തിനു പ്രേരിപ്പിച്ച മൂന്നാമത്തെ കാരണമെന്നാണു്. "പത്രോസിന്റെ പരമാധികാരത്തെപ്പററിയുള്ള ലേഖനം വായിച്ചു" എന്ന ഭാഗം പ്രത്യാഖ്യാതാവു സൂത്രത്തിൽ കടന്നിട്ടു് പറയുകയാണു്; "ഇതിനു ലേഖകൻ റോമാസഭയിൽ ചേന്നതു് എന്തിനെന്നു മനസ്സിലാകുന്നില്ല"ന്നു്.

വിശുദ്ധ പത്രോസു് റോമയിൽ പോയിട്ടില്ലെന്നു സ്ഥാപിക്കുവാനാണു ശ്രീ പൗലൂസുമാപ്പിളയുടെ ശ്രമം. പത്രോസിന്റെ റോമാനിവാസത്തെപ്പററി കിഞ്ചിജ്ജ്ഞന്മാരല്ലാതെ ഇക്കാലത്തു് ആരെങ്കിലും സംശയം പുറപ്പെടുവിക്കുമെന്നു തോന്നുന്നില്ല. "റോമാപട്ടണത്തിൽ പത്രോസ് എത്രനാൾ താമസിച്ചിരുന്നുവെന്നോ അവിടെ താമസിച്ചിരുന്നുവെന്നോ ഒന്നും നമുക്കറിഞ്ഞുകൂടാ" എന്നു കാത്തലിക് എൻസൈക്ലോപീഡിയാ (xi-748) പറയുന്നുവെന്നാണു് അദ്ദേഹത്തിന്റെ വാദം. കാത്തലിക്കു് എൻസൈക്ലോപീഡിയാ xi, 748-ൽ നാം ഇങ്ങനെ വായിക്കുന്നു:

"It is an indisputedly established historical fact that St. Peter laboured in Rome during the last portion of his life and there ended his earthly course by martyrdom...St. Peter's residence and death in Rome are established beyond contention as historical facts by a series of distinct testimonies extending from the end of the first to the end of the second centuries, and issuing from several lands." (Catholic Encyclopedia, vol. xi, p. 748)

"വിശുദ്ധ പത്രോസ് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ റോമയിൽ വേലചെയ്യുകയും രക്തസാക്ഷിത്വംവഴി അവിടെവെച്ചു സ്വഭൗമികജീവിതം അവസാനിപ്പിക്കുകയും ചെയ്തുവെന്നതു അവിതർക്കിതമായവിധം സുസ്ഥാപിതമായ ഒരു ചരിത്രവസ്തുതയാകുന്നു... പ്രഥമശതകാന്ത്യംമുതൽ ദ്വിതീയശതകാന്ത്യംവരെ വ്യാപിച്ചുകിടക്കുന്നതും അനേകം രാജ്യങ്ങളിൽനിന്നുള്ളതുമായ വ്യത്യസ്തങ്ങളായ സാക്ഷ്യപരമ്പരകളാൽ, വിശുദ്ധ പത്രോസിന്റെ റോമായിലെ വാസവും മരണവും ചരിത്രവസ്തുതകളായി തർക്കത്തിനിടയില്ലാത്തവിധം തെളിയിക്കപ്പെട്ടിരിക്കുന്നു" എന്നാണു് കാത്തലിക്ക് എൻസൈക്ലോപീഡിയാ പറയുന്നതു്. സാക്ഷ്യങ്ങളിൽ പലതും തുടർന്നുള്ള പേജുകളിൽ രേഖാസഹിതം ഉദ്ധരിക്കുകയും ചെയ്യുന്നു.

"പത്രോസ്ലീഹായുടെ റോമയിലുള്ള അപ്പസ്തോലികപ്രവർത്തനങ്ങൾ എത്രനാളത്തേക്കുണ്ടായിരുന്നു, അദ്ദേഹത്തിന്റെ റോമാനിവാസം തുടരെയായിരുന്നോ മറിച്ചായിരുന്നോ, അദ്ദേഹത്തിന്റെ ആഗമനത്തിന്റെയും മരണത്തിന്റെയും കാലാനുക്രമണപട്ടികയെന്തു്, എന്നീ പ്രശ്നങ്ങളെല്ലാം അനിശ്ചിതങ്ങളായിരിക്കുന്നു; മിക്കവാറും സുസ്ഥാപിതങ്ങളായ സിദ്ധാന്തങ്ങളെ ആധാരമാക്കി മാത്രമേ അവയ്ക്കു പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നുള്ളൂ" എന്നു കാത്തലിക് എൻസൈക്ലോപീഡിയാ പറയുന്നുണ്ടു്. പൗലൂസുമാപ്പിള ഉദ്ധരിക്കുന്നതുപോലെ "ഒന്നും നമുക്കറിഞ്ഞുകൂടാ"യെന്നു എൻസൈക്ലോപീഡിയാ പറയുന്നില്ല.

പത്രോസ് എത്രനാൾ റോമയിൽ താമസിച്ചുവെന്നു ഖണ്ഡിതമായി പറഞ്ഞുകൂടാ എന്നു പ്രസ്താവിക്കുന്നതുകൊണ്ടു അദ്ദേഹം റോമയിൽ ചെന്നിട്ടേയില്ലായെന്നു എങ്ങനെയാണു അർത്ഥമാകുന്നതു്. ശ്രീ പൗലൂസുമാപ്പിള എന്നു തൃപ്പൂണിത്തുറവന്നുവെന്നോ എത്രനാളായി അവിടെ താമസിക്കുന്നുവെന്നോ എനിക്കറിഞ്ഞുകൂടായെന്നു ഞാൻ പറഞ്ഞാൽ, അദ്ദേഹം തൃപ്പൂണിത്തുറ ചെന്നിട്ടേയില്ലായെന്നാണോ അതിനർത്ഥം?

ശ്രീ പൗലൂസുമാപ്പിള കത്തോലിക്ക എൻസൈക്ലോപീഡിയായെ, തന്റെ പ്രത്യാഖ്യാനത്തിനു് ഒരു ആധാരമായി സ്വീകരിച്ചിരിക്കുകയാണല്ലോ. "പ്രൊഫസർ കർച്ചു് വത്തിക്കാൻ അരമനയിൽനിന്നുതന്നെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന കാത്തലിക് എൻസൈക്ലോപീഡിയാ"യെന്നാണു് അദ്ദേഹം പറയുന്നതു്. അദ്ദേഹം കാത്തലിക് എൻസൈക്ലോപീഡിയാ കണ്ടിട്ടില്ലെന്നുള്ളതിനു മററു തെളിവുകളൊന്നും വേണ്ട. എന്തുകൊണ്ടെന്നാൽ, അതിന്റെ ഒന്നാംപേജിൽതന്നെ "ന്യൂയോർക്കു്" എന്നു തടിച്ച അക്ഷരത്തിൽ അച്ചടിച്ചിട്ടുണ്ടു്. ന്യൂയോർക്കിലെ റോബർട്ട് ആപ്പിൾട്ടൺ കമ്പനിയാണു് അതു പ്രസിദ്ധീകരിച്ചിരിക്കുന്നതു്. പ്രൊഫസർ കർച്ചു് ആണെങ്കിൽ, ഫ്റിബർഗ്ഗു് സർവ്വകലാശാലയിലെ ക്രിസ്ത്യൻ ആർക്കിയോളജി പ്രൊഫസറുമായിരുന്നു. വസ്തുതകളിങ്ങനെയിരിക്കെ "വത്തിക്കാൻ അരമനയിൽനിന്നുതന്നെ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന" എ

(ശേഷം 7-ാംപേജിൽ)

ആത്മകഥാകഥനം

# എന്റെ പുനരൈക്യചരിത്രം

(ടി. കെ. ജോൺ, തേക്കുംപാമ്പിൽ)

(തുടർച്ച)

കത്തോലിക്കാഗ്രന്ഥങ്ങൾ വായിക്കുന്തോറും ആ സഭയിലെ പണ്ഡിതന്മാരെപ്പററി— അവരുടെ ഭാഷ —അവരുടെ നിഷ്കന്മഷത —അവരുടെ നിസ്വാർത്ഥത ഇവ എന്നെ ഹഠാദാകർഷിക്കുകയായിരുന്നു. സുമംഗ്ഗപ്രകാശിക യിൽ കുട്ടിനാൽ ഭിബ്ബ്യൻ സ്ഥിരന്റെ പ്രൗഢഗംഭീരമായ—ഏറെയാചർജ്ജകമായ— അവതാരിക വായിക്കുന്ന ഏതൊരു കഠിനഹൃദയനും മനസ്സുതിരിഞ്ഞുപോകും.

സുമംഗ്ഗപ്രകാശിക വായിച്ചുകഴിഞ്ഞു ബ. പ്ലാസിഡച്ചന്റെ "അന്ത്യാക്യം പാത്രിയർക്കിസും, പൗരസ്ത്യസഭകളും" എന്ന ഗ്രന്ഥമാണു വായിച്ചതു് എന്നാണു് എന്റെ ഓർമ്മ. ഏതായാലും കുശാഗ്രബുദ്ധിയായ പ്ലാസിഡച്ചൻ എന്നെ വിട്ടില്ല. അദ്ദേഹം ഇതിനകം എന്നോടു ഏറെ അടുത്തുകഴിഞ്ഞിരുന്നു. പലതും ഞങ്ങൾ സംസാരിച്ചിട്ടുണ്ടു്. "ജോൺ ഇനിയും എന്നാണു് ചേരുന്നതു്" എന്നു ഒരു ചെറുപുഞ്ചിരിയോടുകൂടി എന്നോടു അദ്ദേഹം ചോദിച്ചു. അപ്രതീക്ഷിതമായ ഒരു ചോദ്യമായിരുന്നു അതു്. എന്റെ മാതൃസഭയെന്നു് അതുവരെ വിശ്വസിച്ചുവന്ന യാക്കോബായ സഭ വിട്ടു കത്തോലിക്കനാവുക എന്ന കാര്യം അപ്പോൾ മാത്രമാണു് എനിക്കു ചിന്തയ്ക്കു വിഷയമായതു്. അതുവരെ കേവലം ഒരു "ജിജ്ഞാസു" എന്ന നിലയിൽ പുസ്തകം കൈകാര്യം ചെയ്തിരുന്ന എനിക്കു് കത്തോലിക്കാസഭയിൽ എന്നാണു് ചേരുക എന്ന ചോദ്യം ഒരിടിത്തീപോലെ മർമ്മംപിളക്കുന്ന ഒന്നായി തോന്നി. എങ്ങനെയെങ്കിലും അച്ചന്റെ അടുക്കൽനിന്നു തപ്പിപ്പിഴച്ചാൽ മതിയെന്നു ഞാൻ ആഗ്രഹിച്ചു. ഞാൻ കുഴങ്ങി. എന്റെ ഹൃദയവികാരങ്ങളെ സൂക്ഷിച്ചുകാണുന്നതുപോലെ അദ്ദേഹത്തിന്റെ ആഴമുള്ള ദൃഷ്ടികൾ എന്നിൽ തന്നെ തറച്ചിരുന്നു. "എന്താണു് ഒന്നും മിണ്ടാത്തതു്?" അദ്ദേഹം വീണ്ടും ചോദിച്ചു. യേശുക്രിസ്തു സ്ഥാപിച്ച സഭ ഒന്നു്. അതിന്റെ അംഗമാകുകയെന്നുള്ളതാണു് ക്രിസ്തുവിന്റെ ഇഷ്ടം. അതു കത്തോലിക്കാസഭയല്ലാതെ മറെറാന്നുമല്ല. അതു സത്യമായി എനിക്കു ബോദ്ധ്യമാണു്. അതുകൊണ്ടു് കത്തോലിക്കനാകാൻ മനസ്സില്ല എന്നു ഞാൻ എങ്ങനെ മറുപടി പറയും. പല വികാരങ്ങൾക്കു ഞാൻ അടിമയായി. താമസിയാതെ മറുപടി പറയാം എന്നുപറഞ്ഞു അന്നു പിരിഞ്ഞു.

പുനരൈക്യത്തിനു പല തടസ്സങ്ങളാണു് എന്നെ വലയം ചെയ്തിരുന്നതു്. ഒന്നാമതു് എന്റെ മാതാപിതാക്കന്മാർ. അവരുടെ സമ്മതം ഇക്കാര്യത്തിനു് ഒരിക്കലും കിട്ടുകയില്ല. എന്റെ അമ്മ ഇപ്പോഴത്തെ കാതോലിക്കാ ബാവാ തിരുമനസ്സിലെ ഒരു ചാർച്ചക്കാരിയാണു്. ബാവാ തിരുമനസ്സുകൊണ്ടു അമ്മയുടെ ഈലോകത്തിലെ ഏററം വലിയ വിശ്വാസപാത്രവുമാണു്. അമ്മയുടെ സഹോദരന്മാർ, കവിയൂർ ചിറത്തലയ്ക്കൽ ബ. ഏലിയാസു് തോമ്മസച്ചൻ മുതൽപേർ, അമ്മയുടെ അനുജത്തിയുടെ ഭർത്താവു് മേമത്തിൽ സ്കറിയാ കത്തനാർ ആദിയായവർ, ഇവരെല്ലാം അമ്മയ്ക്കു ഏററം അഭിമാനപാത്രങ്ങളാണു്. ആ സ്ഥിതിക്കു അവരെയെല്ലാം വിട്ടിട്ടു കേവലം ബാലനായ എന്റെ വാക്കുകേട്ടു മാതൃസഭയായ യാക്കോബായ സഭ വിട്ടുവാൻ എന്നെ അനുവദിക്കുമോ? നിശ്ചയമായും ഇല്ല.

അപ്പൻ കല്ലുങ്കൽ തേക്കിൻകുടുംബക്കാരനാണു്. സ്വന്തം സ്ഥലത്തു് സ്വന്തം പണം മുടക്കി സ്വന്തകൈകൾകൊണ്ടു് അദ്ധ്വാനിച്ചു് പണികഴിപ്പിച്ചതാണു് മനോഹരമായ ഒരു ചെറുദൈവാലയം. ജീവനെപ്പോലെ സ്നേഹിക്കുന്ന ആ ദൈവാലയം വിട്ടു കത്തോലിക്കാസഭയിൽ ചേരുകയോ? സാമ്പത്തികമായി പരാജിതനെങ്കിലും വീട്ടുകാരുടെയും നാട്ടുകാരുടെയും ബന്ധുക്കളുടെയും സ്നേഹബഹുമാനാദരവുകൾക്കു പാത്രീഭൂതനായി അന്തസ്സിലും, അഭിമാനത്തിലും, ആഭിജാത്യത്തിലും മികച്ചുവിരാജിക്കുന്നവനമായ പിതാവു് —അവരെയെല്ലാം തറുമാറാക്കിയിട്ടു കത്തോലിക്കനാവുകയോ അതിനെന്നെ അനുവദിക്കുകയോ ചെയ്യാമെന്നുള്ള കാര്യം സ്വപ്നത്തിൽപോലും ചിന്തനീയമല്ല.

ഞാൻ യാക്കോബായക്കാരുടെ അഭിമാനസ്തംഭമായ M. G. M ഹൈസ്കൂളിൽ സ്കൂൾഫൈനൽ വിദ്യാർത്ഥിയായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. "റീത്തു്" എന്നുവച്ചാൽ "ബദ്ധശത്രു" എന്ന പദത്തിന്റെ പര്യായമായി പരിഗണിച്ചു സർവ്വശക്തികളും അതിന്റെ അധഃപതനത്തിനുവേണ്ടി പ്രയോഗിച്ചുകൊണ്ടിരിക്കുന്ന സ്കൂളുകൾ—റീത്തിനോടുള്ള സർവ്വപകയും അതിന്റെ മൂർദ്ധന്യത്തിൽ എത്തിയിരിക്കുന്ന കാലഘട്ടത്തിൽ M. G. Mലെ സ്ററുഡൻറായ ഞാൻ കത്തോലിക്കനായാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തു് എന്നെ ഭയാകുലനാക്കി. വേണമെങ്കിൽ എന്നെ ഡിറെറയിൻ ചെയ്തു അക്കൊല്ലം പരീക്ഷയ്ക്കു വിടാതിരിക്കാം. "ദുസ്സ്വഭാവി" എന്നോ മററാ മുദ്രകുത്തി എന്റെ സർട്ടിഫിക്കേററിൽ എഴുതിയിടാം. എന്തെങ്കിലും കാരണമുണ്ടാക്കി എന്നെ ഡിസ്മിസ ചെയ്തിക്കാം. അവരുടെ പക ഏതെല്ലാം പ്രകാരങ്ങളിലാണു ബഹിർഗമിക്കാൻ പാടില്ലാത്തതു്. ഞാൻ അങ്ങേയറ്റം ഭയന്നു. പക്ഷേ ഉന്നതനിലയിൽ നടത്തിവരുന്ന ഒരു വലിയ ഇൻസ്റ്റിററ്യൂട്ടിൽനിന്നും ഇപ്രകാരമുള്ള അന്തസ്സാരശൂന്യമായ പകവീട്ടൽ കേവലം ഒരു നിസ്സാരവ്യക്തിയായ അവിടത്തെ ഒരു വിദ്യാർത്ഥിയോടു ചെയ്യുമെന്നു ഞാൻ ശങ്കിച്ചതു് എന്റെ ബാലമനസ്സിന്റെ പരിപക്വതയില്ലായ്മ മാത്രമായിരുന്നു എന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

ഏതായാലും ദിവസങ്ങൾ പലതു അച്ചന്റെ അടുത്തേക്കു പോകാതെ കഴിഞ്ഞുകൂടി. ഒരിക്കൽ എങ്ങനെയോ അദ്ദേഹം എന്നെ കണ്ടുമുട്ടി. അദ്ദേഹം ഇങ്ങോട്ടു മുട്ടിക്കൂടുകയായി. എനിക്കു എതിരുപറയാൻ ഒരു ന്യായവും കാണുന്നില്ല. മനസ്സാക്ഷിയുള്ള ഒരുവനും കത്തോലിക്കാസഭയിൽ ചേരാതിരിക്കാൻ—സമാപാനം നടത്തിയശേഷം—ഒരു ന്യായവുമില്ലെന്നാണു് എന്റെ ദൃഢവിശ്വാസം. ഞാൻ ഒരു വ്യവസ്ഥയോടുകൂടി പുനരൈക്യത്തിനു സമ്മതിച്ചു. എന്റെ പഠിത്തം കഴിയുന്നതുവരെ എന്റെ പുനരൈക്യം രഹസ്യമായി സൂക്ഷിക്കണം. അച്ചനു കാര്യങ്ങൾ മനസ്സിലായി. "അതിനു ഒരു പ്രയാസവുമില്ലല്ലോ, ചേരുക" എന്നായി അച്ചൻ. 1931 നവംബർമാസത്തിൽ മാർ തെയോഫീലോസു് തിരുമേനിയുടെ മുറിയ്ക്കുള്ളിൽവച്ചു രഹസ്യമായി ഞാൻ കത്തോലിക്കാസഭാമാതാവിന്റെ മടിത്തട്ടിൽ അഭയം പ്രാപിച്ചു. ഇടറിയതൊണ്ടയോടും വിയർക്കുന്ന ശരീരത്തോടും വിറയ്ക്കുന്ന ചുണ്ടുകളോടും ഞാൻ കാതോലികവിശ്വാസപ്രതിജ്ഞ ഏററുചൊല്ലി. ആ അവസരം ഇന്നും ഞാൻ ഓർക്കുന്നുണ്ടു്. ഇപ്പോൾ ഞാൻ ഭാഗ്യവാനാണു്. എന്റെ അകത്തോലിക്കാ സഹോദരങ്ങൾ ഇപ്പോൾ എനിക്കനുഭവമായിരിക്കുന്ന ചാരിതാർത്ഥ്യവും സന്തോഷവും അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

ഈശോമിശിഹാ അരുളിച്ചെയ്ത കടുകുമണിയുടെ ഉപമ എന്റെ പുനരൈക്യം സാർത്ഥകമാക്കിയിരിക്കുകയാണു്. എന്റെ ജന്മസ്ഥലമായ കല്ലുങ്കൽദേശത്തു 25 വർഷങ്ങൾക്കുമുമ്പു കേവലം ഒരു കടുകുമണിസദൃശ്യം എന്റെ പുനരൈക്യത്തോടുകൂടി പാകിയ കത്തോലിക്കാ വിശ്വാസവിത്തു് ഏതാണ്ടു് 23 വർഷങ്ങളോളം യാതൊരു വളർച്ചയുമില്ലാതെ മരടിച്ചു നിരാശയുടെ അടിത്തട്ടുവരെ എത്തിയെങ്കിലും ഇന്നു് അതു തഴച്ചുവളർന്നു ഏതാണ്ടു് 200-ൽപരം അംഗങ്ങൾ ചേർന്ന ഒരു ഇടവകയായി ഉയർന്നിരിക്കുകയാണു്. ഒരു വൈദികനേയും ഒരു വൈദികവിദ്യാർത്ഥിയേയും രണ്ടു കന്യാസ്ത്രികളേയും ഈ സ്ഥലത്തുനിന്നു് കത്തോലിക്കാസഭയിൽ ഉയർത്തുവാൻ ദൈവം ഇതുവരെയായി കരുണചെയ്തിരിക്കുന്നു എന്നു കാണുമ്പോൾ "അവൻ എളിയവനെ പൂഴിക്കുന്നതോടുകൂടി ഉന്നതന്മാരുടെ കൂട്ടത്തിൽ നിന്നുയർത്തുകയും, മച്ചിയായവളെ സന്തോഷമുള്ള മക്കളുടെ മാതാവായി ഭവനങ്ങളിൽ വസിക്കുമാറാക്കുകയും ചെയ്തു" എന്ന പ്രാർത്ഥനയാണു് ഓർമ്മിക്കുക.


ESTD. 1927

# പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്

പാലാ

31-12-1955

| | |
|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,85,475 രൂപാ |
| കരുതൽ ധനം ... | 14,60,819 രൂപാ |
| ആകെ ഡിപ്പോസിററ് ... | 6,54,99,106 രൂപാ |
| രൊക്കമിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,18,32,059 രൂപാ |
| ഗവർമ്മെണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,01,20,173 രൂപാ |
| ആകെ മുതൽ ... | 7,10,39,655 രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 2096 (Rev)


## പുസ്തകാഭിപ്രായം

### കുട്ടികളുടെ വേദോപദേശം

(പ്രസാധകൻ: ഫാദർ ജി. എഫ്. മൂണ്ടൽ, നിർമ്മാൻ പ്രസ്, മൂണ്ടൽ, പുറം 112+8 വില 4 ണ)

അമേരിക്കയിലും ഇംഗ്ലണ്ടിലും മററും പ്രചാരം സിദ്ധിച്ചിട്ടുള്ള, ബിഷപ്പു് ലൂയിസു് മൊറോയുടെ വേദോപദേശഗ്രന്ഥത്തിന്റെ പരിഭാഷയാണു് ഈ കൃതി. റവ. സിസ്റ്റർ ലൂമൈവിക്കാ ബി. എ. എൽ. ടി. യാണു പരിഭാഷക. "കാര്യഗ്രഹണത്തിനു സഹായികുന്നതും അർത്ഥസംപുഷ്ടവും ലളിതവുമായ ചിത്രങ്ങൾ, അവയോടൊപ്പം കഥാകഥനം, പ്രായോഗികനിർദ്ദേശങ്ങൾ, പഠിച്ചതെല്ലാം വീണ്ടും ഓർത്തുനോക്കുവാൻ സഹായിക്കുന്ന ചോദ്യങ്ങൾ, മനഃപാഠമാക്കേണ്ടതായ ചോദ്യോത്തരങ്ങൾ ഇവയാണു് ഇതിലെ ഉള്ളടക്കം. ഇന്നു കേരളത്തിൽ പ്രചാരത്തിലുള്ള എല്ലാ വേദോപദേശപുസ്തകങ്ങളേയും അതിശയിക്കുന്നതും കുട്ടികൾക്കു് ഏററവും അനുയോജ്യമായതുമായ ഒരു രീതിയിലാണു് ഈ പുസ്തകം അനുസൃതം ചെയ്യപ്പെട്ടിട്ടുള്ളതു്" എന്നു പ്രസാധകൻ അഭിമാനിക്കുന്നു.

എല്ലാ വേദോപദേശപ്പുസ്തകങ്ങളേയും അതിശയിക്കുന്നതല്ലെങ്കിൽതന്നെയും, ഇതും ഒരു നല്ല വേദോപദേശപ്പുസ്തകമാണു്. പ്രത്യേകിച്ചു് ഇതു ചിത്രോദാഹൃതമാണെന്നുള്ളതു് ഒരു മെച്ചംതന്നെയാണു്. പക്ഷേ ചിത്രങ്ങൾക്കെല്ലാം ഒരു ആംഗ്ലേയച്ചുവയുണ്ടു്. മലയാളക്കരയിലെ കുട്ടികളിൽ ആ ചിത്രങ്ങൾ ഉദ്ദേശിക്കുന്നത്ര പ്രതിഭ ഉണ്ടാക്കുമോയെന്നു സംശയമാണു്. പല ചിത്രങ്ങളും ഒരു വ്യാഖ്യാനംകൂടാതെ എന്താണെന്നു തന്നെ കുട്ടികൾ മനസ്സിലാക്കുകയില്ല. "അവയ്ക്കു മനസ്സിലാകുകയുമില്ല രസിക്കുകയുമില്ല" എന്നു പ്രസാധകന്റെ ഭാഷയിൽ തന്നെ പറയാവുന്നതാണു്.

എന്നിരുന്നാലും വേദാദ്ധ്യയനത്തിനുതകുന്ന പുതിയ സമ്പ്രദായത്തിലുള്ള ഒരു പുസ്തകമെന്ന നിലയിൽ ഇതു സ്വാഗതാർഹമാണു്. കൂടുതലായ പ്രചാരണം ഉദ്ദേശിച്ചായിരിക്കണം ഇതിനു ഇത്ര മായ വിലതന്നെ നിശ്ചയിച്ചിരിക്കുന്നതു്. ചെറിയ വേദോപദേശംകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഇത്തരം പുസ്തകങ്ങൾകൂടി തങ്ങളുടെ കുട്ടികൾക്കു വാങ്ങിക്കൊടുക്കുവാൻ മാതാപിതാക്കന്മാർ ഉത്സാഹിക്കേണ്ടതാണു്.

(Jom)

## വിനോദവീഥി




"എന്റെ ഉറക്കത്തിലെ പല്ലുഞെരിക്കൽ മാററാൻ ഞാനും എന്റെ ഭാര്യയും വിചാരിച്ചിട്ടു പററുന്നില്ല ഡോക്ടർ. താങ്കൾ വിചാരിച്ചാൽ വല്ല വഴിയുമുണ്ടോ?"

"ഓഹോ! ഈ പല്ലെല്ലാമങ്ങു കളഞ്ഞു് പുതുതായൊരു സെററു വയ്ക്കണം. അതു ഉറങ്ങുമ്പോൾ എടുത്തു വെച്ചേച്ചാൽമതി. പിന്നെ ശബ്ദമേ ഉണ്ടാവില്ല."

* * *

ജാക്ക്:- മേം, ഇന്നു വളരെ വിഷാദത്തോടെയാണല്ലോ ദന്താശുപത്രിയിൽനിന്നു മടങ്ങുന്നതു്? എന്തുപററി, ബിൽ കൂടിപ്പോയോ?

മേം:- അതല്ല. ഓരോ പല്ലു പറിക്കുമ്പോഴും വേദനതോന്നാതിരിക്കുവാൻ ഡോക്ടർ ഓരോ ഗ്ലാസു് നല്ല കുടിസാധനം തരുമായിരുന്നു.

ജാക്ക്:- ഇനി തരികയില്ലെന്നു പറഞ്ഞോ?

മേം:- പറഞ്ഞില്ല. പക്ഷേ, എന്റെ പല്ലെല്ലാം പറിച്ചു തീർന്നുപോയി.

X X X

വിരുന്നാരംഭിക്കുന്നതിനുമുമ്പു പിയാനോ വായിച്ചുകൊണ്ടിരുന്ന ആതിഥേയ ഒരു മാന്യാതിഥിയോടു ചോദിച്ചു: "മി. സിംസൺ, ഞാൻ "ബേസ്റ്റിബോട്ടിൽ" ഒന്നടിക്കട്ടെ, നിങ്ങൾക്കു ട്യൂൺ ഇഷ്ടമാണോ?

മി. സിംസൺ:- ഞാൻ ഷാപ്പിൽവച്ചു ഒരു ബോട്ടിൽ അടിച്ചു. സാരമില്ല ഒന്നുകൂടി ആയാലും കുഴപ്പമില്ല.

Reg. No. M. 2298

# Sathya Deepam

Vol. 29 Ernakulam June 13 1956 No. 42



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




ആദവും ഹവ്വായും പറുദീസായിൽ ആനന്ദമായി ജീവിച്ചിരുന്ന കാലത്തെപ്പററി നിങ്ങൾ വേദചരിത്രത്തിൽ പഠിച്ചിട്ടുണ്ടല്ലോ. ദൈവം ഇഷ്ടപ്പെട്ടതു സ്വാഭാവികമായി അവരും ഇഷ്ടപ്പെട്ടിരുന്നു. അങ്ങിനെ അവർ യാതൊരാകുലതയുംകൂടാതെ സന്തുഷ്ടരായി കഴിഞ്ഞുകൂടി. പിശാചു അതിനിടയിൽ കടന്നുകൂടി കലക്കമുണ്ടാക്കാൻ. ദൈവേഷ്ടത്തെ—ദൈവപ്രമാണത്തെ ധിക്കരിച്ചാലെന്താ? അതവർക്കൊരു പ്രശ്നമായി. ആ വ്യാമോഹത്തെ തള്ളിക്കളഞ്ഞു പിശാചിനെ തോല്പിച്ചോടിക്കേണ്ടതായിരുന്നു അവരുടെ കടമ. അതിനുള്ള സ്വാതന്ത്ര്യവും വരപ്രസാദത്തിന്റെ പിന്തുണയും അവർക്കുണ്ടായിരുന്നു. പക്ഷെ അവർ വഞ്ചിതരായി, സ്വാതന്ത്ര്യത്തെ വ്യഭിചരിച്ചു, ദൈവപ്രമാണത്തെ ധിക്കരിച്ചു "എന്റെ ഇഷ്ടം നടക്കട്ടെ" അതായിരുന്നു തീരുമാനം. അധഃപതനത്തിലേക്കുള്ള ആദ്യത്തെ വഴുതിവീഴൽ, അതെത്ര ഭയാനകമായിരുന്നു എന്നും അതിന്റെ അനന്തരഫലങ്ങൾ എത്രദൂരവ്യാപകങ്ങളും ദാരുണങ്ങളുമായിരുന്നു എന്നും ചരിത്രം അനുദിനസംഭവങ്ങളിൽ വരച്ചുകാണിക്കുന്നു, നാം പഠിക്കുവാൻ വേണ്ടി.

വേറൊരു വശത്തേക്കു നോക്കുക. പരിത്രാണനത്തിന്റെ ചരിത്രത്തിലേക്ക്. മനുഷ്യാവതാരത്തിനു കാലമായി. പരിശുദ്ധപരമത്രിത്വത്തിലെ രണ്ടാമാൾ കന്യകമറിയത്തിന്റെ പരിപാവനമായ ഉദരത്തിൽ മനുഷ്യത്വം സ്വീകരിക്കണം. ഗബ്രിയേൽദൂതൻ വരുന്നു. മംഗലവാർത്ത അറിയിക്കുന്നു. എന്നാൽ അതു നിവൃത്തിയാകുവാൻ സർവ്വസ്വാതന്ത്ര്യമായ ഒരു സമ്മതം വേണം. അമലമനോഹരിയായ ആ കന്യകാരത്നം പറയുകയാണ്, "കർത്താവിന്റെ ദാസിയിതാ, അങ്ങേ ഇഷ്ടം നിറവേറട്ടെ." പരിത്രാണനചരിത്രം മുമ്പോട്ടു പോവുകയാണ്. ഗാഗുൽത്തായിലെ പരമയജ്ഞത്തിനു സമയമായി. ദിവ്യകുഞ്ഞാടായ ക്രിസ്തു ഗത്സേമൻ തോട്ടത്തിൽ മുട്ടിന്മേൽനിന്നു പരമപിതാവിനോടു പ്രാർത്ഥിക്കുകയാണ്; "പിതാവേ, കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നകന്നുപോകട്ടെ; എന്നാൽ എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നിറവേറട്ടെ." അവിടുത്തെ ഇഷ്ടം നിറവേറി. മനുഷ്യരക്ഷ സാധിച്ചു.

"ഇഷ്ട"ത്തിനു മാനവചരിത്രത്തിൽ വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ട്. നമ്മുടെ ഇഷ്ടത്തിനും അതിൽ ഗണ്യമായ പങ്കുണ്ട്; അതുപോലെ ഓരോ വ്യക്തിയുടേതിനും. യഥാർത്ഥത്തിൽ ഈ ഇഷ്ടത്തിന്റെ വിനിയോഗത്തെ ആശ്രയിച്ചാണ് ഓരോ വ്യക്തിയുടേയും രക്ഷ അഥവാ നാശം നിലകൊള്ളുന്നതു്. സ്രഷ്ടാവായ ദൈവത്തിന്റെ ഇഷ്ടത്തോടൊത്തു നമ്മുടെ ഇഷ്ടത്തെ നാം ഏകീഭവിപ്പിച്ചാൽ നാം സുരക്ഷിതരായി; അതിൽനിന്നു വ്യതിചലിച്ചു തന്നിഷ്ടക്കാരായാൽ അധഃപതനത്തിലുമായി. ഇതൊരു ഗൗരവമായ കാര്യമല്ലേ? നിങ്ങൾ അതിന്റെ ഗൗരവത്തെപ്പററി ചിന്തിച്ചിട്ടുണ്ടോ?

ഈശോയുടെ "ഇഷ്ടം" അവളുടെ ഇഷ്ടമായി സ്വീകരിച്ചു്, സ്നേഹമാതാവിനെ സ്വർഗ്ഗസൗഭാഗ്യത്തിലേക്കു മംഗളമാശംസിച്ചു പറഞ്ഞയക്കാൻ തയ്യാറായി നില്ക്കുന്ന കുഞ്ഞു ജെമ്മായിൽനിന്നു വിലതീരാത്ത ഈ പാഠം നമുക്കു പഠിക്കാം. നമ്മുടെ ഓരോ പ്രവൃത്തിയിലും നമുക്കു പറയാം "സ്നേഹഈശോ, അങ്ങെ ഇഷ്ടം നിറവേറട്ടെ" എന്നു്. അതനുസരിച്ചു അചഞ്ചലമായി നമുക്കു പ്രവർത്തിക്കാം.

രാവിലെ എഴുന്നേല്ക്കുമ്പോൾ അതിയായ തണുപ്പും മഴയും കാററും അലട്ടുന്ന കാലമാണല്ലോ വർഷം. പള്ളിയിൽ പോകുന്നതിനു മടിതോന്നുന്നുണ്ടാകും. സ്കൂളിൽ പോകാനും വരാനും ബുദ്ധിമുട്ടു്. വീട്ടിൽ മാതാപിതാക്കന്മാരും സ്കൂളിൽ അദ്ധ്യാപകന്മാരും നമ്മെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യുമ്പോൾ നമുക്കതിഷ്ടപ്പെട്ടെന്നു വരികയില്ല. കൂട്ടുകാരുമായുള്ള ഇടപാടുകളിൽ എന്തെല്ലാം അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നു. ഇങ്ങനെ അനുദിനജീവിതത്തിൽ പലതും കാണും. ഈ അവസരത്തിലോരോന്നിലും നാം ചിന്തിക്കണം, ഈശോയുടെ ഇഷ്ടമെന്താണെന്നു്. നമുക്കിഷ്ടമായാലും ഇല്ലെങ്കിലും അതു നിറവേററണം. അതിലാണു വിജയം.

വല്യേട്ടൻ.




### 73-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—അഹങ്കാരം.

### പ്രശ്നം നമ്പ്ര് 74

(പി. പി. ജോണി, Reg. No 14)

ഞാൻ ചന്തയിൽ പോയി 12 ചെറിയ ചക്കപ്പഴങ്ങൾ വാങ്ങി രണ്ടു ചാക്കിൽ 6 വീതം കെട്ടി വീട്ടിലേക്കു തിരിച്ചു. വഴിക്കു 6 കടത്തുകൾ കടക്കണം. ഓരോ കടത്തിലും ചാക്കൊന്നിനു ഒരു ചക്കവീതം കടത്തുകാരനു കൊടുക്കാതെ അയാൾ കടത്തിവിടുകയില്ല. ഞാനാലോചിച്ചപ്പോൾ എന്റെ ചക്കയെല്ലാം കടത്തുകാർ കൈക്കലാക്കുമെന്നു കണ്ടു. എന്തെങ്കിലും ബാക്കി കിട്ടിയില്ലെങ്കിൽ കഷ്ടമാകുമല്ലോ എന്നു കരുതി ഞാനൊരു കൗശലം കണ്ടുപിടിച്ചു. വീട്ടിൽ മടങ്ങിയെത്തിയപ്പോൾ മൂന്നു ചക്ക എനിക്കു ബാക്കികിട്ടി. ഞാനുപയോഗിച്ച മാർഗ്ഗമെന്താണെന്നു പറയാമോ?

(ഉത്തരം അടുത്തതിൽ)


## ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

അങ്ങിനെ അടച്ചിരുന്ന സ്കൂൾ കതകുകളെല്ലാം തുറന്നു. അദ്ധ്യാപകന്മാരും, കുട്ടികളും, പുസ്തകക്കച്ചവടക്കാരും, രക്ഷകർത്താക്കളും, കടക്കടക്കാരും, തയ്യൽക്കടക്കാരും എല്ലാം വീണ്ടും ഉഷാറായിരിക്കയാണ്.

പുതുക്ലാസിലേക്കു കയറിയവർ, പഴയക്ലാസിൽതന്നെ ഒതുങ്ങി നാണിച്ചു കൂടിയിരിക്കുന്നവർ, കോളേജിലേക്കോട്ടക്കാർ, ഉദ്യോഗത്തിനായി ഉടുപ്പിട്ടിറങ്ങുന്നവർ, പാടത്തേക്കു കുതിക്കുന്നവർ, അമ്മായിവീട്ടിൽ വളഞ്ഞുകൂടുന്നവർ അങ്ങിനെ വിദ്യാർത്ഥികൾ പല പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. ഒരു സ്കൂൾവർഷം കഴിഞ്ഞല്ലോ. ഈ വർഷം വിശേഷാൽ നിങ്ങളെ എന്തെങ്കിലും പാഠം പഠിപ്പിച്ചോ ആവോ!

നമ്മുടെ കൂട്ടത്തിലൊരു തോററ തോമാക്കുഞ്ഞുണ്ടു്. അവനൊരു പാവമാണ്. അവനിവർഷാവസാനപ്പരീക്ഷയ്ക്കു തോററുപോയി. അവനാ പേപ്പറാത്തിയോടുകൂടി നോക്കി. അവന്റെ നമ്പരവിടെ കാണാത്തപ്പോഴെന്തു വേദന അനുഭവിച്ചെന്നോ? അവന്റെ ഒരു കൊല്ലവും, രക്ഷാകർത്താക്കളുടെ പ്രതീക്ഷകളും പണവും എല്ലാം അവന്റെ പരാജയത്തോടെ പമ്പകടന്നിരിക്കുന്നു. തോമാക്കുഞ്ഞിന്റെ തോൽവി മ



"ഞ" അങ്ങേലെ വറീതും, കോട്ടേലെ പാപ്പനും എടശ്ശേരിലെ ഏലിയാമ്മേം തോററു"

ററുള്ളവർക്കു പല പാഠങ്ങളും പറഞ്ഞുതരുന്നുണ്ടു്.

"എന്താടാ തോമാക്കുഞ്ഞേ, നീ തോറേറാ"—അവന്റെ അപ്പച്ചൻ ചോദിച്ചു.

"ഉം, അങ്ങേലെ വറീതും, കോട്ടേലെ പാപ്പനും, എടശ്ശേരിലെ ഏലിയാമ്മേം തോററു."

എന്താ നിങ്ങളാരെങ്കിലുമാണെങ്കിൽ ഇങ്ങനെ ഉത്തരം പറയുമോ?

ഇവിടെ മററാരെങ്കിലും എന്തു ചെയ്യുന്ന അന്വേഷണമല്ല വേണ്ടതു്. അവനവനെന്തു ചെയ്തു? എന്തനുഭവിച്ചു എന്നതാണ് പറയേണ്ടതു്. മററുള്ളവരുടെയെങ്കിലും കുററങ്ങളും കുറവുകളും കണ്ടുപിടിക്കാൻ നിങ്ങളുടെ സമയം പാഴാക്കാതെ സ്വയം സ്വന്തം കുററങ്ങൾ കണ്ടുപിടിക്കയും അവയെ തിരുത്തുകയും ചെയ്യുക. അതാണ് തോമാക്കുഞ്ഞിന്റെ ആദ്യത്തെ ഉത്തരത്തിൽനിന്നും പഠിക്കാനുള്ളതു്.

ഭാവി നമുക്കുവേണ്ടി തനിയെ ഒന്നുമുണ്ടാക്കിത്തരില്ല. ഭാവിയെ നാം നമ്മുടെ ഇഷ്ടംപോലെ ആക്കിത്തീർക്കുകയാണ് വേണ്ടതു്. ഒന്നും ചെയ്യാതിരിക്കുന്ന ഒരാൾ 10 കൊല്ലം കഴിഞ്ഞാലും അങ്ങിനെ വൃഥാ ഇരിക്കേണ്ടിവരും. നേരെമറിച്ച് പത്തുകൊല്ലം കഴിയുമ്പോഴേക്കും നല്ലൊരു ഡോക്ടറാവണമെന്നോ പ്രൊഫസറാകണമെന്നോ എഞ്ചിനീയറാകണമെന്നോ മന്ത്രിയാകണമെന്നോ വിചാരിച്ചു് അതിനുവേണ്ടി കഠിനമായി പ്രയത്നിച്ചാൽ മാത്രമേ 10 കൊല്ലം കഴിയുമ്പോൾ അങ്ങിനാകയാവുള്ളു. തോമാക്കുഞ്ഞു് വേണ്ടതരത്തിൽ പഠിക്കയുണ്ടായില്ല. അവൻ കുളം തേവാനും മീൻകറി കൂട്ടാനും സിനിമാ കാണാനും പറങ്കിയണ്ടിപറിക്കാനും കൂലിക്കെടുത്തു സൈക്കിളോടിക്കാനും കൂട്ടുകാരൊത്തു പുഴയിൽ ചാടാനുമൊക്കെയാണ് പഠിക്കാനുള്ള സുവർണ്ണാവസരങ്ങളെല്ലാംകൂടി ചെലവഴിച്ചിരുന്നതു്. അവൻ ജയിക്കാത്തതിലെന്താണതിശയം.

പ്രയത്നിക്കാത്തവനു് കൂലിയില്ല. തോമാക്കുഞ്ഞിനു് പ്രയത്നിക്കാതെ ഒരു വിജയം കിട്ടിയിരുന്നെങ്കിൽ അതനേകംപേരെ ചീത്തവഴിയിലേക്കും ചീത്തവിശ്വാസത്തിലേക്കും നയിക്കുമായിരുന്നു. ജയിച്ചവരെയൊക്കെ കുഞ്ഞമ്മാവൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു. തോററവരെ കണ്ണുതുറന്നു ഒരു പാഠം നന്നായി പഠിക്കാൻ കുഞ്ഞമ്മാവൻ അനുസ്മരിപ്പിച്ചുകൊള്ളട്ടെ! തോററവരിനിയും പഠിച്ചോളൂ. നന്നായി പ്രയത്നിച്ചോളൂ. ഒരു സ്കൂൾവർഷം തോററവരാണല്ലോ എന്നു കരുതി നിങ്ങളെ എടുത്തു അടുത്ത ക്ലാസിലേക്കെറിഞ്ഞേക്കുമെന്നൊന്നും ഇനി വിശ്വസിച്ചേക്കല്ലേ. പഴുത്തിരിക്കുന്ന ചിമ്മിനി പൊള്ളുമെന്നു പറഞ്ഞാൽ വിശ്വസിക്കാത്ത കുഞ്ഞു തൊട്ടുനോക്കുമ്പോൾ തനിയെ അറിയും.

നിങ്ങളുടെ മനസ്സ് നല്ല ചിന്തകളെക്കൊണ്ടു് നിറയട്ടെ. ചീത്ത സങ്കല്പങ്ങളും ചീത്തസ്വഭാവങ്ങളും നിങ്ങളിൽനിന്നു് പറിച്ചു കടലിലേക്കെറിഞ്ഞേക്കു. വളർന്നുവരുമ്പോൾ, പ്രായപൂർത്തിവരുമ്പോൾ നിങ്ങളെങ്ങിനെയായിരിക്കണമെന്നോ? കറയററ ആകർഷകത്വനിറഞ്ഞ സൗശീല്യങ്ങൾ തിളങ്ങുന്ന, ആരോഗ്യൈശ്വര്യങ്ങൾ മുററിത്തുളുമ്പിനില്ക്കുന്ന നല്ല മനുഷ്യർ!

സ്നേഹപൂർവ്വം നിങ്ങളുടെ
സ്വന്തം കുഞ്ഞമ്മാവൻ

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-I